LP
R61

2448
XXVII

C. L. S. Series—3.



# വിശുദ്ധ റീത്താ

HOUSE OF STUDIES
CANCELLED

(പരിഷ്കരിച്ച പുതിയ പതിപ്പ്)

DEFINITORY T. O. C.
No. 41 S-3
LIBRARY.
LP
R61
DHARMARAM COLLEGE LIBRARY
1649
M-4

ഗ്രന്ഥകർത്താ
കേ. എ. പോൾ.

# വിഷയവിവരം


1. സമർപ്പണം
2. മുഖവുര
3. അവതാരിക
4. ജന്മദേശം
5. മാതാപിതാക്കൾ
6. ജനനം
7. ജ്ഞാനസ്നാനം
8. ബാല്യം
9. സന്ന്യാസവാസന
10. വിവാഹം
11. ഭർത്താവിന്റെ മാനസാന്തരം
12. രണ്ടു പുത്രന്മാർ
13. ഭർത്താവു വധിക്കപ്പെട്ടതു
14. മക്കളുടെ മരണം
15. മറെറാരത്ഭുതംകൊണ്ടു മഠത്തിൽ!
16. മാതൃകാസന്ന്യാസിനി
17. നെറിയിലെ മുറിവു്
18. റോമയിലേയ്ക്കുള്ള തീർത്ഥയാത്ര
19. ജീവിതാന്ത്യം
20. വിശുദ്ധപദസിദ്ധി
21. നവനാളിനും മറുമുള്ള ജപങ്ങൾ

To

His Excellency

**THE MOST REV. JOSEPH ATTIPETTY**

**Ph. D., D. D.,**

ARCHBISHOP OF VERAPOLY

IN HAPPY MEMORY OF HIS SOLEMN CONSECRATION

BY

**HIS HOLINESS POPE PIUS XI**

AT ROME

On the Feast of the Most Holy Trinity, June 11, 1933

AND IN HEART-FELT GRATITUDE

TOWARDS THE ITALIAN CLERGY AND LAITY

FOR THE HONOUR THEY HAVE DONE

TO

THE FIRST INDIAN ARCHBISHOP

CONSECRATED

**BY THE SUPREME PONTIFF**

THIS LITTLE BOOK ON THE LIFE OF

**A GREAT ITALIAN SAINT,**

**SAINT RITA OF CASCIA,**

IS MOST RESPECTFULLY DEDICATED

BY

THE AUTHOR.

# മുഖവുര

വിശുദ്ധ റീത്തായുടെ ജീവചരിത്രത്തിന്റെ രണ്ടാം പതിപ്പാണിതു്. ഇതിന്റെ ഒന്നാം പതിപ്പു പരസ്യപ്പെട്ടത്തിയതു് 1933-ലായിരുന്നു. വിശുദ്ധ റീത്തായുടെ ചരിത്രത്തെ വിഷയമാക്കി മലയാളഭാഷയിൽ ആദ്യമായി പ്രസിദ്ധീകരിച്ച ഈ പുസ്തകം വീണ്ടും അച്ചടിച്ചു കിട്ടണമെന്നു ആഗ്രഹിക്കുന്ന പലരുമുണ്ടു്. അവരുടെ ആഗ്രഹം സാധിച്ചു കൊടുക്കുവാൻ സപ്പലും വിളംബം നേരിട്ടതിൽ ഞാൻ അവരോടു് മാപ്പപേക്ഷിച്ചുകൊള്ളുന്നു. ഒന്നാം പതിപ്പു് ആകെയൊന്നു പരിഷ്കരിച്ചു കുറെ പുതിയ സംഗതികളും കൂടി ചേർത്താണു് ഈ പതിപ്പു പരസ്യപ്പെടുത്തുന്നതു്. അങ്ങനെ ഉള്ളടക്കം വർദ്ധിപ്പിക്കുകയും, വായനയുടെ സുഗമതയ്ക്കുവേണ്ടി വലിയതരം ടൈപ്പു് ഉപയോഗിക്കുകയും ചെയ്തതുകൊണ്ടു് പുസ്തകം മുമ്പിലത്തേക്കാൾ വലുതായിട്ടുമുണ്ടു്. ''കത്തോലിക്കാസാഹിത്യനിലയ''ത്തിൽ നിന്നുള്ള പ്രഥമ പ്രസിദ്ധീകരണങ്ങളിൽ ഒന്നായിരുന്നുവല്ലോ വിശുദ്ധ റീത്തായുടെ ചരിത്രം. ഇതിനകം പലേ പുസ്തകങ്ങളുടേതായിട്ടു ആകെ 35,000-ൽ പരം പ്രതികളും ഈ 'സാഹിത്യനിലയ'ത്തിൽ നിന്നു് പരസ്യപ്പെടുത്തിക്കഴിഞ്ഞിട്ടുണ്ടു്. അവയിൽ കുറെയെല്ലാം സൗജന്യമായി വിതരണം ചെയ്യുകയാണുണ്ടായതെന്നു് അഭിമാനിക്കുവാനും കഴിയും. ഉദാരമതികളായ സഹൃദയരുടെ സഹായസഹകരണങ്ങളുണ്ടാകുന്നപക്ഷം ഈ പ്രസിദ്ധീകരണപ്രസ്ഥാനം പൂർവ്വാധികം ഊർജ്ജിതമായി തുടർന്നുകൊണ്ടിരിക്കാൻ സാധിക്കുമെന്നാണു് ആശിക്കുന്നതു്.

റീത്താപുണ്യവതിയുടെ ഈ ചരിത്രഗ്രന്ഥം രചിക്കുന്നതിന് മറ്റാരേക്കാളുമധികം എന്നെ പ്രേരിപ്പിക്കുകയും, ഇതിന്ന് ഒരു അവതാരിക എഴുതിത്തരികയും ചെയ്തിരുന്ന ആ മഹിതാശയൻ ഇതിനകം മരണയവനയിൽ മറഞ്ഞുപോയി. കൊച്ചി ഹൈക്കോർട്ടിലെ ചീഫ് ജസ്റ്റിസ് പദം അലങ്കരിച്ചിരുന്ന ശ്രീമാൻ വി. ഡി. ഔസേപ്പ് ബി. എ. ബി. എൽ. അവർകളുടെ ദുഃഖഹേതുകമായ നിര്യാണത്തെയാണ് ഞാൻ ഇവിടെ അനുസ്മരിക്കുന്നത്. 1940 ജനുവരി 18-ാം തിയ്യതി മേൽപറഞ്ഞ ഹൈക്കോടതിയിൽത്തന്നെ ഒരു വ്യവഹാരത്തിലേർപ്പെട്ടുകൊണ്ടിരിക്കുമ്പോഴാണല്ലോ അദ്ദേഹം പെട്ടെന്ന് കാലധർമ്മം പ്രാപിച്ചത്. വിശുദ്ധ റീത്തായുടെ ഒരുത്തമ ഭക്തനും, ആ പുണ്യവതിയുടെ നേർക്കുള്ള ഭക്തിയുടെ ഒരു വലിയ പ്രഘോഷകനും, ഈ പുസ്തകത്തിന്റെ പുറപ്പാടിന ഒരു പ്രധാന പ്രേരകനുമായിരുന്ന ആ സമുദായ നായകന്റെ നാമധേയത്തോട് ഈ ഗ്രന്ഥത്തിനുള്ള ബന്ധത്തെ ഞാൻ ഇവിടെ കൃതജ്ഞതാപൂർവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു. അപ്രകാരം തന്നെ വിനീതങ്ങളായ ഈദൃശ സാഹിത്യപരിശ്രമങ്ങൾക്ക് എന്നെ പ്രാപ്തനാക്കിയ എന്റെ പ്രിയ പിതാവിന്റെ — ശ്രീമാൻ കൊല്ലംപറമ്പിൽ പൈലി അലക്സാണ്ടർ അവർകളുടെ — നിര്യാണവിവരവും (1940 ഒക്ടോബർ 28-ാം നു- യായിരുന്ന എന്റെ പ്രിയ പിതാവിന്റെ നിര്യാണം) ഇവിടെ രേഖപ്പെടുത്തുന്നതിന് ഞാൻ ആഗ്രഹിക്കുകയും, ഈ പുസ്തകം വായിക്കുവാനിടവരുന്ന ഭക്തജനങ്ങളും മേൽപറഞ്ഞ രണ്ടുപേരുടേയും ആത്മവിശ്രാന്തിയ്ക്കായി പ്രാർത്ഥിപ്പാറാകണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

വിശുദ്ധ റീത്തായുടെ ജീവചരിത്രം ഏതു ജീവിതസ്ഥിതിക്കാർക്കും ധാരാളം പാഠങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്ന ഒന്നാണെന്നു എടുത്തു പറയേണ്ടതില്ലല്ലോ. കുട്ടികൾക്കും, കന്യകകളായ യുവതികൾക്കും, ഭാര്യമാർക്കും, മാതാക്കൾക്കും, വിധവകൾക്കും, സന്ന്യാസജീവിതം സ്വീകരിക്കുന്നവർക്കും, എന്നു വേണ്ടാ എല്ലാ ജീവിതസ്ഥിതിയിലുള്ളവർക്കും പറ്റിയ ധാരാളം മാതൃകകൾ ഈ പുണ്ന്യാത്മാവിന്റെ ചരിത്രത്തിൽ വ്യക്തമായി കാണാം. കുടുംബജീവിതസ്ഥിതിക്കാർക്കു പ്രത്യേകം മാതൃകയാവാൻ പറ്റിയ ഒരു പുണ്ന്യാത്മാവിന്റെ ചരിത്രം രചിക്കണമെന്നു്, ഞാൻ 'ചൈതന്യപുഷ്പ'ത്തിന്റെ പത്രാധിപത്യം വഹിച്ചിരുന്നകാലത്തു് 'കത്തോലിക്കാ കുടുംബം' എന്നാ പുസ്തകം എഴുതിക്കൊണ്ടിരുന്ന അവസരങ്ങളിൽ ആഗ്രഹിച്ചിരുന്നതാണു്. വിശുദ്ധ റീത്തായുടെ ചരിത്രം എഴുതുവാനിടയായപ്പോൾ ആ ആഗ്രഹത്തിനു് ഇരട്ടിയായ സാഫല്യം സിദ്ധിച്ചുവെന്നുള്ള കൃതാർത്ഥതയാണു് എനിക്കുണ്ടായതു്. വിശുദ്ധ റീത്തായുടെ ഈ ചരിത്രം കുടുംബംതൊട്ടു് കന്യകാമഠംവരെയുള്ള സകല സ്ഥാപനങ്ങൾക്കും, സകല ജീവിതസ്ഥിതിക്കാർക്കും അത്യന്തം ഉപയോഗപ്രദമായ ഒന്നാണല്ലോ. ജാതിമതഭേദംകൂടാതെ എല്ലാവർക്കും ധാരാളം പാഠങ്ങൾ എടുക്കാവുന്ന ഈ ചരിത്രത്തിന്റെ പുതിയ പതിപ്പിനെ കേരളീയരുടെ സൗഹൃദമായ സ്വീകരണത്തിന്നായി സമർപ്പിച്ചുകൊള്ളുന്നു.

കത്തോലിക്കാ
സാഹിത്യനിലയം
19—3—41.

കെ. എ. പോൾ

# അവതാരിക.

(ഒന്നാം പതിപ്പിന്റെ)

"വിശുദ്ധ റീത്തായുടെ ചരിത്രം" എന്ന ഈ ചെറു പുസ്തകത്തെ കേരളീയരുടെ മുമ്പിൽ അവതരിപ്പിക്കുകയെന്ന കൃത്യം നിർവ്വഹിക്കുന്നതിൽ എനിക്ക് വലിയ സന്തോഷവും അഭിമാനവും ഉണ്ട്. പുണ്യാത്മാക്കളുടെ ചരിത്രം പലതും മലയാളഭാഷയിൽ വന്നിട്ടുണ്ടെങ്കിലും, എല്ലാ ജീവിതസ്ഥിതിയിലുള്ളവർക്കും ഒന്നുപോലെ ഉപകാരമുള്ള ഒരു ചരിത്രം വേറെയധികം ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നില്ല.

വിശുദ്ധ റീത്തായുടെ ചരിത്രത്തിനുള്ള വിശേഷം ഇതാണ്: എല്ലാ ജീവിതസ്ഥിതിയിലുള്ളവർക്കും എല്ലാ തരക്കാർക്കും, തങ്ങളുടെ വിഷമങ്ങളെ ജയിച്ച് സുകൃത ജീവിതം കഴിക്കാനുള്ള മാതൃക ഈ ചരിത്രത്തിൽ അടങ്ങിയിട്ടുണ്ട്. കുട്ടികൾക്കും, ചെറുപ്പക്കാർക്കും, വിവാഹ ജീവിതത്തിൽ ഏർപ്പെട്ടവർക്കും, ഭാര്യമാർക്കും, മാതാക്കൾക്കും, വിധവകൾക്കും, സന്ന്യാസം കൈക്കൊള്ളുന്നവർക്കുമൊക്കെ അവരുടെ പ്രയാസങ്ങളിൽ ആശ്വാസവും, വിജയത്തിൽ പ്രത്യാശയും, ജീവിതയാത്രയിൽ മാർഗ്ഗനിർദ്ദേശവും നൽകുന്നുണ്ടെന്നുള്ളതാണ് ഈ ചരിത്രത്തിനുള്ള പ്രത്യേക വൈശിഷ്ട്യം.

ഇങ്ങനെ ഉപകാരപൂർണ്ണമായ ഒരു ചരിത്രത്തെ, നമ്മുടെ ഒരു നല്ല എഴുത്തുകാരനും വാഗ്മിയുമായ ശ്രീമാൻ കേ. എ. പോൾ അവർകൾ വളരെ വിജ്ഞാനപ്രദമായും ഭംഗിയായും ഈ ഗ്രന്ഥത്തിൽ പ്രകാശിപ്പിച്ചിട്ട

ണ്ടെന്നു് ഈ പുസ്തകം ഒരിക്കൽ വായിക്കുന്നവരെല്ലാവരും സമ്മതിക്കുന്നതാണു്. വിശുദ്ധ റീത്തായുടെ ചരിത്രഗ്രന്ഥങ്ങൾ ഇംഗ്ലീഷിലുള്ളവ പലതും നോക്കി അവയിലെ കഥാസാരം എടുത്തു് സന്ദർഭോചിതങ്ങളായ പല ഉദ്ബോധനങ്ങളും സഭാചരിത്രവിവരങ്ങളും ചേർത്തു് മി: പോൾ സാമാന്യം സ്വതന്ത്രനിലയിൽ എഴുതിയിട്ടുള്ള ഈ പുസ്തകം എല്ലാംകൊണ്ടും വളരെ നന്നായിട്ടുണ്ടെന്നാണു് എന്റെ അഭിപ്രായം.

"അസാദ്ധ്യങ്ങളും നിരാശാജനകങ്ങളുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥ"യെന്നും മറും കീർത്തിക്കപ്പെട്ടുന്ന ഈ പുണ്യവതിയേക്കുറിച്ചുള്ള അറിവു് കേരളത്തിൽ അത്രതന്നെ പ്രചരിച്ചിട്ടില്ല. കുറേക്കാലംമുമ്പു്, യാദൃച്ഛികമായിട്ടാണെന്നു പറയാം, വിശുദ്ധ റീത്തായുടെ ചരിത്രം അടങ്ങിയ ഒരു ഇംഗ്ലീഷ് പുസ്തകം എന്റെ കൈവശം കിട്ടി. ആ ചരിത്രം വായിച്ചശേഷം, അതു മലയാളത്തിൽ വന്നു കാണുന്നതിനു് ഞാൻ വളരെ ആഗ്രഹിച്ചുകൊണ്ടിരുന്ന സമയത്താണു് മി. പോൾ ആ പ്രസിദ്ധീകരണത്തേപ്പറ്റി അറിഞ്ഞു് എന്റെ പക്കൽനിന്നു് അതു് വാങ്ങിക്കുകയും, എന്റെ താല്പര്യപ്രകാരം മലയാളഭാഷയിൽ ഈ പുണ്യവതിയേപ്പറ്റി ഒരു ചരിത്രം എഴുതാമെന്നു് ഏല്ക്കുകയും ചെയ്തതു്.

വിശുദ്ധ റീത്തായേപ്പറ്റി ഒരു ഗ്രന്ഥകാരൻ കൊടുത്തിട്ടുള്ള ഒരു വിവരണം എന്റെ ഓർമ്മയിൽ വരുന്നുണ്ടു്: പ്രാർത്ഥനയിൽ അവൾ ഒരു മാലാഖയായിരുന്നു; ക്ഷമയിൽ അവൾ മറെറാരു ജോബായിരുന്നു; ദൈവപരിപാലനയ്ക്കു് തന്നാത്തന്നെ വിട്ടുകൊടുക്കുന്നതിൽ അവൾ

വേറൊരു ഫ്രാൻസിസ് അസ്സീസിയായിരുന്നു; തപസ്സിന്റെ ഉഗ്രതയിൽ അവൾ വേറൊരു സ്നാപക യോഹന്നാനായിരുന്നു; അവൾ എല്ലാകാര്യങ്ങളിലും ക്രിസ്തുവിന്റെ ഒരു സാക്ഷാൽ അനുയായിനി ആയിരുന്നു—എന്നാണു് അഭ്യേഹം പറഞ്ഞിരിക്കുന്നതു്. ആ വിവരണം ഈ ഗ്രന്ഥം വായിക്കുന്നവക്കെല്ലാം നന്നായി ബോദ്ധ്യമാകും. എന്റെ അനുഭവം പറയുകയാണെങ്കിൽ ഞാൻ ഈ വിശുദ്ധയുടെ മാദ്ധ്യസ്ഥ്യം പല സന്ദർഭങ്ങളിലും പ്രാർത്ഥിച്ചിട്ടുള്ളതു് നിഷ്ഫലമായിട്ടില്ലെന്നാണു് എന്റെ പൂർണ്ണവിശ്വാസം.

വിശുദ്ധ റീത്തായുടെ അനുകരണീയമായ ഒരു ജീവചരിത്രം ഇങ്ങനെ മലയാളഭാഷയിൽ ആദ്യമായി പുറപ്പെട്ടുകാണുന്നതിൽ എനിക്കുള്ള സന്തോഷം വലുതാണു്. ഈ ഗ്രന്ഥം കേരളീയർക്കു പൊതുവിലും ക്രിസ്ത്യാനികൾക്കു പ്രത്യേകിച്ചും വളരെ ഉപകാരം ചെയ്യുമെന്നു് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. കത്തോലിക്കാ സാഹിത്യത്തിന്റെ ഉൽക്കർഷത്തിന്നായി അക്ഷീണയത്നംചെയ്യുപോരുന്ന മി: കേ. എ. പോൾ തന്റെ ഉടമസ്ഥതയിലും പ്രവർത്തനത്തിലും തുടങ്ങിയിരിക്കുന്ന "കത്തോലിക്കാ സാഹിത്യനിലയം" വകയായുള്ള ഒന്നാമത്തെ പ്രസിദ്ധീകരണമായ ഈ ഗ്രന്ഥത്തിനു് ധാരാളം പ്രചാരവും, ഈ "സാഹിത്യനിലയ"ത്തിനു് പൊതുജനങ്ങളിൽനിന്നു് നല്ല പ്രോത്സാഹനവും ലഭിക്കട്ടെ എന്നു് ആശംസിച്ചുകൊണ്ടു് വിശുദ്ധ റീത്തായുടെ ഈ ചരിത്രഗ്രന്ഥത്തെ ഞാൻ പൊതുജനസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

എറണാകുളം
6—9—'33.

വി. ഡി. ഔസേപ്പ്.

# വിശുദ്ധ റീത്താ

## അദ്ധ്യായം—ഒന്ന്

### ജന്മദേശം

ഉംബ്രിയാ രാജ്യത്തിനുതന്നെ ഒരു വിശേഷതയുണ്ട്. ഇറ്റലിയുടെ നടുവിൽ അതിന്റെ തൊട്ടുകുറിയായിട്ടാണ് ആ രാജ്യത്തിന്റെ കിടപ്പ്. അത്രയും പ്രകൃതിവിലാസം തികഞ്ഞ വേറൊരു പ്രദേശം ഇറ്റലിയിലുമുണ്ടോ എന്ന് സംശയം. ചുറ്റും, മനം കുളിർപ്പിക്കുന്ന മലകളും കുന്നുകളും. അവയാൽ സുരക്ഷിതങ്ങളായി, ഫലസമൃദ്ധങ്ങളായി കിടക്കുന്ന സാനുപ്രദേശങ്ങളും. ആ രാജ്യത്തെ ക്ലൃപ്തൽ സുന്ദരമാക്കിത്തീർക്കുന്നു. പോരെങ്കിൽ, ആ രാജ്യത്തിന്റെ പശ്ചിമാതൃത്തിയിലൂടെ ടൈബർനദിയുടെ പുളച്ചുതഴച്ചുള്ള ഒഴുക്കും!

കാലദേശസ്ഥിതികൾക്ക് മനുഷ്യരുടെ മനഃസ്ഥിതിയുമായി കുറെക്കുറേ ബന്ധമുണ്ടാവാം. പ്രകൃതിയുടെ പ്രശാന്തസൗന്ദര്യം തികഞ്ഞ ഉംബ്രിയാരാജ്യത്തിലെ ജനങ്ങളും സാമാന്യേന ശാന്തമനസ്കരാകുന്നു. സുകുമാരകലകളിലും മറ്റും അവർ പണ്ടേ കേളികേട്ടവരാണ്. പ്രശ്രുത ചിത്രകാരനായിരുന്ന റാഫേൽ(1) തന്നെയും ഉംബ്രിയായിൽവെച്ചാണ് ചിത്രമെഴുത്തു സംബന്ധിച്ചുള്ള

(1) Raphel Santi 1483—1520.

പരിശീലനം നടത്തിയതു്. അദ്ദേഹത്തിന്റെ ഗുരുഭ്രതനായിരുന്ന പെറൂജിനൊ(1) അവിടെ ഒരു കലാശാല നടത്തിപ്പോന്നിരുന്നു. ചിത്രകലാവിദഗ്ദ്ധരായിരുന്ന ഈ രണ്ടു മഹാന്മാരുടെ സാഹചര്യം ഒന്നുതന്നെ ആ രാജ്യത്തിന്റെ കീർത്തിയെ സാമാന്യം വർദ്ധിപ്പിച്ചിരിക്കാം.

എന്നാൽ മതാത്മകമായ നിലയിൽ പ്രസ്തുത രാജ്യത്തിനുള്ള പ്രസിദ്ധി ഇതിലെല്ലാം ഉപരിയാണു്. പുണ്യാത്മാക്കളുടെ കാലടിപ്പാടുകൾ ധാരാളം പതിഞ്ഞിട്ടുള്ള ഒരു ഭൂവിഭാഗമാണതു്. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസ്, അസ്സീസിയിലെ ക്ലാര, മോണ്ടെ ഫോൾംക്കോയിലെ ക്ലാര ആദിയായി ഒട്ടവളരെ വിശുദ്ധാത്മാക്കളുടെ സാഹചര്യത്തേപ്പറ്റി ആ രാജ്യത്തിനു് അഭിമാനിക്കാൻ കഴിയും. അവിടത്തെ അഗസ്റ്റീനിയൻ സഭയിൽനിന്നതന്നെ എട്ടുപേർ പുണ്യപദപ്രാപ്തരെന്നു് പ്രഖ്യാപനം ചെയ്യപ്പെട്ടിട്ടുള്ളതായി ഒരു കണക്കു് കാണുന്നുണ്ടു്. ഉംബ്രിയായുടെ തലസ്ഥാനപുരിയായ പെറൂജിയായിലെ മെത്രാസനത്തിൽനിന്നാണു് വിശ്വവിശ്രുതനായ പതിമ്മൂന്നാംലെയോ മാർപ്പാപ്പായെ പരിശുദ്ധ സിംഹാസനത്തിലേയ്ക്കു് ലഭിച്ചതെന്നുള്ളതും പ്രകൃതത്തിൽ സ്മരണീയമാകുന്നു.

ഇങ്ങനെ പല വിധത്തിലും പ്രസിദ്ധമായിരിക്കുന്ന ആ രാജ്യത്തിൽ ഉൾപ്പെട്ട കാഷിയാ എന്ന പുരാതന നഗരത്തോടു ചേർന്നുകിടക്കുന്ന റോക്കാ പൊറേനാ (Rocca Porrena) എന്ന ഗ്രാമമാണു് നമ്മുടെ കഥാനായികയുടെ ജന്മ

---

(1) Perujino (Pietro Vanucci) 1446—1524.

ദേശം. പ്രസ്തുത നഗരത്തിന്റെ പേരുകൂടി ചേർത്ത് 'കാഷിയായിലെ വിശുദ്ധ റീത്താ' എന്നും ഈ പുണ്യവതിയെ വിളിക്കാറുണ്ട്. റോക്കാ പൊറേനാ എന്ന ഗ്രാമത്തിന്—വിശുദ്ധ റീത്തായുടെ സാക്ഷാൽ ജന്മദേശത്തിന്—ആ സിദ്ധയുടെ ജനനവും ജീവിതവിശുദ്ധിയുംകൊണ്ടുമാത്രം ഉണ്ടായിട്ടുള്ള പ്രസിദ്ധിയേയുള്ളൂ. യൂദായുടെ വിഭാഗങ്ങളിൽ വച്ച് ബഥ്ലെഹം ഏററം ചെറുതായിരുന്നുവെന്ന് പറയപ്പെട്ടിരുന്നതുപോലെ, ഉംബ്രിയായുടേയോ കാഷിയായുടേയോ വിഭാഗങ്ങളിൽവെച്ച് വിശുദ്ധ റീത്തായുടെ ജന്മദേശവും ഒരു കാലം ഏററം അപ്രസിദ്ധവും അപ്രധാനവുമായിരുന്നിരിക്കാം. എന്നാൽ സന്ന്യാസനിഷ്ഠരായ കന്യകകൾക്കും, വിവാഹിതരായ വനിതകൾക്കും, വിരഹാധീനരായ വിധവകൾക്കുമെല്ലാം—എന്നുവേണ്ടാ, സകല ജീവിതസ്ഥിതികളിലുമുള്ള സകല മനുഷ്യർക്കും—ഒരുത്തമ ദൃഷ്ടാന്തമായി, വിശുദ്ധിയുടെ ജയവൈജയന്തിയായി വിരാജിക്കുന്ന വിശുദ്ധ റീത്തായുടെ ജനനവും ജീവിതവും ചരിത്രവുംകൊണ്ട് ആ പ്രദേശം ഇന്ന് ഭക്തലോകത്തിന്റെ അഭിവന്ദനത്തിന് അർഹമായിത്തീർന്നിരിക്കുകയാണ്.

## അദ്ധ്യായം—രണ്ട്

### മാതാപിതാക്കൾ

റോക്കാ പൊറേനാ എന്ന പ്രസ്തുത ഗ്രാമത്തിൽ അന്തോനിയോ മാൻസിനി (Antonio Mancini) എന്ന പേരായി ഒരു പൗരൻ ഉണ്ടായിരുന്നു. അമാത്താ ഫെറി

(Amata Ferri) എന്നായിരുന്നു അദ്ദേഹത്തിന്റെ ഭാ
ര്യയുടെ പേരു്. വലിയ വംശമഹിമയോ ധനശക്തി
യോ ഒന്നും ഉള്ളവരായിരുന്നില്ല ആ വധൂവരന്മാർ.
അവർ കൃഷിപ്പണികൊണ്ടു് കഷ്ടിച്ചു കാലയാപനം ചെ
യ്തിരുന്ന കേവലം ഇടത്തരക്കാരായിരുന്നു എന്നു പറ
യാം. കുറഞ്ഞൊരു കുലബലവും പണക്കരുത്തും ഇ
ല്ലാത്തവർക്കു് സമുദായത്തിൽ ഏതെങ്കിലും പ്രാമാണ്യം ല
ഭിക്കുവാൻ പ്രയാസമുള്ള ഒരു കാലമായിരുന്നു അതു്. എ
ന്നാൽ അന്തോനിയായും ഭാര്യയും വേറൊരു നിലയിൽ
ആ ഗ്രാമവാസികളുടേയെല്ലാം ബഹുമാനാദരങ്ങളെ അ
നായാദ്യശമാംവണ്ണം അർഹിച്ചുപോന്നിരുന്നു. അവരുടെ
ജീവിതശുദ്ധിയും, സത്യസന്ധതയും, പരമാർത്ഥതയും,
പരോപകാരതല്പരതയും, ഇവയെല്ലാം അടിസ്ഥാനമായി
ആ ദമ്പതിമാരിൽ പരിശോഭിച്ചിരുന്ന മതനിഷ്ഠയുമാണു്
സമുദായ മണ്ഡലത്തിൽ അവർക്കു് മാന്യമായ ഒരു സ്ഥാ
നം സമാർജ്ജിച്ചു കൊടുത്തതു്. ജനസമ്മതിയുടേയും യോ
ഗ്യതയുടേയും ശരിയായ അടിസ്ഥാനം കുലമഹിമയും ധന
ശക്തിയുമല്ലെന്നു് അവർ തങ്ങളുടെ സ്വഭാവശുദ്ധിയും സ
ദ്വൃത്തിയുംകൊണ്ടു് സമുദായസമക്ഷം സമർത്ഥിച്ചു.

പരിശുദ്ധ കന്യകാമറിയവും വിശുദ്ധ യൗസേപ്പും യാ
തൊരു കുടുംബത്തിന്റെ നായികാനായകന്മാരായിരുന്നു
വോ, ആ തൃക്കുടുംബത്തെ മാതൃകയാക്കിക്കൊണ്ടാണു് അ
ന്തോനിയായും ഭാര്യയും ജീവിച്ചതു്. ആ സ്വർഗ്ഗീയകുടും
ബത്തിന്റെ മാതൃകയെ അനുകരിക്കുകയും, മദ്ധ്യസ്ഥത
യെ കൈവരിക്കുകയും ചെയ്ത ഈ വധൂവരന്മാർ സമൃദ്ധ
മായ സമാധാനവും സൗഭാഗ്യവും അനുഭവിച്ചു. സ

കല കാര്യങ്ങളിലും പരസ്പരം ഇണങ്ങിക്കഴിയുന്നവരായിരുന്ന ആ ദമ്പതികൾ. ഗൃഹജോലികളിലും കൃഷിപ്പണികളിലുമെല്ലാം അവർ അന്യോന്യം സഹകരിക്കുകയും സഹായിക്കുകയും ചെയ്തുപോന്നു. അവർ പ്രാർത്ഥനയിലായിരുന്ന വിശ്രമവും വിജയവും തേടിയിരുന്നതു്. പ്രഭാതംതോറും ഒന്നിച്ചുള്ള പ്രാർത്ഥന കഴിഞ്ഞു്, കൃഷിസ്ഥലത്തു ചെന്നു ജോലിയിൽ ഏർപ്പെട്ടാൽ പിന്നെയും ഇടയ്ക്കിടെ ജോലി നിറുത്തി അവർ പ്രാർത്ഥിക്കുക പതിവായിരുന്നുവെന്ന് കാണുന്നുണ്ടു്. ദൈവത്തിൽനിന്ന് അന്നന്നു ലഭിക്കുന്ന അനുഗ്രഹങ്ങൾക്കുവേണ്ടി ഓരോ ദിവസത്തിന്റേയും പര്യവസാനത്തിൽ അവിടുത്തേയ്ക്കു് നന്ദി പറയേണ്ടതുമതലയും അവർ വിസ്മരിച്ചിരുന്നില്ല. ക്രിസ്തുനാഥന്റെ പരമകഷ്ടങ്ങളേക്കുറിച്ചുള്ള ധ്യാനം, ദിവ്യജനനിയുടെ നേർക്കുള്ള ഭക്തി എന്നിവയെല്ലാം അവരുടെ ദിനചര്യയിലെ അനിവാര്യങ്ങളായ വിഷയങ്ങളായിരുന്നു. അന്തോനിയായാകട്ടെ, വിശുദ്ധ സ്നാപകയോഹന്നാനെ തന്റെ പ്രത്യേക മദ്ധ്യസ്ഥനായി തെരിഞ്ഞെടുക്കുകയും, തന്റെ ആവശ്യങ്ങളിലും ക്ലേശങ്ങളിലുമെല്ലാം ആ വിശുദ്ധനെ ശരണം ഗമിക്കുകയും ചെയ്തിരുന്നു. ഇങ്ങനെ ദൈവത്തിൽ ആശ്രയിച്ചും, ദൈവപ്രമാണങ്ങളെ അനുസരിച്ചും, ദൈവിക കുടുംബത്തെ അനുകരിച്ചും, ദൈവത്തിന്റെ വിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയെ സംവരിച്ചും, ദൈവത്തിൽ പരസ്പരം യോജിച്ചും പ്രയത്നശാലികളായി ജീവിച്ച ആ വധൂവരന്മാർ അഭംഗമായ സമാധാനവും സംതൃപ്തിയും സൗഭാഗ്യവും അനുഭവിച്ചുകൊണ്ടിരുന്നതിൽ എന്തിനു് അത്ഭുതപ്പെടണം?

സ്വന്തം ജീവിതത്തെ ഇപ്രകാരം സമാധാനസമ്പൂർണ്ണമാക്കിത്തീർക്കുവാൻ സാധിച്ച അന്തോനിയായ്ക്കും ഭാര്യയ്ക്കും മറ്റുള്ളവരുടെ ഇടയിൽ സമാധാനമുണ്ടാക്കുവാനും സാധിച്ചു. അയൽക്കാരുടെ ഇടയിലുണ്ടാകാറുള്ള വഴക്കുകളും വ്യവഹാരങ്ങളും പറഞ്ഞുതീർക്കുവാൻ അവർക്ക് ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. "ക്രിസ്തുവിന്റെ സമാധാന സ്ഥാപകർ" എന്നാണ് ആ ഗ്രാമവാസികൾ അവരെ വിളിച്ചുപോന്നിരുന്നത്. അസമാധാനത്തിൽ വർത്തിക്കുന്നവരെ പരസ്പരം രഞ്ജിപ്പിക്കുക, മതനിഷ്ഠ വിട്ട് പാപപരമായ ജീവിതത്തിൽപ്പെട്ടുപോയവരെ ആ ദുരവസ്ഥയിൽനിന്ന് പിന്തിരിച്ചു ശരിപ്പെടുത്തുക, ദുഃഖിതരെ ആശ്വസിപ്പിക്കുക, രോഗികളെ ശുശ്രൂഷിക്കുക, ദരിദ്രർക്ക് ഊണും ഉടുപ്പും കൊടുത്ത് അവരെ സഹായിക്കുക എന്നിങ്ങനെ ശാരീരികവും ആത്മികവുമായ പല ഉപകാരങ്ങളും അവർ ആ ഗ്രാമവാസികൾക്കു ചെയ്തുകൊടുത്തിരുന്നു. ഉത്തമരായ ക്രിസ്തീയ ദമ്പതികൾക്ക് തങ്ങളുടെ ചുറ്റിൽ നാലുപാടും നിരന്തരം ചെയ്യാൻ സാധിക്കുന്ന അപ്പൊസ്തോലികവേലയുടെ—ആധുനിക കാലത്ത് പ്രസിദ്ധമായിത്തീർന്നിരിക്കുന്ന ഒരു വാക്കിൽ പറയുകയാണെങ്കിൽ, 'കത്തോലിക്കാ പ്രവർത്തന'ത്തിന്റെ (Catholic Action) — സജീവമായ ഒരു പരിപാടിയാണു", അന്തോനിയായുടേയും അമാത്തായുടേയും ജീവിതചര്യയിൽ നാം കാണുന്നത്.

ഈ വധൂവരന്മാരെ പ്രസ്തുത ഗ്രാമവാസികൾ എത്ര കാര്യമായി ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തുപോന്നിരുന്നുവെന്നുള്ളതിന് ഒരു ദൃഷ്ടാന്തം കൂടി പറയാം. റോക്കാ പൊറേനയിൽ അക്കാലം ഒരു ഗ്രാമപ്പഞ്ചാ

യത്തുണ്ടായിരുന്നു. ഗ്രാമവാസികളുടെ ഇടയിലുണ്ടാകുന്ന കുടുംബപ്രശ്നങ്ങളും, സമുദായ വഴക്കുകളും സാമ്പത്തിക വ്യവഹാരങ്ങളുമെല്ലാം പറഞ്ഞു തീർക്കുന്നതിനു ജനങ്ങൾ ആണ്ടുതോറും ഏതാനും പേരെ തെരിഞ്ഞെടുത്തു നിയമിക്കുക പതിവായിരുന്നു. അന്തോനിയായും ഭാര്യയും പല കൊല്ലങ്ങളിലും തുടർച്ചയായി ഈ സ്ഥാനത്തേയ്ക്ക് തെരിഞ്ഞെടുക്കപ്പെട്ടു. ഉത്തരവാദിത്വമുള്ള ആ ജോലി അവർ വളരെ നീതിനിഷ്ഠയോടും നിഷ്പക്ഷതയോടും കൂടിത്തന്നെ നിർവ്വഹിച്ചുപോന്നിരുന്നു. അവരുടെ വിധിതങ്ങൾക്ക് അനുകൂലമായാലും പ്രതികൂലമായാലും അതു് അനുസരിക്കുവാൻ കക്ഷികൾക്കെല്ലാം വലിയ സന്തോഷമായിരുന്നുവത്രെ. നമ്മുടെ പഞ്ചായത്തുദ്ധാരന്മാരും കരപ്രമാണികളും ഈ പാവപ്പെട്ട ദമ്പതിമാരേപ്പോലെ നീതിനിഷ്ഠയും നിഷ്പക്ഷതയും ഉള്ളവരായെങ്കിൽ എത്ര നന്നായിരുന്നു. നമ്മുടെ കുടുംബങ്ങളിലെ നായികാനായകന്മാരെല്ലാവരും അന്തോനിയേയും ഭാര്യയേയും പോലെ സമാധാനസ്ഥാപകരും, പൊതുജന ശുശ്രൂഷകരുമാവുകയാണെങ്കിലോ, നമ്മുടെ കുടുംബങ്ങൾക്കും ഗ്രാമങ്ങൾക്കും സമുദായങ്ങൾക്കും എത്രയോ വലിയ സൗഭാഗ്യവും സമാധാനവും ഐശ്വര്യവും ഉണ്ടാകുമായിരുന്നു!

# അദ്ധ്യായം—മൂന്ന്

## ജനനം

മറെറല്ലാവിധത്തിലും സൗഭാഗ്യപൂർണ്ണമായിരുന്ന അന്തോനിയായുടെ കുടുംബത്തിലും ദുഃഖത്തിൻെറ ഒരു നിഴൽ നിലകൊണ്ടിരുന്നു. ആ ദമ്പതിമാർക്കു് പ്രായം ഒട്ടേറെയായെങ്കിലും അവർക്കു് ഒരു സന്താനം ഉണ്ടായില്ല. സന്താനലാഭത്തിന്നായി അവർ നിരന്തരം ദൈവത്തെ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പക്ഷേ, ആ ഒരു കാര്യത്തിൽ അന്തോനിയായും അമാത്തായും ഭാഗ്യഹീനരാണെന്നതന്നെയായിരുന്നു ഏറെക്കാലത്തേയ്ക്കുണ്ടായ അനുഭവം.

കാലം അങ്ങനെ വളരെ കഴിഞ്ഞു. അവർക്കു പ്രായാധിക്യവുമായിത്തുടങ്ങി. അവരുടെ പ്രത്യാശകൾ അസ്തംഗമിച്ചു തുടങ്ങിയി. അപ്പോൾ അതാ, ദൈവം, അബ്രഹാമിൻെറ ഭാര്യയായ സാറായ്ക്കും, സാമുവേലിൻെറ മാതാവായ അന്നായ്ക്കും, വിശുദ്ധ സ്നാപകയോഹന്നാൻെറ അമ്മയായ എലിശബത്തിന്നും നൽകിയ അനുഗ്രഹം ആ കുടുംബത്തിന്നു് നൽകി. അന്തോനിയായുടെ ഭാര്യ ഗർഭം ധരിച്ചു. അനുഗൃഹീതമായ ആ കുടുംബത്തിൽ ഇവിടംമുതൽ ദൈവത്തിൻെറ അത്ഭുതങ്ങളും അനുഗ്രഹങ്ങളും സ്പഷ്ടമായി പ്രകാശിക്കുവാൻ തുടങ്ങുകയാണു്. അവിടെ സംജാതയാകുവാൻപോകുന്ന ശിശുവിനേപ്പററി ചില വെളിപാടുകൾ തന്നെയും ഉണ്ടായി എന്നാണു് ഐതിഹ്യം. ഇതിൻെറ സ്വഭാവം മനസ്സിലാക്കുന്നതിനു്

പ്രമാണയുക്തമായ ഒരു രേഖതന്നെ ഇവിടെ ഉദ്ധരിക്കാം. നമ്മുടെ കഥാനായികയെ പുണ്യവതിയെന്ന് തിരുസ്സഭ പ്രഖ്യാപനം ചെയ്തതു പ്രമാണിച്ചുള്ള രേഖയിൽ (1) പ്രസ്തുത സംഗതിയേക്കുറിച്ച് സൂക്ഷ്മമായ അന്വേഷണം നടത്തി തെളിവെടുത്തശേഷം പ്രസ്താവിച്ചിട്ടുള്ളതു് ഇപ്രകാരമാണ്: "തങ്ങൾക്ക് സന്താനമുണ്ടാകണമെന്ന് അന്തോനിയായ്ക്കും അമാത്തായ്ക്കുമുണ്ടായിരുന്ന തീവ്രമായ ആഗ്രഹം, അവർക്ക് പ്രായാധിക്യമാവുകയാൽ അവർ ഉപേക്ഷിച്ചിരിക്കുകയായിരുന്നു. തങ്ങളുടെ പ്രാർത്ഥനാവിഷയം സഫലമാകണമെന്ന് സർവ്വശക്തനായ ദൈവത്തോട് അവർ നിരന്തരം അപേക്ഷിച്ചിരുന്നു. അമാത്തായുടെ പ്രസവം അത്ഭുതകരമായ ഒരു സംഭവവും, ഭക്തരായ ആ ദമ്പതികൾക്ക് ലഭിച്ച ഒരു പ്രത്യേക അനുഗ്രഹവുമായിട്ടാണ് കരുതപ്പെട്ടതു്. ക്രമേണ, ശിശുവിന്റെ ജനനത്തേപ്പറ്റി അമാത്തായ്ക്ക് ദിവ്യവെളിപാടുണ്ടായിട്ടുണ്ടെന്ന് വിചാരിക്കപ്പെടുകയും, പരമ്പരാഗതമായി അറിയപ്പെടുകയും ചെയ്തിരിക്കുന്നു. കുട്ടിയെ റീത്താ എന്ന് പേരു വിളിക്കണമെന്നും അമാത്തായ്ക്ക് അരുളപ്പാടുണ്ടായിട്ടുണ്ട്."—അമാത്താ ഒരിക്കൽ ഒരു ക്രൂശിത രൂപത്തിന്റെ മുമ്പിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോഴാണ് ഈ വെളിപാട് ആദ്യമായുണ്ടായതെന്നാകുന്നു ഐതിഹ്യം.

ആ ശിശുവിന്റെ ജനനത്തെ മാതാപിതാക്കൾ എത്ര കാംക്ഷയോടെ പ്രതീക്ഷിച്ചിരുന്നുവെന്ന് പറയേണ്ടതില്ലല്ലോ. ഭ്രൂണാവസ്ഥയാകുവാൻ പോകുന്ന ശിശുവിന്റെ

---

(1) Decree of Canonization—para 5.

ഭാഗധേയത്തെ ഭദ്രമാക്കുന്നതിനുവേണ്ടി ആ ദമ്പതിമാർ തങ്ങളുടെ ഭക്തിനിഷ്ഠയെ പൂർവ്വാധികം വർദ്ധിപ്പിച്ചു. ഗർഭസ്ഥിതമായ പ്രജയിൽ ഒരു തള്ളയ്ക്കു സ്വന്തം ജീവിതശുദ്ധികൊണ്ടു നിവേശിപ്പിക്കുവാൻ കഴിയുന്ന ഏറ്റവും മഹത്തായ ഗുണങ്ങളെ തന്റെ ശിശുവിൽ അങ്കുരിപ്പിക്കുന്നതിനു് അമാത്താ അശ്രാന്തയത്നം ചെയ്തിരുന്നിരിക്കാം. അങ്ങനെ മാതാവിന്റെ വിശുദ്ധിയും ശ്രദ്ധയും, മാതാവിന്റേയും പിതാവിന്റേയും ഭക്തിനിഷ്ഠയും, സർവ്വോപരി ദൈവാനുഗ്രഹവും പ്രതിഫലിച്ചു്, സമയത്തിന്റെ പൂർണ്ണതയിൽ, ആ ശിശു ഭ്രജാതയായി. റീത്തായുടെ ജനനം ഏതു വത്സരത്തിലായിരുന്നുവെന്നതിനേക്കുറിച്ചു് നിശ്ചിതമായ രേഖയില്ല. ആറാം ഉർബ്ബൻ പാപ്പായുടെ കാലത്തു് 1381-ൽ ആണു് കഥാനായിക ജനിച്ചതെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു.

ആ കാലസന്ധി തീരുസ്സഭാചരിത്രത്തിലെ ഇരുളടഞ്ഞ ഒരു ഘട്ടമായിരുന്നുവെന്നു് ചരിത്രജ്ഞന്മാർ അനുസ്മരിക്കുമല്ലോ. 1378-ൽ പതിനൊന്നാം ഗ്രഗോരി മാർപ്പാപ്പാ നിര്യാതനായശേഷം തെരിഞ്ഞെടുക്കപ്പെട്ട ആറാം ഉർബ്ബൻ പാപ്പായുടെ കാലത്താണല്ലോ തിരുസ്സഭയിൽ ഒരേസമയത്തു് ഒന്നിലധികം പാപ്പാമാർ പുറപ്പെടുകയും പാശ്ചാത്യ ശീശ്മ (Western Schism) എന്ന പേരിൽ ചരിത്രപ്രസിദ്ധമായ ഒരു മതഭിന്നത ഉത്ഭവിക്കുകയും ചെയ്തതു്. 1309-ൽ, അഞ്ചാം ക്ലമൻറ് പാപ്പായുടെ കാലത്തു് ഫ്രാൻസിലെ അവിഞ്ഞോൺ എന്ന നഗരത്തിലേയ്ക്കു് പരിശുദ്ധ സിംഹാസനത്തിന്റെ ആസ്ഥാനം താല്ക്കാലികമായി മാറ്റിയതിനെ തുടർന്നു് ഇറ്റലി—

അതിലും വിശേഷിച്ച് പേപ്പൽ സംസ്ഥാനങ്ങൾ—അനാഥമായിത്തുടങ്ങി. പാപ്പായുടെ അധികാരത്തെ രാഷ്ട്രീയകാര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുവാൻ മോഹമുണ്ടായിരുന്ന ഫ്രാൻസിന്റെ പിടിയിൽ പാപ്പാമാരുടെ ആസ്ഥാനം ചെന്നു കൂടുങ്ങിയതിനെപ്പറ്റി ഇറ്റലിക്കാർക്ക് വലിയ വിരസം ഉണ്ടായിരുന്നു. ഒടുവിൽ സിയനായിലെ വിശുദ്ധ കാത്ത്റിയിന്റേയും(1) മറ്റും ഉത്സാഹത്താൽ പതിനൊന്നാം ഗ്രെഗോരി മാർപ്പാപ്പാ 1376-ൽ റോമയിലേയ്ക്ക് തിരിച്ചുവന്നുവെങ്കിലും അദ്ദേഹത്തിന് ഇറ്റലിയിൽ സമാധാനമുണ്ടാക്കി കാര്യങ്ങൾ മുഴുവൻ ശരിപ്പെടുത്താൻ സാധിച്ചില്ല. ഫ്രഞ്ചുകാരനായിരുന്ന ആ പാപ്പാ വീണ്ടും ഫ്രാൻസിലേയ്ക്ക് മടങ്ങുവാൻ തീർച്ചയാക്കിയിരിക്കുമ്പോഴാണ്, 1378-ൽ അദ്ദേഹം കാലധർമ്മം പ്രാപിച്ചതു്. മേലാൽ ഫ്രഞ്ചുകാരായ പാപ്പാമാരെ വേണ്ടെന്നും, പാപ്പായുടെ താമസം റോമയിൽത്തന്നെയായിരിക്കണമെന്നും അതിനകം ഇറ്റലിയിൽ ഒരഭിപ്രായം ബലം പ്രാപിച്ചു. പതിനൊന്നാം ഗ്രെഗോരിയുടെ അനന്തരഗാമിയെ തെരിഞ്ഞെടുക്കാൻ കർദ്ദിനാളന്മാർ റോമയിൽ കോൺക്ലേവ് യോഗം കൂടിയപ്പോൾ ജനങ്ങൾ ചെന്ന്, ഒരു റോമാക്കാരനെ അല്ലെങ്കിൽ ഒരു ഇറ്റാല്യനെ മാത്രമേ പാപ്പായായി തെരിഞ്ഞെടുക്കാവൂ എന്ന് കർദ്ദിനാൾസംഘത്തോട് നിർബന്ധപൂർവ്വം ആവശ്യപ്പെടുകപോലുമുണ്ടായി. ഒരിറ്റാല്യൻതന്നെ, ഏതായാലും, അത്തവണ മുറപ്രകാരം മാർപ്പാപ്പായായി തെരിഞ്ഞെടുക്കപ്പെട്ടു.

---

(1) St. Catherine of 1347—80.

ആറാം ഉർബ്ബൻ എന്നാ പേരിൽ പരിശുദ്ധ സിംഹാസനത്തെ പ്രാപിച്ച ആ പാപ്പാ ഏതാനും മാസം തിരുസ്സഭയിൽ നിസ്സീമമായി അധികാരം നടത്തിയെങ്കിലും, ഏറെത്താമസിയാതെ അദ്ദേഹത്തിന്റെ തെരിഞ്ഞെടുപ്പിന്റെ സാധുതയേക്കുറിച്ച്, മുഖ്യമായി ഫ്രഞ്ചു കർദ്ദിനാളന്മാർ മുഖേന ഒരു തർക്കമുണ്ടാവുകയും, ഫോൺഡിയിൽ വെച്ച് 7-ാം ക്ലമൻറ് എന്നാ പേരിൽ ഒരു ഫ്രഞ്ചുകാരൻ പാപ്പാ തെരിഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ എതിർ പാപ്പാ അവിഞ്ഞോനിൽ ആസ്ഥാനമുറപ്പിച്ചു. ഒന്നാലോചിച്ചാൽ ഇതെല്ലാം യഥാർത്ഥത്തിൽ ഒരു മതഭിന്നതയുടെ ഫലങ്ങളായിരുന്നുവെന്ന് പറയാൻ തരമില്ല. അധികപ്പങ്കും ആളുകൾ വെറും ഒരു ശങ്കകൊണ്ടുമാത്രം വഴി തെറ്റി വലയുകയായിരുന്നു. ആരാണ് സാക്ഷാൽ പാപ്പായെന്നുള്ള ശങ്കയെ പലരിലും വെറുതേ അങ്കുരിപ്പിക്കുന്ന ഒരു കുഴപ്പമായിരുന്നു അത്. ചിലരുടെ രാഷ്ട്രീയ ദുരുദ്ദേശം നിമിത്തമുണ്ടായ ഈ കുഴപ്പവും തജ്ജന്യമായ തെറ്റിദ്ധാരണയും നാല്പതു കൊല്ലത്തോളം (1378—1417) നീണ്ടുനിന്നു. ഇതിനിടയ്ക്ക് 1409-ൽ പിസ്സായിൽവെച്ച് ഒരു കൗൺസിൽ കൂടിയെങ്കിലും, അതു മൂന്നാമതൊരു എതിർ പാപ്പായെ പുറപ്പെടുവിക്കാനേ ഉപകരിച്ചുള്ളൂ. ദൈവസ്ഥാപിതമായ കത്തോലിക്കാസഭയിലല്ലാ, വേറൊരു സ്ഥാപനത്തിലാണ് മനുഷ്യർ ഇത്രയും കുഴപ്പങ്ങൾ ഒപ്പിച്ചതെങ്കിൽ നിശ്ചയമായും ആ സ്ഥാപനം അതോടുകൂടെത്തന്നെ അരുതി അടയുമായിരുന്നു. എന്നാൽ ദൈവത്തിന്റെ സഭ ആ വികടഘട്ടത്തേയും ജയിക്കാതിരുന്നി

ല്ല. കോൺസ്റ്റൻസിലെ സൂനഹദോസിൽ(1)വെച്ച് വാദ
മെല്ലാം തീർന്ന് വിവാദപാപ്പാമാരെല്ലാം സ്ഥാനഭ്രഷ്ടരാ
ക്കപ്പെട്ടകയും, 1417 നവമ്പർ 11-ാം നു- മാർട്ടിൻ പ
ഞ്ചമൻ എന്നാ മാർപ്പാപ്പാ സർവ്വസമ്മതമായി തെരി
ഞ്ഞെടുക്കപ്പെട്ടകയും ചെയ്തതോടെ തിരുസ്സഭയിലുണ്ടായ
ആ തല്ക്കാലിക കുഴപ്പം അവസാനിച്ചു.

ഇത്രയും ചരിത്രകഥനം ഇവിടെ അപ്രകൃതമായിത്തോ
ന്നാമെങ്കിലും, നമ്മുടെ കഥാനായിക ഭ്രജാതയായ കാല
ത്തെ സ്ഥിതിഗതികൾ ശരിയായി മനസ്സിലാക്കുന്നതിന്
ഈ വിവരങ്ങൾ ആവശ്യമാണ്. ആകപ്പാടെ ജനങ്ങ
ളും ചില സഭാധികാരികളുംതന്നെയും അപഥസഞ്ചാരം
ചെയ്തിരുന്ന ഒരു കാലമായിരുന്നു അത്. അന്ന് മതനി
ഷ്ഠയും ഭക്തിയും സാമാന്യമായി തുലോം അധഃപതിച്ചിരി
ക്കുകയായിരുന്നു. ദൈവം ഓരോ കാലത്തും അതതു കാ
ലത്തിനു പറ്റിയ സുകൃതികളേയാണ് നൽകുന്നതെന്നുള്ള
വസ്തുതയെ പല പുണ്യാത്മാക്കളുടെ ചരിത്രവും സ്ഥിരീക
രിക്കുന്നുണ്ട്. മതനിഷ്ഠയും ഭക്തിയും പരക്കെ ക്ഷയിക്കു
കയും കുഴയുകയും, അതിരുകടന്ന ഭൗതികമോഹങ്ങൾ
വാഴ്ച നടത്തുകയും ചെയ്തിരുന്ന ആ കാലഘട്ടത്തിൽ അ
താ, ഭക്തിയുടേയും ത്യാഗത്തിന്റേയും വിശുദ്ധിയുടേയും
ഒരു തികഞ്ഞ ദൃഷ്ടാന്തത്തെ ദൈവം ഒരു കുഗ്രാമത്തിൽ—
അതും ഒരു പാവപ്പെട്ട കുടുംബത്തിൽനിന്ന്—ഒരു പി
ഞ്ചു കുഞ്ഞുവഴിയായി ലോകസമക്ഷം ഉയർത്തുവാൻ തുട
ങ്ങുന്നു. നമുക്ക് ആ കുഞ്ഞു റീത്തായുടെ ചരിത്രത്തെ അ
നുധാവനം ചെയ്യുകതന്നെ.

(1) Council of Constance 1414—18.

# അദ്ധ്യായം—നാല്

## ജ്ഞാനസ്നാനം

ജനനം കഴിഞ്ഞ നാലാം ദിവസമായിരുന്ന റീത്താ യുടെ ജ്ഞാനസ്നാനകർമ്മം. കാഷിയായിലെ സയിൻറ് മേറിസ് ദേവാലയത്തിൽവെച്ചായിരുന്ന മഹത്തായ ഈ മതകർമ്മം ആചരിക്കപ്പെട്ടത്. ജ്ഞാനസ്നാനത്തിൽ കഥാ നായികയ്ക്കു നൽകപ്പെട്ട "റീത്താ" എന്ന പേര് ദൈവ നിവേശിതമായ ഒരു നാമമായിരുന്നുവെന്ന് മുമ്പു സൂചി പ്പിച്ചുവല്ലോ. ദൈവത്തിൽനിന്ന് നേരിട്ടതന്നെ പേരു ലഭിക്കുകയെന്ന അസാധാരണ ഭാഗ്യം ചില പുണ്യാത്മാ ക്കൾം പ്രാപിക്കാറുണ്ടെന്ന് വി. അംബ്രോസ് പറഞ്ഞി ട്ടുള്ളതു് ഇവിടെ സ്മരണീയമാകുന്നു. റീത്താ (Rita) എ ന്ന പേരിന് ന്യായമായുള്ളതു്, ശരിയായുള്ളതു് എന്നൊ ക്കെ അർത്ഥമുള്ള റൈറ്റ് (Right) എന്ന പദത്തോട്ട ധാ തുബന്ധമുണ്ടെന്നുള്ള പദാർത്ഥവ്യവഹാരം എങ്ങനെയിരു ന്നാലും, അവൾം തൻെറ ജീവിതശുദ്ധികൊണ്ട് ആ പേ രിന് അങ്ങനെയൊരർത്ഥം ശ്രുഢിയാക്കിത്തീർക്കുകതന്നെ ചെയ്തുവെന്ന് നിസ്തർക്കം പറയാം.

ജ്ഞാനസ്നാനം മുഖേന ക്രിസ്തുവിൽ പുനപ്പിറപ്പേ ല്പിച്ച് പള്ളിയിൽനിന്ന് തിരിച്ചുകൊണ്ടുവന്ന ആ പൈ തലിനെ സ്വീകരിച്ച് അന്തോനിയായും അമാത്തായും പ രമാനന്ദം അനുഭവിച്ചു. അന്ന് ആ ഭവനത്തിൽ ഒരു വ ലിയ ആഘോഷമായിരുന്നു. അയൽവാസികളും സംബ

ന്ധികളുമൊക്കെയായിട്ട് ഒട്ടവളരെപ്പേർ അന്ന് അവിടെ എത്തി അന്തോനിയായുടെ കുടുംബത്തെ അനുമോദിച്ചു. ഭക്തിസമ്പുഷ്ടമായ ആ കുടുംബത്തിൽ ഈ അടിയന്തിരം പ്രമാണിച്ചു നടന്ന ആഘോഷവട്ടങ്ങളെല്ലാം നിർദ്ദോഷങ്ങളായിരുന്നുതാനും. ജ്ഞാനസ്നാനം വഴിയായി ശുദ്ധീകരണകൃപാവരം കൈക്കൊണ്ടു ശിശുത്തൊട്ടിയിൽ കിടന്നിരുന്ന കുഞ്ഞുറീത്തായുടെ മുഖത്തു കളിയാടിക്കൊണ്ടിരുന്ന സ്വർഗ്ഗീയ വെളിച്ചത്തിനു യോജിക്കാത്ത ഇരുളടഞ്ഞ ആഘോഷവട്ടങ്ങൾക്കൊന്നും ആരും അവിടെ കോപ്പുകൂട്ടിയിരുന്നിരിക്കാനിടയില്ല.

പിറേറ ദിവസം ഒരു സംഭവം ഉണ്ടായി. വെള്ള നിറവും, കാഴ്ചയ്ക്കു വളരെ ഭംഗിയുമുള്ള കുറെ തേനീച്ചകൾ ഒരു സംഘമായി ചേർന്ന് കുഞ്ഞിന്റെ അടുക്കലേയ്ക്കു പറന്നുവന്നു. റീത്താ അപ്പോൾ ഉറങ്ങുകയായിരുന്നു. നിരുപദ്രവികളായ ആ ചെറുജീവികൾ ആ പിഞ്ചു കുഞ്ഞിന്റെ ചുറ്റും പറന്നു നടന്നതുകൊണ്ടുമാത്രം തൃപ്തിപ്പെട്ടില്ല. ഉറക്കത്തിൽ കുഞ്ഞിന്റെ വായ് തെല്ലു തുറന്നിരിക്കുകയായിരുന്നു. അവ ശിശുവിന്റെ വായിലേയ്ക്കും പറന്നു കയറുകയായി. കുട്ടിക്ക് യാതൊരുപദ്രവവും ചെയ്യാതെ അവ ഇങ്ങനെ അകത്തേയ്ക്കും പുറത്തേയ്ക്കും പാറിപ്പറന്നു കളിച്ചുകൊണ്ടിരുന്നു. വിശുദ്ധ അംബ്രോസിന്റെ ജീവചരിത്രത്തിൽ ഏതാണ്ടിതുപോലെ ഒരു സംഭവം വിവരിക്കപ്പെട്ടിട്ടുണ്ട്. ആ വിശുദ്ധൻ ഒരു ശിശുവായിരുന്നപ്പോൾ അദ്ദേഹത്തിന്റെ വായിൽ തേനീച്ചകൾ തേൻ ശേഖരിക്കുകയുണ്ടായി എന്നാണ് ഐതിഹ്യം. വിശുദ്ധ അംബ്രോസ് പിൽക്കാലത്ത് ദൈവത്തി

ന്റെ സഭയ്ക്കുവേണ്ടി പ്രകാശിപ്പിച്ച സുമധുരമായ വാഗ്വിലാസത്തിന്റെ ഒരു സൂചനയായിട്ട് ഈ സംഭവത്തെ വ്യാഖ്യാനിക്കാവുന്നതാണ്. അപ്രകാരംതന്നെ വിശുദ്ധ റീത്തായും അനന്തരകാലത്ത് തന്റെ 'തേനോലും മൊഴികൾ' കൊണ്ട് പാപികളുടെ മാനസാന്തരത്തിനും മറ്റുമായി പ്രകാശിപ്പിച്ച പ്രശാന്തമായ വചോവിലാസം ആലോചിക്കുമ്പോൾ, പ്രകൃത സംഭവത്തിനും എന്തോ അർത്ഥമുണ്ടായിരുന്നുവെന്നു വിചാരിക്കാം. ദൈവത്തിന്റെ ഒരു നിഷ്കളങ്കശിശുവിന് — ദൈവത്താൽ വിശേഷവിധം അനുഗ്രഹീതയായ ഒരു പിഞ്ചുപൈതലിന് — പരിചയ്പു ചെയ്യാൻ ദൈവത്തിന്റെ ഇതരസൃഷ്ടികൾ സകൃതകം പറഞ്ഞൊത്തിയതിൽ, അല്ലെങ്കിൽ എന്തിന്, അത്ഭുതപ്പെടണം?

കുഞ്ഞു റീത്തായുടെ പരിചയ്പുയ്ക്കുത്തിയ ആ പ്രാണികളേപ്പറ്റി പല കഥകളും പറയാനുണ്ട്. അവ നമ്മുടെ കഥാനായികയുടെ ജീവിതകാലം മുഴുവനിലും വിട്ടുപിരിയാത്ത കൂട്ടാളികളായിരുന്നുവെന്നാണ് കാണുന്നത്. പുണ്യവതി മരിച്ചശേഷമാകട്ടെ, അവ അവിടുത്തെ കൂടീരത്തിന്മേൽത്തന്നെ കൂട്ടുകെട്ടുകയും ചെയ്യുവത്രെ. എണ്ണത്തിൽ അവ പതിനാലോ പതിനഞ്ചോ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പുണ്യവതി മരിച്ചശേഷം അവ ആണ്ടുതോറും 'ദുഃഖവെള്ളിയാഴ്ച' അടുക്കാറാകുമ്പോൾ പുറത്തു വരികയും, മെയിമാസത്തിൽ പുണ്യവതിയുടെ തിരുനാൾ(1) കഴിഞ്ഞശേഷം അവയുടെ കൂട്ടുകളിലേയ്ക്ക് പിന്തിരിയുക

---

(1) മേയി 22-ാം തിയ്യതിയാണ് വി: റീത്തായുടെ തിരുനാൾ.

യുമായിരുന്നവരേ പതിവു്. ഈ പ്രാണികൾ പല ശതാബ്ദങ്ങളോളം ജീവിച്ചിരുന്നതായി ഐതിഹ്യമുണ്ടു്. ഒരിക്കൽ ഇവയിൽ ഒന്നിനെ പിടിച്ചു് വിശേഷപ്പെട്ട ഒരു സ്ഫടികച്ചെപ്പിൽ അടച്ചു് എട്ടാം ഊർബ്ബൻ പാപ്പായുടെ (1) താല്പര്യപ്രകാരം റോമയിലേയ്ക്കു് അയക്കുകയുണ്ടായി. അവിടെയെത്തി കുറെ സമയം കഴിഞ്ഞപ്പോൾ ആ പ്രാണി അതിൽനിന്നു് എങ്ങനേയൊ കടന്നുകളഞ്ഞു. ഊർബ്ബൻ പാപ്പാ ആ പ്രാണിയെ പരീക്ഷിക്കുന്നതിനു് അതിന്റെ മേൽ അടയാളത്തിനായി ഒരു നേരിയ പട്ടുനൂൽ കെട്ടി വിടുകയാണു് ചെയ്തതെന്നും പറയപ്പെട്ടുണ്ടു്. ഏതായാലും അന്വേഷണത്തിൽ, അതിനെ വീണ്ടും വിശുദ്ധ റീത്തായുടെ കുടീരത്തിന്മേൽ തന്റെ കൂട്ടുകാരുടെ സംഘത്തിൽത്തന്നെ കാണുകയുണ്ടായത്രേ. റീത്തായുടെ ജ്ഞാനസ്നാനം കഴിഞ്ഞ പിറേറ ദിവസം മുതൽ പ്രത്യക്ഷപ്പെട്ട ഈ പ്രാണികളുടെ കഥ എങ്ങിനെയിരുന്നാലും, അതു് ദൈവം നമ്മുടെ കഥാനായികയിൽ പ്രവർത്തിച്ച മറെറ അത്ഭുതങ്ങളോടൊപ്പിച്ചു നോക്കുമ്പോൾ നിസ്സാരമായ ഒരത്ഭുതം മാത്രമായിരുന്നുവെന്നു് വഴിയേ ബോദ്ധ്യപ്പെട്ടുകൊള്ളും.

---

(1) Urban VIII—1623-44. ഈ പാപ്പായാണു് വിശുദ്ധ റീത്തായെ വാഴ്ത്തപ്പെട്ടവളെന്നു് നാമകരണം ചെയ്തതു്.

# അദ്ധ്യായം—അഞ്ച്

## ബാല്യം

സ്വതവേ ഭക്തിനിഷ്ഠരായിരുന്ന അന്തോനിയായും അമാത്തായും തങ്ങളുടെ സന്താനത്തെ എത്ര ശ്രദ്ധാപൂർവ്വം വളർത്തിയിരിക്കുമെന്നതു് നമുക്കു കുറെയെല്ലാം ഊഹിച്ചു തന്നെ മനസ്സിലാക്കാൻ കഴിയും. ദൈവം തങ്ങൾക്കു നല്കിയ ശിശുവിനെ വല്ലവണ്ണവുമല്ലാ, നല്ലവണ്ണംതന്നെ വളർത്തണമെന്നു മുതല അവക്കറിയാമായിരുന്നു. മാതാപിതാക്കളുടെ ഈ ധർമ്മബോധവും, അതനുസരിച്ചുള്ള ശിക്ഷണവും, സർവ്വോപരി ദൈവാനുഗ്രഹവുംകൊണ്ടു് റീത്താ ചെറുപ്പംമുതൽക്കേ അസാമാന്യമായ പുണ്യാഭിവൃദ്ധിയും സ്വഭാവശുദ്ധിയും പ്രകാശിപ്പിച്ചു തുടങ്ങി. കാഷിയായിൽ അക്കാലം വലിയ കലാശാലകളൊന്നും ഉണ്ടായിരുന്നില്ല. വിദ്യാഭ്യാസത്തിനു് അന്നു അവിടെ ഉണ്ടായിരുന്നോടത്തോളം സൗകര്യം ബുദ്ധിശാലിനിയായ റീത്താ ഉപയോഗപ്പെടുത്തിയിരിക്കാം. ഏതായാലും ലൗകിക കലാബിരുദമോ വൈദുഷ്യമോ മൂലം ലോകത്തിനു് ഒരു ദൃഷ്ടാന്തമാവുകയെന്നതായിരുന്നില്ല, റീത്തായുടെ ജീവിതംകൊണ്ടുദ്ദേശിക്കപ്പെട്ടിരുന്ന പ്രധാന സംഗതി. കലാവിദ്യകളിലും വിജ്ഞാനത്തിലുമെല്ലാം മുഴുകിക്കഴിയുന്നവരിൽപോലും, ദുർഭാഗ്യവശാൽ ഇല്ലാതെ പോകുന്ന മറ്റു ചില പ്രധാന ഗുണങ്ങളും അന്നത്തേയും ഇന്നത്തേയും യുവലോകത്തെ ദൃഷ്ടാന്തപൂർവ്വം പഠിപ്പിക്കുകയെന്നതായിരുന്ന റീത്തായുടെ സുപ്രധാനമായ ജീവിതോദ്യോഗം.

റീത്തായിൽ പരിശോഭിച്ചിരുന്ന ആവക ഗുണങ്ങളിൽ ചിലതൊക്കെ ഇവിടെ സൂചിപ്പിക്കാം. ദൈവഭക്തിയായിരുന്ന ആ ബാലികയുടെ സവ്വ് ഗുണങ്ങൾക്കും അടിസ്ഥാനം. പ്രാത്ഥനയും ധ്യാനവും കൂട്ടിക്കാലം മുതൽക്കേ വിട്ടൊഴിയാതെ അവൾ അഭ്യസിച്ചിരുന്ന ശീലങ്ങളായിരുന്നു. പരിശുദ്ധ കർബ്ബാനയുടെ നേർക്ക് അവൾ ചെറുപ്പംതുടങ്ങിത്തന്നെ തീവ്രമായ ഭക്തി പ്രകാശിപ്പിച്ചു. അടുത്തുള്ള പള്ളിയിൽ ചെന്ന് വളരെനേരം പരിശുദ്ധ കർബ്ബാനയെ ആരാധിക്കുകയെന്നതു് അവളുടെ ദിനചര്യയിലെ ഒരു പ്രധാന കൃത്യമായിരുന്നു. ചെറിയ ചെറിയ ത്യാഗങ്ങളും സ്വയനിഗ്രഹകൃത്യങ്ങളും അനുഷ്ഠിച്ച് അവയെ ശുദ്ധീകരണസ്ഥലത്തിലെ ആത്മാവുകളുടെ ഉപകാരത്തിന്നായി അവൾ നിരന്തരം ദൈവത്തിന്ന് കാഴ്ചവെച്ചു. അവളുടെ വിശ്രമവും വിനോദവുംകൂടി മതാത്മകങ്ങളായിരുന്നു എന്നുവേണം പറയുവാൻ. പരിശുദ്ധ കന്യകയുടെ പേരിൽ ചെറിയ ജപമണ്ഡപങ്ങൾ കെട്ടിയുണ്ടാക്കുക, പുഷ്പങ്ങളും മറ്റും ചാത്തി അവയെ അലങ്കരിക്കുക—അതേ, കുഞ്ഞുറീത്തായുടെ വിനോദവും വിശ്രമവും പോലും ഇതൊക്കെത്തന്നെയായിരുന്നു.

ആഡംബരഭ്രമം എന്നതു് അവളെ തീണ്ടുകപോലും ഉണ്ടായില്ല. മോടിയും പകിട്ടുമേറുന്ന വസ്ത്രങ്ങൾ വേണമെന്നോ, ആഭരണങ്ങൾ അണിയണമെന്നോ ഒന്നും അവൾക്ക മോഹമില്ലായിരുന്നു. എല്ലായ്പോഴും ശുദ്ധിയായി നടക്കണമെന്നാ കാര്യത്തിൽ മാത്രമേ അവൾക്ക് നിഷ്കർഷയുണ്ടായിരുന്നുള്ളൂ. വിശേഷ ദിവസങ്ങളിലെങ്കാനും അമ്മ അവളെ തെല്ലൊന്നു മോടിപിടിപ്പിക്കാൻ വിചാരി

ച്ചാൽപോലും കഴിയുന്നതും ഒഴിഞ്ഞുമാറുകയായിരുന്നു റീത്തായുടെ പതിവു്. സ്വർണ്ണാഭരണങ്ങൾകൊണ്ടു് ശരീരത്തെ അലങ്കരിക്കുന്നതല്ലാ, പുണ്യങ്ങൾകൊണ്ടു് ആത്മാവിനെ അലങ്കരിക്കുന്നതാണു് യഥാർത്ഥ ഭൂഷണമെന്നു് റീത്താ മനസ്സിലാക്കിയിരുന്നു.

അനാഡംബരതയുടെ അകമ്പടിയായോ, അതിന്റെ അടിസ്ഥാനമായോ നില്ക്കുന്ന വേറൊരു ഗുണമാണു് അടക്കം. അതും റീത്തായുടെ ജീവിതത്തിൽ ധാരാളമുണ്ടായിരുന്നു. നടപ്പിലും പെരുമാറ്റത്തിലും സംഭാഷണത്തിലും അവൾ ശീലിച്ചിരുന്ന അടക്കവും ഒതുക്കവും സ്ത്രീകളുടെ സാക്ഷാൽ ആഭരണം എന്തായിരിക്കണമെന്നു് എല്ലാവരേയും അന്നു് ദൃഷ്ടാന്തപൂർവ്വം പ്രബോധിപ്പിച്ചു. സ്ത്രീത്വത്തിന്റെ ശ്രീകളയാനുപകരിക്കത്തക്ക വസ്ത്രധാരണരീതിയും അടക്കമില്ലായ്മയും മറ്റും പ്രചരിച്ചുവരുന്ന ഇക്കാലത്തു് റീത്തായുടെ ഈ ദൃഷ്ടാന്തം നമ്മുടെ യുവലോകത്തിനു് വിശേഷിച്ചും ഉപകാരപ്രദമാണു്. ഇന്നു കാണുന്നമാതിരി കോമാളിമട്ടിലുള്ള മുടിമിടയലും, മുറിക്കൈക്കുപ്പായം ധരിക്കലും, അവയെ തുടർന്നുള്ള ചില പെരുമാറ്റങ്ങളുമൊക്കെ റീത്തായുടെ ക്രിസ്തീയമായ അനാഡംബരതയുടേയും അടക്കത്തിന്റേയും മുമ്പിൽ കുപ്പുകൈകളോടുകൂടിനിന്നു് മാപ്പപേക്ഷിച്ചു് പമ്പകടക്കേണ്ട സമ്പ്രദായങ്ങളാണു്. മനുഷ്യന്റെ നാണം കളഞ്ഞാൽ മനുഷ്യനെ നശിപ്പിക്കാമെന്നു് ചില 'മനുഷ്യർ' കണ്ടുപിടിച്ചിരിക്കുന്ന പുതിയ വിദ്യയെ നാം ഭയപ്പെട്ടകതന്നെവേണം.

ഇനി, റീത്തായുടെ മറ്റു ചില ഗുണങ്ങളും നോക്കുക. അനുസരണം—അതായിരുന്നു അവളുടെ സവ്വപ്രധാനമാ

യ ഗുണം. മാതാപിതാക്കളുടെ ഒരാംഗ്യത്തേപ്പോലും അവർ ദൈവപ്രമാണമെന്നോണം അനുസരിച്ചുപോന്നിരുന്നു. കുടുംബരംഗങ്ങളിൽപോലും അധികാരവിദ്വേഷവും ധിക്കാരവും നടമാടുന്ന ആധുനിക യുഗത്തിൽ റീത്തായുടെ അനുസരണശീലം ഒരു വലിയ പാഠമാണ്. അവളുടെ പുണ്യപൂർണ്ണതയുടെ പ്രധാന രഹസ്യം അവളുടെ അനുസരണഗുണമായിരുന്നുവെന്നു പറഞ്ഞാൽ അബദ്ധമില്ല. ത്യാഗം, പരസ്നേഹം, സഹനം എന്നിത്യാദി ഗുണങ്ങളും നമ്മുടെ കഥാനായികയിൽ ചെറുപ്പംമുതൽക്കേ പരിശോഭിച്ചിരുന്നു. റീത്താ നോമ്പു നയറിരുന്ന രീതിയേക്കുറിച്ച് ഒരു വാക്ക് പ്രത്യേകം പറയേണ്ടതുണ്ട്. ഉപവാസത്തിന്നായി താൻ ഉപേക്ഷിക്കുന്ന പലഭക്ഷണം പാവങ്ങൾക്ക് വിതരണം ചെയ്യുകകൂടി വേണമെന്ന് അവൾക്ക് ഒരു നിഷ്ഠയുണ്ടായിരുന്നു. അല്ലെങ്കിൽ നോമ്പു നോല്ക്കുകയെന്ന പുണ്യവും, പട്ടിണികിടന്നിട്ടും മുതലുണ്ടാക്കുകയെന്ന പിശുക്കും ഒന്നായിപ്പോയെങ്കിലോ എന്ന് പുണ്യവതി ശങ്കിച്ചിരിക്കാം!

## അദ്ധ്യായം—ആറ്

### സന്ന്യാസവാസന

റീത്താ ചെറുപ്പംമുതൽക്കേ കൈക്കൊണ്ട ജീവിതചര്യയുടെ സ്വഭാവം പരിശോധിച്ചാൽ, അവളുടെ വാ

സന മുഴുവനും സന്യാസം സ്വീകരിക്കാനായിരുന്നുവെന്ന് മനസ്സിലാക്കാം. അതേ, അവളുടെ ചാച്ചിൽ മുഴുവനും സന്യാസത്തിലേയ്ക്കായിരുന്നു. വീട്ടിൽത്തന്നെ ഏകാന്ത ചിന്തയ്ക്ക് സൗകര്യമുണ്ടാക്കുവാൻവേണ്ടി ആ കുട്ടി ഒരു ചെറിയ സന്യാസമുറി സജ്ജീകരിച്ചു. ഗൃഹജോലികളിൽ മാതാപിതാക്കളെ സഹായിക്കുന്ന സമയം ഒഴിച്ചു ബാക്കിനേരം ഒട്ടുമുഴുവനും ആ മുറിയിൽ അടങ്ങിയിരുന്ന് പ്രാത്ഥനയിലും ധ്യാനത്തിലും അവൾ ചെലവഴിക്കുകയായി. ക്രൂശിതനായ ക്രിസ്തുവിന്റെ പരമ കഷ്ടങ്ങളായിരുന്നു അവളുടെ പ്രധാന ധ്യാനവിഷയം. ക്രൂശിതരൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തി, കണ്ണുനീരൊഴുക്കിക്കൊണ്ട് അവൾ നിരന്തരം നടത്തിയ ഈ ധ്യാനം, ലോകത്തിൽനിന്നും ലോകത്തിന്റെ വ്യാമോഹങ്ങളിൽനിന്നും അവളെ വേർതിരിച്ച് ക്രിസ്തുവുമായി ഏകീകരിച്ചു. "ഇനി, ഞാനല്ല, പിന്നെയൊ ക്രിസ്തു എന്നിൽ ജീവിക്കുന്നു"(1) എന്ന് വിശുദ്ധ പൗലോസ പ്രഖ്യാപനം ചെയ്തിട്ടുള്ള സ്ഥിതിവിശേഷം ഈ ധ്യാനനിഷ്ഠകൊണ്ട് ബാല്യത്തിൽത്തന്നെ റീത്താ അനുഭവിച്ചറിയാൻ തുടങ്ങി.

സഭപിതാവിനെ അനുകരിച്ച് റീത്തായും വിശുദ്ധ സ്ഥാപകയോഹന്നാന്റെ മദ്ധ്യസ്ഥതയെ പ്രത്യേകം ശീലിച്ചിരുന്നു. തീവ്രമായ പ്രാത്ഥനയും പ്രായശ്ചിത്തകർമ്മവും നടത്തി മരുഭൂമിയിൽ സന്യസിച്ചിരുന്ന ആ വിശുദ്ധന്റെ ദൃഷ്ടാന്തം അവളുടെ സന്യാസവാസനയെ വികസിപ്പിച്ചു. സയിൻറ് അഗസ്റ്റിൻ, സയിൻറ് നിക്കോ

---

(1) Gal ii—20.

സ് (1) ആദിയായി അവർ തെരിഞ്ഞെടുത്ത മറ്റു സ്ത്രീ
യ മദ്ധ്യസ്ഥന്മാരുടെ ദൃഷ്ടാന്തങ്ങളും ഉദ്ധരപസ്സിന്നായിട്ട്
അവളെ പ്രേരിപ്പിക്കുന്നവയായിരുന്നു. ചുരുക്കിപ്പറയാം;
ലോകത്തെ സന്ത്യജിച്ച് സന്യാസം സ്വീകരിക്കുവാൻ അ
വർ ഒരുങ്ങിക്കഴിഞ്ഞു. പന്ത്രണ്ടു വയസ്സായപ്പോൾ അ
വർ മാതാപിതാക്കന്മാരെ തന്റെ ഇംഗിതം അറിയിച്ചു.
ലോകത്തോടു യാത്രപറഞ്ഞു് ഒരു കന്യകാമന്ദിരത്തിന്റെ
മതിൽക്കെട്ടിനുള്ളിൽ ചെന്നു മറയുവാൻ അനുമതി നൽ
കണമെന്ന് അവർ അവരോട് ആവശ്യപ്പെട്ടു.

എന്നാൽ റീത്തായ്ക്കുണ്ടായിരുന്ന പ്രേരണകളും വാ
സനകളുമെല്ലാം സന്യാസ ജീവിതത്തിലേയ്ക്കു തന്നെയാ
യിരുന്നുവെങ്കിലും, അവർ ആ ജീവിതത്തിന്നായി ലോ
കത്തെ വിട്ടുപിരിയുംമുമ്പു് ലോകത്തിനു ഒരു വലിയ
പാഠം നൽകണമെന്നുകൂടി ദൈവം നിശ്ചയിച്ചിരുന്നുവെ
ന്ന് വിചാരിക്കാൻ ന്യായമുണ്ട്. സന്യാസജീവിതത്തി
നുപകരിക്കുന്ന പുണ്യങ്ങൾ മറ്റു ജീവിതസ്ഥിതികളിലുള്ള
വർക്കും ഉപകാരമുള്ള പുണ്യങ്ങളാണല്ലോ. പുണ്യങ്ങളെ
ല്ലാം സന്യാസമന്ദിരങ്ങൾക്കു മാത്രമുള്ള സ്വത്തായി ലോ
കം തീറുകൊടുത്തിക്കൊടുക്കുന്നതുകൊണ്ടാണെന്നു തോന്നുന്നു,
ലോകം പലപ്പോഴും പുണ്യവിഷയത്തിൽ 'പാപ്പരായി'
കാണപ്പെടുന്നതു്. റീത്തായേപ്പോലെ സന്യാസ വാസ
നയും പുണ്യവും തികഞ്ഞ ഒരു യുവതിയെ കുറേക്കാലം
ലോകത്തിൽ നിറുത്തി സന്യാസോചിതങ്ങളായ പുണ്യ
ങ്ങൾ എല്ലാ ജീവിതസ്ഥിതിക്കാർക്കും ആവശ്യകവും പ്ര

---

(1) St. Nichlos of Tolentino—1246—1306.

യോജനകരവുമാണെന്നുള്ള പാഠം ലോകത്തെ പഠിപ്പിക്കുവാൻ ദൈവം തിരുവുള്ളമായി. അതെങ്ങിനെയെന്ന് അടുത്ത അദ്ധ്യായങ്ങളിൽനിന്നു വിശദമാകും.

സന്ന്യാസത്തിന്നായി പോകുവാൻ അനുമതി ചോദിച്ച റീത്തായെ അവളുടെ മാതാപിതാക്കന്മാർ പല ന്യായങ്ങളും പറഞ്ഞു തടയുവാൻ തുടങ്ങി. മക്കൾക്കുണ്ടാകുന്ന ദൈവവിളിയെ മനഃപൂർവ്വം തടയുവാൻ മറ്റു ചില കാരണവന്മാർ പറ്റുതീകരിച്ചു പറയാറുള്ള കാരണങ്ങൾ പലതും റീത്തായുടെ മാതാപിതാക്കൾക്ക് സപ്പും ന്യായത്തോട്ടക്കുടിത്തന്നെ പറയാൻ അവകാശമുണ്ടായിരുന്നവല്ലൊ. അന്തോനിയായ്ക്കും അമാത്തായ്ക്കും പ്രായാധിക്യമായിക്കഴിഞ്ഞിരുന്നു; റീത്താ അവരുടെ ഏക സന്താനമായിരുന്നു; വാർദ്ധക്യത്തിൽ അവരെ സഹായിക്കാൻ മറ്റാരും ഉണ്ടായിരുന്നുമില്ല—ഈ ന്യായങ്ങളെല്ലാം റീത്തായെ ലോകത്തിൽത്തന്നെ തടഞ്ഞു നിറുത്തുന്നതിന്നായി ശക്തിപൂർവ്വം പ്രയോഗിക്കപ്പെട്ടു. റീത്തായ്ക്കു തന്റെ മാതാപിതാക്കന്മാരോട് നിസ്സീമമായ അനുസരണവും സ്നേഹവും ഉണ്ടായിരുന്നുവെന്നതു് പരമാർത്ഥംതന്നെ. എന്നാൽ മാതാപിതാക്കളേക്കാൾ ദൈവത്തെ അനുസരിക്കയുംസ്നേഹിക്കയും ചെയ്യണമെന്ന സർവ്വപ്രധാനമായ ധർമ്മം അവൾ നല്ലവണ്ണം അറിഞ്ഞിരുന്നു. അതുകൊണ്ട് തന്റെ ജീവിതാവസ്ഥയുടെ തെരിഞ്ഞെടുപ്പിന് മാതാപിതാക്കന്മാർ പറഞ്ഞ തടസ്ഥങ്ങൾ കണ്ണുംപൂട്ടി സമ്മതിക്കുവാൻ അവൾ തയ്യാറായില്ല. ആ വിഷമസന്ധിയിൽ താൻ ചെയ്യേണ്ടതെന്തെന്നുള്ള നിർദ്ദേശവും നിർദ്ദേശവും ലഭിക്കുന്നതിന് അവൾ തീവ്രമായി ദൈവത്തെ പ്രാർത്ഥി

ച്ചു. അതിനുവേണ്ടി അവൾ തന്റെ ഭക്തിനിഷ്ഠകളെയെല്ലാം പൂർവ്വാധികം ഉജ്ജീവിപ്പിക്കുകയായി. ആയിടയ്ക്ക് ഒരാണ്ടു മുഴുവനും അവൾ തന്റെ ഗൃഹത്തിലെ സന്ന്യാസമുറിയിൽ ഉഗ്രമായ തപസ്സിലും പ്രാർത്ഥനയിലും കഴിച്ചുകൂട്ടിയെന്നാണ് പറയപ്പെട്ടുന്നതു്. ഇങ്ങനെ ദൈവത്തിൽനിന്ന് അവൾക്ക് നിർദ്ദേശവും പ്രകാശവും ലഭിക്കുംവരെ, അവൾ ഗൗരവമേറിയ ആ കാര്യത്തിൽ—ജീവിതസ്ഥിതി നിർണ്ണയിക്കുകയെന്ന മഹാകാര്യത്തിൽ—തന്റെ മാതാപിതാക്കളുടെ പ്രേരണകൾക്കൊന്നും വഴിപ്പെട്ടില്ല.

## അദ്ധ്യായം—ഏഴ്

### വിവാഹം

അങ്ങനെ പല നാളുകൾ പ്രാർത്ഥനയിലും പര്യാലോചനയിലും ചെലവഴിച്ചശേഷം നമ്മുടെ കഥാനായിക തന്റെ മാതാപിതാക്കളുടെ ആഗ്രഹത്തിനു വഴിപ്പെടാമെന്ന് ഒടുവിൽ സമ്മതിച്ചു. വൃദ്ധരായ മാതാപിതാക്കൾക്ക് വലിയ സന്തോഷമായി. അവർ ഉടനെ ഒരു വരനെ കണ്ടുപിടിക്കാനുള്ള ശ്രമം ആരംഭിച്ചു. വിശുദ്ധ റീത്തായുടെ വിവാഹജീവിതം ഏല്ലാവർക്കും—സന്ന്യാസത്തിനു പോകുവാൻ ആഗ്രഹിക്കുന്ന മക്കളെ നിർബ്ബന്ധിച്ച് വിവാഹബന്ധത്തിൽ ഏർപ്പെടുത്തുന്ന മാതാപിതാക്കൾക്കുകൂടെയും — ഒരു പാഠമായിത്തീരുവാനിരുന്നതുകൊണ്ടോ എന്തോ, അതിനെല്ലാം പറ്റിയ ഒരു വരനേയാ

ണ്ട് അവർ തെരിഞ്ഞെടുത്തത്. ഫെർഡിനാൻഡൊ എ
ന്നായിരുന്ന ആ യുവാവിന്റെ പേര്. റോക്കാ പൊറേ
ന എന്ന ഗ്രാമം തന്നെയായിരുന്ന അയാളുടേയും ജന്മ
ദേശം.

ഈ വിവാഹകാര്യാലോചന നടന്നുകൊണ്ടിരുന്ന
പ്പോൾ റീത്താ, തന്റെ ക്ലേശിതനായ സ്വർഗ്ഗീയവരന്റെ
പരമകഷ്ടങ്ങളേക്കുറിച്ചുള്ള ധ്യാനത്തിലായിരുന്ന അധിക
വും ശ്രദ്ധ പതിച്ചിരുന്നതു്. ഗത്ത്സീമനിയിൽവെച്ചു്
യേശുനാഥൻ തന്റെ പരമപിതാവിനോട് ചെയ്ത ദുഃഖ
പൂർണ്ണമായ പ്രാർത്ഥനയുടെ ഘട്ടത്തെ അവൾ അക്കാ
ലം പേർത്തും പേർത്തും ധ്യാനിച്ചുപോന്നിരുന്നു. വിവാഹ
ജീവിതമാകുന്ന പാനപാത്രം തന്നിൽനിന്ന് നീങ്ങുവാൻ
അവൾ പ്രാർത്ഥിച്ചുവെങ്കിലും, തന്റെ കർത്താവിനെ അനു
കരിച്ചുകൊണ്ട് "എന്റെ മനസ്സല്ലാ, അങ്ങേ തിരുവുള്ളം
നിറവേറട്ടെ" എന്ന് തന്റെ അനുസരണത്തെ ഏറ്റു പറ
യാനും അവൾക്കു സാധിച്ചു. ഫെർഡിനാൻഡോയേ
പ്പോലുള്ള ഒരാളെ ഭർത്താവായി സ്വീകരിക്കുവാൻ പോകു
ന്ന റീത്താ, ഈ മനഃസ്ഥിതിയോടുകൂടിയല്ലാ, ആ വിവാ
ഹത്തിനു വഴിപ്പെടുകയും ഒരുങ്ങുകയും ചെയ്തിരുന്നതെ
ങ്കിൽ, നിശ്ചയമായും കത്തോലിക്കാസഭയ്ക്കും ലോകത്തി
നും ഒരു വലിയ പുണ്യവതി നഷ്ടപ്പെട്ടുപോകുമായി
രുന്നു.

സ്വഭാവത്തിന്റെ പൊരുത്തക്കുറവുകൊണ്ടും മറ്റും
അത്യന്തം ദുർഭാഗ്യകരമായ ജീവിതം നയിക്കുന്ന എത്ര
യോ വധൂവരന്മാരെ നാം നമ്മുടെ ചുറ്റിലും കാണുന്നു
ണ്ട്! ലോകത്തിൽത്തന്നെ നരകം അനുഭവിക്കുന്ന ആ

ദുർഗതരെ ആ ദുരവസ്ഥയിലെത്തിച്ച കാരണങ്ങൾ പലതായിരിക്കാം. ഒന്നുകിൽ ആ വധൂവരന്മാരുടെ ആലോചനയില്ലായ്മ, അല്ലെങ്കിൽ അവരുടെ മാതാപിതാക്കളുടെ ശാഠ്യം, അതുമല്ലെങ്കിൽ ചില "മൂന്നാന്മാരുടെ" മഹേന്ദ്രജാലം എന്നിങ്ങനെ പല കാരണങ്ങൾ കൊണ്ടായിരിക്കാം അമ്മാതിരി ദുരവസ്ഥ വന്നുഭവിക്കുന്നത്. വിവാഹക്കാര്യം തീർച്ചയാക്കുന്ന വിഷയത്തിൽ ദൈവത്തിന്റെ സാഹായ്യവും നിവേശനവും പ്രാർത്ഥിക്കാതെ, സ്വന്തം ബുദ്ധിയേയും, ധനം സൗന്ദര്യം മുതലായവയിലുള്ള വ്യാമോഹങ്ങളേയും അവലംബമായി പിടിച്ച് പല വധൂവരന്മാരും, അവരുടെ കാരണവന്മാരും അവതാളത്തിൽ ചെന്നു ചാടാറുണ്ട്. ഏതായാലും, അങ്ങനെയുള്ള ദുർഘടങ്ങളിൽ കൂട്ടുന്നവർക്കുക്രൂടെയും എന്നെന്നും ഒരു ദൃഷ്ടാന്തമായിത്തീരുന്നതിനുവേണ്ടി, അതാ, വിശുദ്ധ റീത്താ എന്തുയും വിഷമതരമായ ഒരു വിവാഹജീവിതം കൈവരിക്കുവാൻ പോകുന്നു. ഫെർഡിനാൻഡോയേക്കൊണ്ടുതന്നെ ആ സുകൃതിനിയെ അവളുടെ മാതാപിതാക്കൾ വിവാഹം ചെയ്യിച്ചു.

ശുദ്ധഗതിക്കാരായ തന്റെ മാതാപിതാക്കൾ ബഹുപ്പെട്ട തെരിഞ്ഞെടുത്ത വരൻ തനിക്ക് ഒട്ടും അനുരൂപനല്ലെന്ന് റീത്താ കാലേക്കൂട്ടി കുറെയെങ്കിലും മനസ്സിലാക്കിയിരുന്നുവെന്ന് ഊഹിക്കാൻ ന്യായമുണ്ട്. എന്നിട്ടും അവരുടെ ഹിതത്തോട് ആ യുവതി കാണിച്ച അനുസരണം, ഉത്സാതന്ത്ര്യത്തിന്റെ ഈ യുഗത്തിന് വേറൊരു വിധത്തിൽക്കൂടി ഒരു വലിയ ദൃഷ്ടാന്തമായിട്ടുണ്ടെന്ന് വേണം പറയുവാൻ. ഉത്തമരായ മാതാപിതാക്കൾ അ

വധാനപൂർവ്വം നടത്തുന്ന നല്ല വിവാഹാലോചനകളേപ്പോലും അവഗണിച്ച്, വഴിപിഴച്ച ചില പ്രേമക്കത്തുകളെഴുതിയും മറ്റും ഒരു മാതിരി 'സ്വയംവര'ത്തിന് കച്ചകെട്ടുന്ന ഉസ്സാതന്ത്ര്യമേ! നീ വിശുദ്ധ റീത്തായുടെ പവിത്രമായ ചരിത്രത്തിനു മുമ്പിൽ ലജ്ജിച്ചു തലതാഴ്ത്തിയാലും! അമ്മമാതിരി ഉസ്സാതന്ത്ര്യം കാണിക്കുന്ന യുവാക്കൾം തങ്ങൾക്കും, തങ്ങളുടെ മാതാപിതാക്കൾക്കും, കുടുംബങ്ങൾക്കും, സമുദായത്തിനും, സർവ്വോപരി ക്രിസ്തീയ ചാരിത്രശുദ്ധിക്കും വരുത്തിവയ്ക്കുന്ന അവമാനം വലുതാകുന്നു.

കാരണവന്മാരുടെ ഹിതത്തെ തീരെ അവഗണിച്ച് ചില യുവതീയുവാക്കന്മാർ പ്രേമവിവാഹം (Love-marriage) എന്ന പേരിൽ സ്വീകരിക്കുന്ന ദാമ്പത്യം പലപ്പോഴും ദൗർഭാഗ്യത്തിൽ കലാശിക്കുന്നതു് നാം കാണാറുണ്ടല്ലോ. ആജീവനാന്തം നിലനിൽക്കേണ്ടുന്ന ഒരു ജീവിതസ്ഥിതിയിൽ തന്റെ കൂട്ടുകാരനെ തെരിഞ്ഞെടുക്കുന്ന യുവതിയും, കൂട്ടുകാരിയെ തെരിഞ്ഞെടുക്കുന്ന യുവാവും തങ്ങളുടെ സ്വന്തം ആലോചനയേയും താല്ക്കാലികങ്ങളായ ആകർഷണങ്ങളേയും മാത്രം ആധാരമാക്കി പ്രവർത്തിക്കുന്നതു് പലപ്പോഴും അനർത്ഥത്തിനു കാരണമാകുന്നുണ്ടു്. തങ്ങളേക്കാൾം ലോകപരിചയമുള്ള കാരണവന്മാരുടേയും മറ്റു ഗുരുജനങ്ങളുടേയും ആലോചനയും ഉപദേശവും, യുവതീയുവാക്കന്മാർക്കു് ഇക്കാര്യത്തിൽ ഒഴിച്ചുകൂടാത്ത ഒരാവശ്യമാകുന്നു. അഭിമാനം ഗൗനിക്കാതെ തല്ക്കാലം തോന്നിയ പ്രലോഭനങ്ങൾം അനുസരിച്ച് പ്രേമവിവാഹത്തിന് ഒരുമ്പെടുന്ന ദമ്പതിമാർ, ഒടുവിൽ ആ പ്രലോഭ

നങ്ങളുടെ പ്രാരംഭപ്പെകിട്ട കഴിയുമ്പോഠം, തങ്ങഠം അബ ദ്ധത്തിൽ കടങ്ങിയല്ലോ എന്ന് ഖേദിക്കുക പതിവാണ്. ചില പ്രേമ വിവാഹാലോചനകഠം ചാരിത്രഭംഗം വരെ യെത്തി വരുത്തിക്കൂട്ടുന്ന അവമാനവും അനത്ഥവും പറ യേണ്ടതില്ലല്ലോ. വിവാഹത്തിനുമുമ്പ് ഒരു യുവതിയുടെ ചാരിത്രത്തെ ബഹുമാനിക്കാത്ത യുവാവ്, വിവാഹത്തി നുശേഷം അവഠംക്ക് വിശ്വസ്തനായ ഒരു നല്ല ഭത്താവാ യിരിക്കുമെന്ന് ആശിക്കാൻ ന്യായമില്ലതന്നെ. ഇമ്മാതി രിക്കാരുടെ മായാവലകളിൽ കുടുങ്ങാതിരിക്കാൻ യുവതി കഠം പ്രത്യേകം ശ്രദ്ധിക്കണം. വിശുദ്ധ രീത്യാ, തന്റെ വിവാഹാലോചനക്കായ്ത്തിൽ മാതാപിതാക്കന്മാരോട് കാണിച്ച കണക്കറ അനുസരണം, ആ വിഷയത്തിൽ കണക്കറ്റ് സ്വാതന്ത്ര്യം എടുക്കുന്ന ക്രൂരർക്ക് കടിഞ്ഞാ ണിടുവാൻ പററിയ ഒരു ദൃഷ്ടാന്തമാകുന്നു.

എന്നാൽ മക്കളെ എങ്ങനെയും വിവാഹം കഴിപ്പി ച്ചു കാണണമെന്നുള്ള ബദ്ധപ്പാടിൽ, വധുവിന്റേയോ വരന്റേയോ തെരിഞ്ഞെടുപ്പുകായ്ത്തിൽ വേണ്ടത്ര ശ്ര ദ്ധ പതിക്കാതിരിക്കുകയും, മക്കളുടെ ന്യായമായ ഹിത ത്തിന് വിരുദ്ധമായുള്ള വിവാഹത്തിന് അവരെനിർബ ന്ധിക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ കുററ വും അക്ഷന്തവ്യമാകുന്നു. ജീവപര്യന്തം അഭംഗമായി നിലനിൽക്കേണ്ടതായ വിവാഹബന്ധത്തിൽ ഏർപ്പെട്ട വാൻ പോകുന്ന യുവതികഠംക്കും യുവാക്കന്മാർക്കും കാര ണവന്മാർ ന്യായമായി അനുവദിക്കേണ്ടുന്ന ചില സ്വാ തന്ത്ര്യങ്ങളുണ്ട്. സ്വാതന്ത്ര്യം ദുരുപയോഗത്തിലെത്താതി രിക്കാൻ സൂക്ഷിക്കേണ്ടതാണെങ്കിലും, അതിന്നായി സ്വാ

തന്ത്രത്തേത്തന്നെ നിഗ്രഹിഷം തടയുകയെന്നതു് ഒരിക്കലും ശരിയല്ല. മക്കൾക്കു് ഒരു വക സ്വാതന്ത്ര്യവും അനുവദിക്കാതെ ചില മാതാപിതാക്കൾ അവരുടെ വിവാഹക്കാര്യം തീർച്ചയാക്കുന്നതിൽ വലിയ ദുർന്നയം കാണിക്കാറുണ്ടു്. യുവതീയുവാക്കന്മാരുടെ സ്വാതന്ത്ര്യംകൊണ്ടെന്നതുപോലെതന്നെ, കാരണവന്മാരുടെ ഈ ദുർന്നയംകൊണ്ടും പല വിവാഹങ്ങളും ദൗർഭാഗ്യത്തിലും ദുരിതത്തിലും ചെന്നു കലാശിക്കുന്നു. വിവാഹാലോചന കഴിയുന്നതും രഹസ്യത്തിൽ വെച്ചുകൊണ്ടിരിക്കുന്നു പതിവും പല അനർത്ഥങ്ങൾക്കിടവരുത്തുന്നുണ്ടു്. ഏതെങ്കിലും ഒരു വിവാഹത്തേക്കുറിച്ചുള്ള ആലോചന പരസ്യമായിപ്പോയാൽ വല്ല കുബുദ്ധികളും അതു് തെറ്റിച്ചു കളഞ്ഞെങ്കിലോ എന്നു ശങ്കിച്ചിട്ടാണ് പലരും വിവാഹാലോചനക്കാര്യം രഹസ്യമായി വയ്ക്കുന്നതു്. 'കല്യാണംകലക്കി'കളായ അത്തരം കുത്സിതന്മാരും കുസൃതിക്കാരും നമ്മുടെ നാട്ടുകളിൽ ധാരാളമുണ്ടായിരിക്കാം. അത്രമാത്രം സംസ്കാരശൂന്യതയും ദ്രോഹബുദ്ധിയും തികഞ്ഞ ആളുകൾ ഒരു സമുദായത്തിൽ ഉണ്ടായിരിക്കുന്നതു് വലിയ ആപത്തും അപമാനവും തന്നെയാണ്. പക്ഷേ, അവരെ ഭയപ്പെട്ടു് വിവാഹാലോചനയിൽ അവധാനക്കുറവു വരുത്തിയാൽ, അതു് പിന്നീടു തീർത്താൽ തീരാത്ത പല അനർത്ഥങ്ങൾക്കും കാരണമാകും. 'കല്യാണംകലക്കികൾ' പരത്തുന്ന കുസൃതിത്തരങ്ങളും കള്ളക്കഥകളും വിവേചിച്ചറിഞ്ഞും, അതേസമയംതന്നെ കാര്യങ്ങളുടെ യാഥാർത്ഥ്യം നല്ലവണ്ണം തിരക്കി മനസ്സിലാക്കിയും പ്രവർത്തിക്കാനുള്ള ധൈര്യവും ക്ഷമയും ആളുകൾക്കുണ്ടാകണം. നമ്മുടെ ആളുകൾ വിവാഹാലോചനയിൽ

പ്രധാനമായി നോക്കുന്നത് പെക്കനേയും പെണ്ണിനേയുമല്ലാ, പണത്തേയും പൊന്നിനേയുമാണെന്നുള്ള ഒരു ദുർഘടം ക്രൂടിയുണ്ട്. സ്വഭാവശുദ്ധിയുടേയും മറ്റും നോട്ടം വളരെ അപ്രധാനമായി വിട്ടിരിക്കുകയാണ്. ഇങ്ങനെയുള്ള അശ്രദ്ധയാൽ വരുന്ന അപത്തുകൾ വലുതാകുന്നു. വിശ്രുത റീത്തായുടെ വിവാഹം ഈ വക കാര്യങ്ങളിലും പ്രകാരാന്തരേണ നമുക്ക് ഒരു നല്ല പാഠമായിട്ടാണിരിക്കുന്നത്.

## അദ്ധ്യായം—എട്ട്

### ഭർത്താവിന്റെ മാനസാന്തരം

വിവാഹം കഴിഞ്ഞപ്പോൾ, റീത്തായുടെ ജീവിതക്കപ്പൽ പെരിയൊരു പെശറിൽപ്പെട്ടുകയായി. ജീവിതസാഗരം സ്വതവേതന്നെ പെശറുകൾ നിറഞ്ഞതാണ്. പരസ്പരം ഇണങ്ങിക്കഴിയുന്ന ഭാര്യാഭർത്താക്കന്മാർക്ക് ആ വിഷമസന്ധികളിൽ അന്യോന്യം സഹായിക്കാൻ കഴിയും. അതൊരു മഹാഭാഗ്യമാണ്. ഏതായാലും, റീത്തായ്ക്ക് ആ ഭാഗ്യം സിദ്ധിച്ചില്ല. നല്ല ഭർത്താക്കന്മാരെ കിട്ടാത്ത ഭാര്യമാർക്കു ക്രൂടി ഒരു നല്ല ദൃഷ്ടാന്തമായിത്തീരാൻ റീത്തായെ സമർത്ഥയാക്കിയത് ഈ ദുർഭാഗ്യമാണെന്ന് ഒരു സമാധാനമുണ്ട്. ഫെർഡിനാൻഡൊ ഒരു പട്ടമുട്ടാളനായിരുന്നു. ക്ഷമയെന്താണെന്നുതന്നെ ആ മനുഷ്യൻ അറിഞ്ഞിരുന്നില്ല. അയാൾ പ്രകൃത്യാ ഒരു വലിയ ശുണ്ഠിക്കാരനും കല

ഹപ്രിയനുമായിരുന്നു. അന്നത്തെ രാഷ്ട്രീയസ്ഥിതിക ളാണെങ്കിൽ, അവ ഇത്തരം കലഹപ്രിയന്മാർക്കു വളം വെച്ചുകൊടുക്കത്തക്കവയുമായിരുന്നു. 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്നതായിരുന്നു അക്കാലത്തെ രാഷ്ട്രീയ സിദ്ധാന്തം. 'കണ്ണിന് കണ്ണ്, പല്ലിന് പല്ല്' എന്നാ പ്രതികാരപ്രമാണമായിരുന്നു അന്നത്തെ രാജ്യ തന്ത്രമീമാംസ. ഫെർഡിനാൻഡോയുടെ പ്രകൃതിസി ദ്ധമായ നിഷ്ഠുരത ഇങ്ങനെയുള്ള ദേശീയസാഹചര്യം കൊണ്ടു് എത്രമാത്രം വികസിച്ചിരിക്കുമെന്നു് എടുത്തു പറയേണ്ടതില്ലല്ലോ. മതാനുഷ്ഠാനത്തിലും അയാൾ വളരെ പിന്നാക്കമായിരുന്നു. 'എല്ലാവരും പേടിക്കുന്ന ഭയങ്കരമായ പ്രകൃതിയോടുകൂടിയ ഒരു മനുഷ്യനായിരുന്നു അയാൾ' എന്നാണു് ഒരു എഴുത്തുകാരൻ ഫെർഡിനാൻഡോയെപ്പറ്റി പറഞ്ഞിരിക്കുന്നതു്.

ഇങ്ങനെയുള്ള ഒരു ഭർത്താവുമായി നമ്മുടെ കഥാനായിക നയിച്ച ദാമ്പത്യജീവിതം, സുമസമാവൃതമായിരുന്നിരിക്കാൻ തരമില്ലല്ലോ. വിവാഹം നടന്നു് 'പുതുമോടി' കഴിയും മുമ്പുതന്നെ ഫെർഡിനാൻഡൊ തന്റെ തനിനിറം കാട്ടിത്തുടങ്ങി. തൊട്ടതിനും തൊടഞ്ഞതിനുമെല്ലാം ശകാരമായി, ശകാരം മൂത്തു തല്ലായി — അതേ, അവിടംവരെ എത്തി ഫെർഡിനാൻഡോയുടെ പെരുമാറ്റരീതം! ഇത്തരം ഭർത്താക്കന്മാരെ ഇന്നും ധാരാളം കാണമായിരിക്കാം. പക്ഷേ, റീത്തായേപ്പോലുള്ള ഭാര്യമാരോ? ഈ ചോദ്യത്തിനു് മറുപടി പറയുന്നതിനു മുമ്പു്, റീത്താ തന്റെ ഭർത്താവിൽനിന്നുള്ള മർദ്ദനങ്ങളെ എന്തു മനഃസ്ഥിതിയോടുകൂടിയാണു് സ്വീകരിച്ചതെന്നു് നാം

അറിയേണ്ടിയിരിക്കുന്നു. നമുക്കു റീത്തായുടെ പെരുമാറ്റങ്ങളെ പരിശോധിക്കാം.

അവളുടെ സന്ന്യാസവാസനയുടേയും, ചെറുപ്പത്തിലേ അവൾ ശീലിച്ചിരുന്ന പുണ്യങ്ങളുടേയും പ്രയോജനം വെളിപ്പെട്ടുന്നതു് ഇവിടെയാണു്. കുരിശിന്റെ വഴികളെ നല്ലവണ്ണം പരിശീലിച്ചിരുന്ന ആ യുവതിക്കു് വിവാഹജീവിതത്തിൽ നേരിട്ട ഈ കുരിശിനെ കിരീടമാക്കുവാൻ പ്രയാസമുണ്ടായില്ല. അവൾ തന്റെ പ്രശാന്തതയും സഹനവുംകൊണ്ടാണു് ഭർത്താവിന്റെ കോപത്തേയും മർദ്ദനത്തേയും തടയാൻ നോക്കിയതു്. 'പരമ വികൃതിയായിരുന്ന പാട്രിസിയൂസിനെ ക്ഷമാപൂർവ്വം പരിചരിച്ചു പാട്ടിലാക്കിയ വിശുദ്ധ മോനിക്കായുടെ (1) ദൃഷ്ടാന്തത്തെ അവൾ അനുകരിച്ചു. ഭർത്താവിന്റെ കുട്ടംകൈകളേപ്പറ്റി റീത്താ ലേശവും പിറുപിറുത്തില്ല. അയാളുടെ ഹിതാഹിതങ്ങൾ അറിഞ്ഞു് വേണ്ടതെല്ലാം വേണ്ടവിധം നിവ്വഹിച്ചുകൊടുക്കാൻ അവൾ സദാ ജാഗരൂകയായിരുന്നു. ഭർത്താവിനു് കുറ്റം പറയാൻ ഒരു വഴിയും ലഭിക്കാതിരിക്കത്തക്കവണ്ണം സർവ്വ കാര്യങ്ങളേയും കണിശമായി ശരിപ്പെടുത്തുവാൻ അവൾ പരിശ്രമിച്ചു. ഭർത്താവു് 'വടിയും വാളു'മായി വരുമ്പോൾ സഹനവും പുഞ്ചിരിയുംകൊണ്ടാണു് റീത്താ അയാളെ സല്ക്കരിച്ചിരുന്നതു്. ഭർത്താവിന്റെ കലഹപ്രിയം കുടുംബരംഗത്തിൽ എത്രമാത്രം കരിനിഴലുകൾ പരത്തിയാലും, നമ്മുടെ കഥാനായിക പ്രസന്നമായ തന്റെ പുഞ്ചിരിപ്പൂനിലാവുകൊണ്ടു് അവിടം മുഴുവനും

---

(1) വി: അഗസ്റ്റീനോസിന്റെ അമ്മ. ക്രിസ്ത്വബ്ദം 333—87.

അപ്പഴപ്പോൾ പ്രഭാപൂർണ്ണമാക്കിച്ചെയ്തിരുന്നു. അയാളുടെ പരുഷങ്ങളായ പെരുമാറ്റങ്ങളും കഠിന മർദ്ദനങ്ങളുമെല്ലാം അവൾ സസന്തോഷം സഹിക്കുകയായി. സർവ്വോപരി, അവൾ പ്രാർത്ഥനയെ ശരണം ഗമിക്കുകയും ചെയ്തു.

എന്നാൽ ഇതുകൊണ്ടൊക്കെ പെട്ടെന്നു മനസ്സു തിരിച്ചുകളയാവുന്ന ഒരാളായിരുന്നില്ല ഫെർഡിനാൻഡോ. റീത്തായുടെ ഈ കുരിശ്—അഥവാ കുരിശ്ശുയുദ്ധം — ഒന്നോ രണ്ടോ കൊല്ലത്തേയ്ക്കല്ലാ, പതിമ്മൂന്നു കൊല്ലംവരെ ദീർഘിച്ചു! ആ പതിമ്മൂന്നു കൊല്ലവും റീത്തായുടെ വിവാഹജീവിതം ഒരു 'രക്തസാക്ഷിത്വം' തന്നെയായിരുന്നു. അതേ, ഭാര്യാധർമ്മത്തിന്റെ ഒരു രക്തസാക്ഷിണിയായിത്തീർന്നു ആ സാധ്വി. ഒടുവിൽ അവളുടെ പ്രാർത്ഥനയും സഹനവും ഫലിച്ചു. ഫെർഡിനാൻഡോ ഒരു പുതിയ മനുഷ്യനായിത്തീർന്നു. തന്റെ പ്രിയതമയെ കുടിപ്പിച്ച കണ്ണുനീരിനേപ്പറ്റി അയാൾ പശ്ചാത്തപിച്ചു. അയാൾ അതിനെല്ലാം വേണ്ടി റീത്തായോടു മുട്ടിന്മേൽ നിന്നു് മാപ്പപേക്ഷിക്കുകപോലുമുണ്ടായി. റീത്തായുടെ അപാരമായ സഹനശീലവും, തീവ്രമായ പ്രാർത്ഥനയും, അങ്ങനെ ഒടുവിൽ, ഫെർഡിനാൻഡോയുടെ കഠിനഹൃദയത്തെ ദ്രവിപ്പിച്ചു. ഭർത്താക്കന്മാരുടെ എത്ര വലിയ നിഷ്ഠുരതയേയും സഹനവും, സ്നേഹവും, സർവ്വോപരി, പ്രാർത്ഥനയുംകൊണ്ടു കീഴടക്കാമെന്നുള്ളതിനു് റീത്തായുടെ ജീവിതം ഒരുത്തമ ദൃഷ്ടാന്തമാണു്. വിശുദ്ധ മോനിക്കാ തന്റെ ഭർത്താവിനെ സഹനംകൊണ്ടു് മാനസാന്തരപ്പെടുത്തിയതുപോലെതന്നെ വിശുദ്ധ റീത്തായും തന്റെ ഭ

ത്താവിന്റെ മനസ്സു തിരിച്ചു. ക്ഷമകേട്ടും ദ്വേഷവും പ്രാക്കുംകൊണ്ട് ആർക്കും ആരെയും നന്നാക്കാൻ സാധിക്കുകയില്ല. സഹനം, സ്നേഹം, ശുശ്രൂഷ, പ്രാർത്ഥന എന്നീ ആയുധങ്ങൾ ഉപയോഗിച്ചുള്ള ഒരു കുരിശുയുദ്ധം കൊണ്ടുമാത്രമേ ദുഷ്ടതയേയും ദുർവൃത്തിയേയും നമുക്കു കീഴടക്കാൻ കഴിയുകയുള്ളൂ. ഈ ധർമ്മസമരത്തിനു വിളിക്കപ്പെട്ടിരിക്കുന്ന വധൂവരന്മാർ വളരെയുണ്ട്. പക്ഷേ, ഈ കുരിശുയുദ്ധം ശരിയായി നടത്തി കിരീടം നേടുന്നവർ ഏറെയുണ്ടോ എന്നു സംശയിക്കണം. വിശുദ്ധ റീത്താ തന്റെ വിവാഹജീവിതംകൊണ്ട് നൽകിയിരിക്കുന്ന മഹത്തമമായ പാഠം അങ്ങിനെയുള്ളവർ വിശേഷിച്ചും അറിയുകയും അനുവർത്തിക്കുകയും ചെയ്യേണ്ടതാണ്.

ഫെർഡിനാൻഡൊ തന്റെ ഭാര്യയുടെ സഹനപൂർണ്ണമായ കുരിശുയുദ്ധത്താൽ പരാജിതനായതോടെ അദ്ദേഹത്തിന്റെ പെരുമാറ്റം പാടേ പകർന്നു. തന്റെ കോപശീലം നിഗ്രഹിക്കുവാൻ അയാളും ചെയ്തിരുന്ന പരിശ്രമത്തെപ്പറ്റി ഒരു വാക്കു പ്രത്യേകം പറയേണ്ടതുണ്ട്. ചിലപ്പോഴൊക്കെ പതിവുപോലെ കോപം തോന്നിയാൽ, അയാൾ ഉടനെ വീടു വിട്ട് പുറത്തേയ്ക്കു പോയ്കളഞ്ഞിരുന്നു. അരിശം അടങ്ങിയിട്ടേ വീട്ടിലേയ്ക്ക് മടങ്ങിവന്നിരുന്നുള്ളൂ. ചുരുക്കിപ്പറയാം; അദ്ദേഹം തന്റെ ക്രൂരത്വമെല്ലാം കൈവിട്ട് ഭാര്യയോട് വളരെ ബഹുമാനത്തിലും സ്നേഹത്തിലും സമാധാനത്തിലും പെരുമാറുവാൻ തുടങ്ങി. ആത്മികകാര്യങ്ങളിലും അദ്ദേഹം വളരെ ശ്രദ്ധാലുവായിത്തീർന്നു. വിശുദ്ധ റീത്താ സഹിച്ച ക്ലേശങ്ങൾക്ക് ഇങ്ങനെ ഇഹത്തിൽവെച്ചുതന്നെ അവർക്കു

പ്രതിഫലം സിദ്ധിച്ചു. ഫെർഡിനാൻഡോയുടെ മാനസാന്തരത്തേക്കാൾ വലിയ ഒരു പ്രതിഫലം അവർക്ക് ഇഹത്തിൽ ആഗ്രഹിക്കുവാനുണ്ടായിരുന്നില്ല; നിശ്ചയം.

## അദ്ധ്യായം—ഒമ്പതു്

### രണ്ടു പുത്രന്മാർ

ജീവിതം സുഖദുഃഖസമ്മിശ്രമാണല്ലൊ. ഭർത്താവിന്റെ മാനസാന്തരത്താൽ മനം തെളിഞ്ഞ റീത്തായ്ക്ക് ഏറെത്താമസിയാതെതന്നെ പുതിയൊരു ദുഃഖം അനുഭവപ്പെട്ടുകയായി. മാതാപിതാക്കളുടെ നിസ്സാരമായിരുന്ന റീത്തായ്ക്കു നേരിട്ട ഈ ദുഃഖത്തിനു കാരണം: അതേ, അന്തോനിയായും അമാത്തായും സൽകർമ്മ സമ്പൂർണ്ണമായ തങ്ങളുടെ ജീവിതത്തിന് സമ്മാനം പ്രാപിക്കുവാനായി ഐഹികവാസം വെടിഞ്ഞു. തന്റെ ജീവിതത്തിന് സർവ്വപ്രകാരേണയും തുണയായിരുന്ന മാതാപിതാക്കളുടെ നിസ്സാരണം മൂലം റീത്തായ്ക്കുണ്ടായ ദുഃഖം ദുസ്സഹമായിരുന്നു. ക്രിസ്തുവിന്റെ കുരിശിന്റെ മുമ്പിൽ കണ്ണുനീരും കൈയുമായി നിന്നുകൊണ്ട് അവൾ തന്റെ മാതാപിതാക്കൾക്ക് നിത്യശാന്തിയെ പ്രാർത്ഥിച്ചു.

നമ്മുടെ കഥാനായികയ്ക്ക് ഇതിനകം വേറൊരുവിധത്തിൽ ഒരാശ്വാസം ലഭിച്ചിരുന്നുവെന്നു കാണുന്നുണ്ട്. ഫെർഡിനാൻഡോയുമായുള്ള അവളുടെ വൈവാഹികജീവിതം രണ്ടു ഓമനപ്പുത്രന്മാരുടെ പിറപ്പിനാൽ അനുഗ്ര

ഹീതമായിക്കഴിഞ്ഞിരുന്നു. ജോൺ എന്നും പോലും എ
ന്നുമായിരുന്ന ആ കുട്ടികളുടെ പേരുകളും. ദൈവം
തന്റെ പ്രിയപ്പെട്ടവർക്കു നൽകുന്ന അനുഗ്രഹങ്ങളും മി
ക്കവയും അവരുടെ ഭാവികിരീടത്തിനു മാറ്റു കൂട്ടുവാനു
ള്ള കുരിശുകളായിട്ടാണല്ലോ പരിണമിക്കുക. റീത്തായ്ക്കു
ണ്ടായ സന്താനലാഭമാകുന്ന അനുഗ്രഹത്തിന്റേയും പരി
ണാമം അങ്ങനെയായിരുന്നു.

ആ കുട്ടികളും രണ്ടുപേരിലും തങ്ങളുടെ പിതാവി
ന്റെ പഴയ സ്വഭാവം പകർന്നിരുന്നതായിട്ടാണു് പ്ര
ത്യക്ഷപ്പെട്ടതു്. കുട്ടികളിൽ ജന്മനാ കലർന്നുപോയിരി
ക്കാവുന്ന ദുശ്ശീലങ്ങളും മാറ്റുവാൻ മാതാപിതാക്കളിൽ
പിന്നീടുണ്ടാകുന്ന മാനസാന്തരം മാത്രം പര്യാപ്തമാവുക
യില്ലല്ലോ. സന്താനങ്ങളുടെ ആ വക ശീലവൈകല്യ
ങ്ങളും കളയാൻ വലിയ പരിശ്രമം ആവശ്യമുണ്ടു്. റീ
ത്താ ഈ കുരിശും സസന്തോഷം വഹിച്ചു. തന്റെ അ
രുമസന്താനങ്ങളിൽ കാണപ്പെട്ട കലഹശീലം ആദിയാ
യ ദുർഗുണങ്ങളെ നിഗ്രഹിച്ചു് അവരെ നല്ലവഴിക്കു് വളർത്തു
വാൻ ആ തള്ള ഉറ്റ പരിശ്രമിക്കുകയായി. അവരും
അവരുടെ നടത്തകളെയെല്ലാം നിഷ്കർഷയായി പരിശോ
ധിച്ചുപോന്നിരുന്നു. അവരും അവരുടെ വിദ്യാഭ്യാസത്തിലും
സ്വഭാവരൂപീകരണത്തിലുമെല്ലാം തീവ്രമായ ശ്രദ്ധ പതി
ക്കുകയും ചെയ്തു. ദുർവൃത്തനായ ഭർത്താവിന്റെ മാനസാ
ന്തരത്തെ സാധിച്ചു് ഭാര്യമാർക്കു് ഒരുത്തമ ദൃഷ്ടാന്തം കാ
ട്ടിത്തരുന്ന റീത്താ, ദുസ്സ്വഭാവികളായ രണ്ടു പുത്രന്മാരെ
വളർത്തിക്കൊണ്ടുവരുവാൻ സഹിച്ച ക്ലേശങ്ങളും മൂലം,
ഇതാ തള്ളമാർക്കും വലിയൊരു ദൃഷ്ടാന്തം നല്കുന്നു. മൃദു

ക്കിപ്പറഞ്ഞാൽ, എല്ലാ ജീവിതസ്ഥിതിക്കാർക്കും ഒന്നുപോലെ ഉപകരിക്കത്തക്ക ഒരു മാതൃകാജീവിതത്തിലേയ്ക്കാണ് ദൈവം നമ്മുടെ കഥാനായികയെ ആനയിച്ചുകൊണ്ടിരുന്നതെന്നുള്ള വസ്തുത ഇവിടെ മേല്ക്കുമേൽ സ്പഷ്ടമായിത്തീരുകയാണ്.

## അദ്ധ്യായം—പത്തു്

### ഭർത്താവു് വധിക്കപ്പെടുന്നു!

പുണ്യാത്മാക്കളുടെ ഐഹികജീവിതം സ്വർഗ്ഗത്തിൽനിന്നുള്ള സമാശ്വാസങ്ങളുടേയും, ലോകത്തിൽനിന്നുള്ള മർദ്ദനങ്ങളുടേയും മദ്ധ്യേയാണ് പുരോഗമനം ചെയ്യുന്നതെന്ന് ഒരു ഗ്രന്ഥകാരൻ പറഞ്ഞിട്ടുള്ളതു് എത്രയോ വലിയ ഒരു പരമാർത്ഥമാകുന്നു. റീത്തായ്ക്കു ഇതുവരെ അനുഭവപ്പെട്ട കഴിഞ്ഞിരുന്ന ക്ലേശങ്ങളേയെല്ലാം അതിശയിക്കുന്ന ഒരു വലിയ ദുഃഖം അതാ ആസന്നമായി. അവളുടെ സംതപ്തമായ ഹൃദയം ആരുടെ മാനസാന്തരത്താൽ നാലഞ്ചു കൊല്ലമായിട്ട് സമാശ്വാസമേറിയിരുന്നുവോ, ആരുടെ ക്രൂരതൽ ഹ്രണീകരണത്തിന്നായി അവൾ പിന്നെയും പിന്നെയും അശ്രാന്തം പരിശ്രമിച്ചിരുന്നുവോ, ആ ഫെർഡിനാൻഡോയെ—റീത്തായുടെ പ്രിയ ഭർത്താവിനെ — അയാളുടെ ശത്രുക്കൾ ഒരു ദിവസം പെട്ടെന്ന് പിടികൂടി നിർദ്ദയം വധിച്ചുകളഞ്ഞു! കഷ്ടം!

ഇറാലിയിലെ അന്നത്തെ രാഷ്ട്രിയ സ്ഥിതിഗതി കൾ കഴിഞ്ഞാരദ്ധ്യായത്തിൽ സ്വല്പം സൂചിപ്പിച്ചിട്ടുണ്ടല്ലൊ. 'കണ്ണിന് കണ്ണ്, പല്ലിന് പല്ല്' എന്ന പ്രതികാരപ്രമാണത്തോടടുക്കുടിയ അന്നത്തെ ജനങ്ങളുടെ ഇടയിൽ ഇത്തരം കടുംകൈകൾ ഒട്ടും അസാധാരണങ്ങളായിരുന്നില്ല. രാഷ്ട്രിയങ്ങളായ കക്ഷിവഴക്കുകളും മറ്റും കൊലപാതകംവരെ എത്തുക പതിവുണ്ടായിരുന്ന ഒരു കാലമായിരുന്നു അത്. വളരെക്കാലം ഒരു കലഹപ്രിയനായി നടന്നിരുന്ന ഫെർഡിനാൻഡോയുടെ നേർക്ക് വല്ലവർക്കുമുണ്ടായിരുന്ന പഴയ പകയാവാം ഈ കൊലപാതകത്തിനു കാരണം. നേരത്തെ വീട്ടിൽ എത്തുക പതിവായിരുന്ന ഫെർഡിനാൻഡോ അന്ന് വളരെ രാത്രിയായിട്ടും തിരിച്ചെത്തിക്കാണായ്കയാൽ റീത്താ പരിഭ്രമിച്ചു. ഒടുവിൽ തന്റെ പ്രിയതമന്റെ മരണവൃത്താന്തമാണ് അവൾക്ക് അറിവു കിട്ടിയത്. കുത്തേറ്റു വ്യഥയം പിളർന്ന് വഴിമദ്ധ്യേ കിടന്നിരുന്ന ആ മൃതശരീരം ദർശിച്ചപ്പോൾ റീത്തായുടെ വ്യഥയം വ്യാകുലഖഡ്ഗത്താൽ പിളർന്നുപോയിരിക്കണം!

കൊല്ലും പതിനെട്ടോളമായി ഭർത്താവിനെ നന്നാക്കിക്കൊണ്ടുവരുവാൻ ആ സുകൃതിനി പരിശ്രമിക്കുന്നു. ഒട്ടുണപ്പെട്ട കിട്ടിയതോടെ നേരിട്ട ഈ ദുർഭാരദുഃഖം അവൾ എങ്ങിനെ സഹിക്കും? ജീവിതത്തിൽ തനിക്കുണ്ടായിരുന്ന ഏകാവലംബം 'ഇങ്ങിനിവരാതവണ്ണം' അപ്രത്യക്ഷമായതിനാൽ അവളും കുഞ്ഞുങ്ങളും അനാഥരായിച്ചമഞ്ഞു. ഇതെല്ലാം ഓർത്തോർത്ത് ആ വിധവ വാവിട്ട നിലവിളിച്ചിരിക്കാം. എന്നാൽ ഈ വക വിചാരങ്ങളെ

യെല്ലാം അപേക്ഷിച്ചു് അവളെ ഏറ്റവും കഠിനമായി വ്യസനിപ്പിച്ചതു് വേറൊരു ചിന്തയായിരുന്നു. തന്റെ പ്രിയവരൻ അന്തിമക്ലേശകളാദിയായ ആത്മികസാഹായ്യങ്ങളൊന്നും ലഭിക്കുവാൻ തരമാകാതെ പെട്ടെന്നു മരണവിപത്തിൽപ്പെട്ടുപോയതിനാൽ, ദൈവത്തിന്റെ ന്യായസിംഹാസനത്തിൻമുമ്പിൽ അയാളുടെ ആത്മാവിന്റെ നില എന്തായിരിക്കുമെന്നതായിരുന്നു ഭീത്തായുടെ ഏറ്റവും വലിയ ഉൽക്കണ്ഠാവിഷയം. അതേ, ഭർത്താവിന്റെ നിർയ്യാണത്താൽ തനിക്കു നേരിട്ട ഭൌതിക കഷ്ടങ്ങളേക്കുറിച്ചെന്നതിനേക്കാൾ, ഭർത്താവിന്റെ ആത്മിക സ്ഥിതിയേക്കുറിച്ചായിരുന്നു അവൾ അധികവും ആകുലയായിത്തീർന്നതു്. ആ സുകൃതിനി അപ്പോൾ തന്റെ സ്വപ്നപുണ്യങ്ങളേയും ഭർത്താവിന്റെ ആത്മവിശ്രാന്തിയോന്നിനായിക്കൊണ്ടുതന്നെ ദൈവസന്നിധിയിൽ സമർപ്പിച്ചിരിക്കാം. അവളുടെ അനന്തര ജീവിതത്തിലെ ഉഗ്രതപസ്സും ഫെർഡിനാൻഡോയുടെ രക്ഷയേത്തന്നെ ഉന്നംവെച്ചിരിക്കാം.

ആ സാധ്വി തന്റെ ഭർത്താവിനെ വധിച്ചവരുടെനേർക്കു പകപൂണ്ടു് ഏതെങ്കിലും പ്രതികാരത്തിനു പുറപ്പെട്ടുവോ? ഗാഹൽത്തായിലെ ശ്ലീവാപ്പാഠശാലയിൽ ശൈശവംമുതൽക്കേ പരിശീലനം നടത്തിപ്പോന്നിരുന്ന ആ പുണ്യവതിയുണ്ടോ പ്രതീകാരത്തിനു പുറപ്പെട്ടുന്നു? തന്നെ ക്രൂശിച്ചവർക്കുവേണ്ടി കുരിശിൽ കിടന്നുകൊണ്ടു് പരമപിതാവിനോടു പൊരുതിയപേക്ഷിച്ച കരുണാവാരിധിയായ ക്രിസ്തുനാഥന്റെ കാലടിപ്പാടുകളെ അനുധാവനം ചെയ്യുന്ന ഒരു ക്രിസ്തീയാത്മാവിലോ, പ്രതികാരവിചാ

രം പുലരുവാൻ പോകുന്നു? അത്യുത്തമായ ഈ പരീക്ഷണാവസ്ഥയിൽ അവൾ ക്രിസ്തുനാഥനെ അനുകരിച്ചും, അവിടുത്തെ പേരിൽ ആശ്രയിച്ചുംകൊണ്ട് ശത്രുക്കളോടു ക്ഷമിക്കുവാനും അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും സന്നദ്ധയായി. തന്റെ അരുമസുതന്റെ മൃതശരീരത്തെ മടിത്തടത്തിൽ കിടത്തിക്കൊണ്ട് ഉൽക്കടദുഃഖങ്ങൾ സഹിച്ച ദിവ്യജനനിയുടെ ചിത്രം അപ്പോൾ അവൾ ആത്മനാ ദർശിക്കുകയായിരുന്നു. ചുരുക്കിപ്പറയാം; തന്റെ ഭർത്താവിനെ വധിച്ചതിനെപ്പറ്റിയുള്ള വ്യവഹാരവുംകൊണ്ട് ഗാർഹസ്ഥ്യത്തിലെ ബലിപീഠമാകുന്ന കോടതികയറുവാൻ മാത്രമേ റീത്താ മുതിർന്നുള്ളൂ. അവിടെ മാത്രം അവൾ തന്റെ സങ്കടത്തിന് പ്രതിവിധി കണ്ടെത്തുകയും ചെയ്തു. ഘാതകന്മാർക്കുവേണ്ടി മാപ്പപേക്ഷിക്കുക, ഭർത്താവിന്റെ ആത്മാവിന് നിത്യശാന്തി പ്രാർത്ഥിക്കുക — ഇവയായിരുന്നു ആ പരമ ന്യായാസനത്തിങ്കൽ അവൾ നടത്തിയ വ്യവഹാരത്തിലെ വാദമുഖങ്ങൾ!

## അദ്ധ്യായം — പതിനൊന്ന്

### മക്കളുടെ മരണം

മനുഷ്യഹൃത്തിൽ മറഞ്ഞിരിക്കുന്ന ദുർഗ്ഗുണങ്ങൾ, അവയെ ഇളക്കുന്ന ഏതെങ്കിലും സന്ദർഭങ്ങളുണ്ടായാൽ, ഉടനടി പിടഞ്ഞെഴുന്നേല്ക്കുവാൻ തുടങ്ങും. ക്ഷാരം പൊതിഞ്ഞുകിടക്കുന്ന തീക്കൊള്ളി കാറ്റുതട്ടിയാൽ കത്തിക്കാ

ളാതിരിക്കുമോ? റീത്തായുടെ പുത്രന്മാക്ക് പിതൃസ്വത്തായി ലഭിച്ചിരുന്ന കലഹശീലം അവരുടെ എല്ലുത്തടങ്ങളിൽ മ ങ്ങിക്കിടക്കുകയായിരുന്നു. അതേ, തള്ളയുടെ ശിക്ഷണ വും ദൃഷ്ടാന്തവും കൊണ്ട് ആ തീപ്പൊരികൾ തണുത്തു കിടന്നിരുന്നുവെന്നേയുള്ളൂ. പക്ഷേ, തങ്ങളുടെ പിതാ വിനെ ചില ഘ്രാതകന്മാർ പിടിക്രൂടി കൊന്നുകളഞ്ഞുവെ ന്നുള്ള കൊട്ടംകാറ്റടിച്ചതോടെ അവരുടെ ജന്മവാസന യായ തീക്കനൽ ഉജ്ജ്വലിച്ചുതുടങ്ങി. ഘ്രാതകനാരോട്ട പകരം വീട്ടിയേ തങ്ങൾ അടങ്ങൂ എന്ന് ആ യുവാക്ക ന്മാർ രണ്ടുപേരും ശഠിച്ചു. അവർ പ്രതികാരത്തിനുള്ള അവസരം തേടുകയുമായി.

റീത്താ അവരുടെ മനസ്സു തിരിക്കുവാൻ പല പരി ശ്രമങ്ങളും ചെയ്തു. ക്രിസ്തീയമായ സഹനത്തിന്റെ ആ വശ്യവും പ്രയോജനവും അവൾ അവരെ ശക്തിയായി ഉദ്ബോധിപ്പിച്ചു. ക്രിസ്തുനാഥൻ തന്റെ ശത്രുക്കളോട് കാണിച്ച കരുണയുടെ പരമമാതൃകയെ അവൾ ചൂണ്ടി ക്കാണിച്ചു. അവിടത്തെ ദൃഷ്ടാന്തം അനുകരിച്ച അനേ കം പുണ്യാത്മാക്കളുടെ ചരിത്രം അവൾ അവരെ അനുസ്മ രിപ്പിച്ചു. 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ പൊറുക്ക ുന്നതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും പൊറു ക്കുക' എന്ന് കർത്തൃപ്രാർത്ഥനയിലുള്ള അഭ്യർത്ഥനയെ ഒരു ക്രിസ്ത്യാനി പ്രവൃത്തിപഥത്തിൽ കൊണ്ടുവരേണ്ടതെ ങ്ങനെയെന്ന് അവൾ അവരെ വീണ്ടും വീണ്ടും പഠിപ്പി ച്ചു. പക്ഷേ, ഇതൊന്നുകൊണ്ടും ആ യുവാക്കന്മാരുടെ മനസ്സ് ഇളകിയില്ല. ശത്രുക്കളുടെ രക്തം പാനംചെയ്തി ട്ടേ അവരുടെ പ്രതികാരബുദ്ധി അടങ്ങുകയുള്ളൂ എന്ന് റീത്താ മനസ്സിലാക്കിക്കഴിഞ്ഞു.

ആ പാവപ്പെട്ട വിധവയ്ക്ക് ഇനി എന്താണൊരാശ്വാസം? തന്റെ ഭർത്താവു് അഭിനയിച്ചുകഴിഞ്ഞ ദുഃഖപര്യവസായിയായ നാടകം തന്നെ ക്രൂരതൽ ഭയങ്കരമായ വിധം അരങ്ങേറുവാൻ തുടങ്ങുന്നു തന്റെ ഓമനപ്പുത്രന്മാർ! കൊലപാതകത്തിന് ബദ്ധകങ്കണരായിരുന്ന ആ യുവാക്കന്മാരെ അവൾ എങ്ങനെ തടുക്കും? പരന്മാരുടെ പ്രാണനെ ഹനിക്കുകയെന്ന മഹാപാപത്താൽ തങ്ങളുടെ സ്വസ്വവും, സർവ്വോപരി ആത്മാവും, അപകടത്തിലാക്കുവാൻപോകുന്ന ആ പ്രിയ പുത്രന്മാരെ അവൾ എങ്ങനെ രക്ഷിക്കും? തന്റെ അരുമസുതന്മാർക്കു സംഭവിക്കുവാൻപോകുന്ന ആത്മികനാശത്തെ അവൾ എങ്ങനെ സഹിക്കും? പുത്രവാത്സല്യം വഴിഞ്ഞൊഴുകുന്ന ഒരു മാതൃഹൃദയം അവൾക്കുണ്ട്. അവൾ മനമുരുകിക്കൊണ്ട് തന്റെ പ്രിയ പുത്രന്മാർക്കുവേണ്ടി വീണ്ടും വീണ്ടും ദൈവത്തെ പ്രാർത്ഥിച്ചു. മക്കളുടെ ദുർബുദ്ധി ഒരുവിധത്തിലും മാറുന്നില്ലെന്നും, പ്രതികാരത്തിന്നായുള്ള അവരുടെ പരിശ്രമങ്ങളും ഒരുക്കങ്ങളും അവയുടെ മൂർദ്ധന്യത്തെ പ്രാപിക്കുന്നുവെന്നും കണ്ടപ്പോൾ, അവൾ ക്രിസ്തുവിന്റെ കൃശിതരൂപത്തിൻമുമ്പിൽ മുട്ടിന്മേൽ വീണ് പ്രാർത്ഥിച്ചതായത്: "എന്റെ ദൈവമേ, നീ എന്റെ ദുഃഖകാലത്തു് എനിക്ക് അനുഗ്രഹമായി നൽകിയ ഈ പുത്രന്മാർ മനുഷ്യരക്തത്താൽ തങ്ങളുടെ ആത്മാവുകളെ മലിനമാക്കാൻ തന്നെയാണ് മുതിരുന്നതെങ്കിൽ, ആ പാപകർമ്മം നടക്കുന്നതിനുമുമ്പു് അവരെ നീ ഇഹത്തിൽനിന്ന് തിരികെ എടുത്തുകൊള്ളേണമേ"— ഈ പ്രാർത്ഥന കുറെ കടന്നുപോയോ എന്ന് ശങ്കിക്കുന്നവരുണ്ടെങ്കിൽ, മക്കളുടെ ആ

ത്മീയരക്ഷയെ സർവ്വോപരി വിലമതിക്കുന്ന ഒരുത്തമ ക്രിസ്തീയ മാതാവിനു മാത്രമേ അത്ര ധീരമായി പ്രാർത്ഥിക്കുവാൻ സാധിക്കുകയുള്ളൂ എന്നാണ് അവരോടു പറയുവാനുള്ള സമാധാനം. പാപകർമ്മത്തിന്റെ ഫലമാകുന്ന ആത്മികമരണത്തോടു തുലനം ചെയ്താൽ ശാരീരിക മരണം എത്രയോ നിസ്സാരം! എത്രയോ ഉപകാരപ്രദം!

സ്വപുത്രന്മാരേപ്പറ്റി റീത്താ ചെയ്ത പ്രസ്തുത പ്രാർത്ഥനയുടെ ഏറ്റവും ധീരമായ വശം തന്നേയാണ് ദൈവം സ്വീകരിച്ചതു്. അവളുടെ പുത്രന്മാർ രണ്ടുപേരും ഒരാണ്ടിനകം തന്നെ ഐഹികവാസം വെടിഞ്ഞു. അതേ, അവർ ചെയ്യാനൊരുങ്ങിക്കൊണ്ടിരുന്ന മഹാ പാപകർമ്മത്തിൽനിന്ന് അവർ വിമുക്തരായി. വേറൊരു വാക്കിൽ പറഞ്ഞാൽ, അവർ മരിച്ചില്ല; യഥാർത്ഥത്തിൽ ജീവിക്കുവാനായി പാപമാകുന്ന മരണത്തിൽനിന്ന് ഒഴിയുകയാണുണ്ടായതു്. ഇതോടെ, റീത്തായുടെ ജീവിതത്തിലെ പൂർവ്വഘട്ടം അവസാനിച്ചു് അതൊരു പുതിയരംഗത്തിലേയ്ക്ക് പ്രവേശിക്കാറുമായി. ഉത്തമയായ ഒരു പുത്രിയുടേയും, ഉത്തമയായ ഒരു ഭാര്യയുടേയും, ഉത്തമയായ ഒരു മാതാവിന്റേയും മാതൃകകൾ അവൾ ലോകത്തിനു നൽകിക്കഴിഞ്ഞു. അവളുടെ ആയുശ്ശേഷം ലോകത്തിന് പല പുതിയ പാഠങ്ങൾ ഇനിയും നൽകുവാൻ പോകുന്നു. ദൈവം തന്റെ ഇഷ്ടഭാജനമായ ഒരാത്മാവിനേക്കൊണ്ടു് ചെയ്യിക്കുന്ന ലോകോപകാരങ്ങളുടെ കണക്ക് ആരു കണ്ടു? സർവ്വവും നന്മയ്ക്കായിക്കൊണ്ടു നിയന്ത്രിക്കുന്ന ദിവ്യപരിപാലനയുടെ അത്ഭുതകരവും അതിഗഹനവുമായ പ്രവർത്തനത്തിൽ റീത്തായ്ക്കുണ്ടായിരുന്ന സജീവ വിശ്വാസമാണ്

അവളുടെ ജീവിതക്കപ്പലിനെ ഇക്കണ്ട മഹാ പെശുകളുടേയെല്ലാം മദ്ധ്യത്തിൽ കൂടി വിജയ തുറമുഖത്തിലേയ്ക്ക് പായിച്ചുകൊണ്ടിരുന്നതു്. ആ കപ്പൽ തുറമുഖത്തെങ്ങും അടുക്കാറായിട്ടില്ല. ഇനിയും വളരെ ദൂരം ഓടേണ്ടതുണ്ടു്. അതിന്റെ അനന്തരഗതിയേയും നാം പഠിക്കുകതന്നെ. ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു് ഓടുന്ന ജീവിതക്കപ്പൽ എത്ര വലിയ പെശുകളേയും ജയിച്ചു് തുറമുഖത്തു് ഭദ്രമായെത്തിച്ചേരുമെന്നുള്ളതു് തീർച്ചയാകുന്നു.

## അദ്ധ്യായം—പന്ത്രണ്ടു്

### മറെറാരത്ഭുതംകൊണ്ടു് മഠത്തിൽ!

മാതാപിതാക്കളും, ഭർത്താവും, മക്കളുമെല്ലാം മരണാനന്തരയവനികയുള്ളിൽ മറഞ്ഞു കഴിഞ്ഞതിനാൽ ലോകരംഗത്തിൽ ഏകാകിനിയായിത്തീർന്ന റീത്തായുടെ — ആ പാവപ്പെട്ട വിധവയുടെ—അനന്തരഗതിയെന്തു്? ഇതിനേക്കാൾ നിസ്സഹായവും ദുഃഖഭ്രയിഷ്ഠവുമായ ഒരു വൈധവ്യം വേറെയുണ്ടാകാനുണ്ടോ? മനുഷ്യ ദൃഷ്ടിയിൽ ഇതു് വലിയൊരു ദുരവസ്ഥയായിത്തോന്നാം. എന്നാൽ ദൈവതിരുവുള്ളത്തിന്റെ പ്രവർത്തനത്തിനു് ഒഴിഞ്ഞുകൊടുക്കപ്പെട്ടിരിക്കുന്ന ഒരാത്മാവിനു് വൈധവ്യവും ഒരു മഹാഭാഗ്യം തന്നേയാണു്. ഉത്തമയായ ഒരു വിധവയ്ക്കു് പ്രാപിക്കാവുന്ന വിശുദ്ധിയുടെ വീരവിജയത്തെ ഇതാ

നമ്മുടെ കഥാനായിക തന്റെ അനന്തരജീവിതത്താൽ ലോകസമക്ഷം വിളംബരം ചെയ്യാൻ തുടങ്ങുന്നു.

ചെറുപ്പം മുതൽക്കേ റീത്തായ്ക്കുണ്ടായിരുന്ന സന്ന്യാസവാസന ഇപ്പോൾ അതിന്റെ പൂർണ്ണവികാസത്തെ പ്രാപിക്കുകയായി. വിശുദ്ധ പൌലോസ് വിധവകൾക്കു നൽകിയിരിക്കുന്ന ഉപദേശം അനുസരിച്ച് അവൾ പ്രാർത്ഥനയിൽ അഹോരാത്രം ബദ്ധശ്രദ്ധയാവുകയും, തന്റെ ശരണം മുഴുവൻ ദൈവത്തിൽ ഉറപ്പിക്കുകയും ചെയ്തു. ഉഗ്രമായ ഉപവാസവും തപസ്സുംകൊണ്ട് അവൾ തന്റെ ജഡത്തെ നിയന്ത്രിച്ചു. തന്നിൽനിന്ന് പിരിഞ്ഞു പോയിട്ടുള്ള ഉറ്റവരുടേയും തന്റേയും ആത്മീയ രക്ഷയ്ക്കും, പരോപകാരത്തിനും പറ്റിയ പുണ്യകർമ്മങ്ങളെ അവൾ തീവ്രമായി ശീലിച്ചു. റോക്കാ പൊറാനായിൽ ഒരു മലംപ്രദേശത്തുണ്ടായിരുന്ന ഗുഹയിൽ ഒരു കുരിശു നാട്ടി, അവൾ അവിടെ ലോകദൃഷ്ടിയിൽനിന്നു മറഞ്ഞിരുന്നുകൊണ്ട് അക്കാലം തപോകർമ്മങ്ങൾ അനുഷ്ഠിച്ചുപോന്നിരുന്നു. പാവങ്ങളെ പാട്ടുള്ള എല്ലാവിധത്തിലും സഹായിക്കുകയെന്നതു് അവൾ തന്റെ വൈധവ്യത്തിലും കായ്ക്കുമായി പിടിച്ചിരുന്ന ഒരു പ്രവൃത്തിപരിപാടിയായിരുന്നു. അവർക്കുവേണ്ടി എന്തു ത്യാഗവും ചെയ്യാൻ അവൾ സന്നദ്ധയായിരുന്നു. ഒരിക്കൽ അർദ്ധനഗ്നയായി തണുപ്പുകൊണ്ടു വിറയ്ക്കുന്ന ഒരു പാവപ്പെട്ട സ്ത്രീയെ കണ്ടപ്പോൾ, താൻ ധരിച്ചിരുന്ന മേലങ്കി ഊരി റീത്താ അവളെ ഉടുപ്പിച്ചതായി പറയപ്പെടുന്നു. ഇങ്ങനെ ദൈവത്തെ സ്നേഹിച്ചും, ദൈവത്തേപ്രതി പാവങ്ങളെ സഹായിച്ചും, പ്രാർത്ഥനയിലും തപസ്സിലും ഏകാഗ്രമായ ശ്രദ്ധ പ

തിച്ചുംകൊണ്ട് റീത്താ പുണ്യസമ്പാദനത്തിന്നായി പൂർവ്വാധികം പരിശ്രമിച്ചു.

ലോകത്തിൽ നിന്നുകൊണ്ട് തന്റെ സുകൃതജീവിതം എന്നും ഭദ്രമായി സൂക്ഷിച്ചുകൊള്ളാമെന്ന് ആ വിധവ, ഏതായാലും ധൈര്യപ്പെട്ടില്ല. കഴിയുന്നതും വേഗത്തിൽ ഒരു കന്യകാമഠത്തിന്റെ കരുത്തേറിയ മതിൽക്കെട്ടിനുള്ളിൽ മറയണമെന്നായിരുന്നു റീത്തായുടെ ആഗ്രഹം. ബാല്യം മുതൽക്കേ അവളിൽ ശുദ്ധമൂലമായിക്കിടന്നിരുന്ന താല്പര്യവും അതുതന്നെയായിരുന്നുവല്ലോ. ഒരു ദിവസം കാഷ്യായിലെ അഗസ്റ്റീനിയൻ കന്യാസ്ത്രീകളുടെ ദേവാലയത്തിൽ ദിവ്യപൂജ കണ്ടുകൊണ്ടു നിൽക്കുമ്പോൾ, തന്റെ ഹൃദയത്തിൽ ശക്തിയേറിയ ഒരു വികാരം പരക്കുന്നതായി അവൾക്ക് അനുഭവപ്പെട്ടു. 'ഞാൻ മാർഗ്ഗവും സത്യവും ജീവനുമാകുന്നു' എന്ന് ക്രിസ്തുനാഥൻ തന്റെ ഹൃദയത്തെ ഉദ്ബോധിപ്പിക്കുന്നതായും, ഉടനടി ലോകത്തെ സന്ത്യജിച്ച് മുറപ്രകാരം സന്ന്യാസം സ്വീകരിക്കുവാൻ അവിടുന്നു തന്റെ ഹൃദയത്തെ ഉത്തേജിപ്പിക്കുന്നതായും അവൾക്ക് തോന്നി.

സയിൻറ് അഗസ്റ്റിന്റെ സന്ന്യാസസഭാനിയമങ്ങളെ അനുവർത്തിച്ച് ഉഗ്രതപസ്സു ചെയ്യുന്ന അഗസ്റ്റീനിയൻ കന്യകാസഭയിൽത്തന്നെ ചേരണമെന്നാണ് റീത്തായ്ക്കു പ്രേരണയുണ്ടായത്. കുട്ടിക്കാലം മുതൽക്കുതന്നെ ഉഗ്രമായ തപോനിഷ്ഠയിൽ വളർന്നുപോന്നിരുന്ന റീത്തായുടെ സന്ന്യാസവാസന, മേൽപറഞ്ഞ സഭയുടെ തീവ്രനിയമങ്ങൾക്ക് പറ്റിയതുമായിരുന്നു. അവൾ ഉടനെ കാഷ്യായിലെ ആ കന്യകാമന്ദിരത്തിൽ പ്രവേശം

അഭ്യർത്ഥിക്കുകയായി. പക്ഷെ, അനുമതി കിട്ടിയില്ല. കേവലം കന്യകകൾക്കു മാത്രമായുള്ള ആ സന്ന്യാസസഭയിൽ വിധവകളെ പ്രവേശിപ്പിക്കാൻ നിയമതടസ്ഥമുണ്ടായിരുന്നു. എന്തു ചെയ്യും? വിധവകളുടെ പ്രവേശനത്തെ നിരോധിക്കുന്ന നിയമത്തിന്റെ കർശ്ശനതയേയല്ലാ, സ്വന്തം അയോഗ്യതയേയാണ് റീത്താ ഇക്കാര്യത്തിൽ കുറ്റപ്പെടുത്തിയതു്. ഏതായാലും അവൾ ആശ വിട്ടില്ല.

അവൾ തന്റെ തപസ്സും പുണ്യവുമെല്ലാം പൂർവ്വാധികം ബലപ്പെടുത്തിക്കൊണ്ട് ദൈവതിരുവുള്ളം അറിയാനായി വീണ്ടും വീണ്ടും പ്രാർത്ഥിച്ചു. രണ്ടാമതൊരിക്കൽക്കൂടി അവൾ ആ കന്യകാമന്ദിരത്തിന്റെ വാതിലുകൽ മുട്ടി വിനയപൂർവ്വം പ്രവേശം അർത്ഥിച്ചു. മഠാധിപയുടെ മറുപടി അപ്പോഴും പ്രതികൂലമായിരുന്നു. എന്നിട്ടും റീത്താ മടുത്തില്ല. മൂന്നാമതൊരിക്കൽക്കൂടി അവൾ മഠത്തിൽ ചെന്ന് തന്റെ അപേക്ഷയെ ആവർത്തിച്ചു. അപ്പോഴും പഴയ മറുപടിതന്നേയാണ് ലഭിച്ചതു്. പക്ഷേ, ഈ പരാജയങ്ങൾകൊണ്ടൊന്നും റീത്താ തന്റെ പരിശ്രമത്തിൽ പരാങ്മുഖയായില്ല. പ്രതിബന്ധം കൂടുന്തോറും അവൾ തന്റെ പ്രാർത്ഥനയുടെ തീവ്രതയെ വർദ്ധിപ്പിച്ചുകൊണ്ടേയിരുന്നു. തന്റെ മദ്ധ്യസ്ഥരായ സ്നാപക യോഹന്നാൻ, സയിൻറ് അഗസ്റ്റിൻ, സയിൻറ് നിക്കോളോസ് എന്നീ പുണ്യാത്മാക്കളുടെ മാദ്ധ്യസ്ഥ്യം അവൾ ഇക്കാര്യത്തിൽ നിരന്തരം പ്രാർത്ഥിക്കാൻ തുടങ്ങി. ഉള്ളുരുകിക്കൊണ്ടുള്ള അവളുടെ ആ പ്രാർത്ഥനകൾ ഫലിക്കുവാനുള്ള കാലമായി.

വേനൽക്കാലത്തിലെ മനോഹരവും നിശ്ശബ്ദവുമായ ഒരു നിശീഥം. ഗ്രാമവാസികളെല്ലാവരും ഗാഢനിദ്രയാൽ ആ അർദ്ധരാത്രിയെ ബഹുമാനിക്കുകയാകുന്നു. എന്നാൽ റീത്തായുടെ മുറിയിൽമാത്രം വിശ്രമവും നിദ്രയും എത്തി നോക്കിയിട്ടില്ല. അവൾ അപ്പോഴും പതിവുപോലെ പ്രാത്ഥനയിലാണ്. സ്വർഗ്ഗത്തിലേയ്ക്കു ഉടലും ഉയിരും ഉയത്തി ആ സുകൃതിനി ധ്യാനനിഷ്ഠയിൽ അവിടെ മുട്ടിന്മേൽ നിലകൊള്ളുന്നു. അവളുടെ ആത്മാവു ഒരു സ്വർഗ്ഗീയ ദർശനത്തിൽ ലയിച്ചിരിക്കുകയാണ്. കുറെ കഴിഞ്ഞപ്പോൾ, പെട്ടെന്നു ആരോ വാതിലിൽ മുട്ടുന്ന ഒരു സ്വരം അവളുടെ കർണ്ണപുടങ്ങളിൽ പതിച്ചു. പുറത്തേയ്ക്കു നോക്കുവാനായി അവൾ എഴുന്നേറ്റു. അപ്പോൾ അവൾക്കു തെല്ലൊരു ഭയംതോന്നി. ഉടനെ ദൈവസഹായം പ്രാത്ഥിച്ചു ധൈര്യം അവലംബിച്ചിട്ട് അവൾ കിളിവാതിലിൽ ചെന്ന് പുറത്തേക്കു നോക്കി. ആരേയും കണ്ടില്ല. അവൾ പിന്നെയും പ്രാത്ഥനയിലേയ്ക്കുതന്നെ പിന്തിരിഞ്ഞു. അപ്പോൾ വീണ്ടും കേൾക്കാം ഒരു സ്വരം. ഇത്തവണ 'റീത്താ, റീത്താ' എന്ന് തന്റെ പേരുതന്നെ ആരോ വിളിക്കുന്നതായിട്ടാണ് അവൾ കേട്ടത്. അവൾ ആശ്ചര്യഭരിതയായി വീണ്ടും പുറത്തേയ്ക്കു നോക്കി. അപ്പോൾ കാണാം മൂന്നു പുണ്യാത്മാക്കളുടെ പുറപ്പാട്! തന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥരായ വിശുദ്ധ സ്ഥാപകയോഹന്നാനും, സയിൻറ് അഗസ്റ്റിനും, സയിൻറ് നിക്കോളാസും തന്നെയാണ് അവിടെ ആഗതരായിരിക്കുന്നതെന്നും, അവരുടെ ആഗമനത്തെ സൂചിപ്പിക്കുന്ന ദർശനത്തിൽത്തന്നെയാണ് തന്റെ ആത്മാവു ആ സമയം ഏർപ്പെട്ടിരുന്നതെന്നും അവൾ മനസ്സിലാക്കി.

കാഷ്യായിലെ അഗസ്റ്റീനിയൻ കന്യകാമഠത്തിലേയ്ക്ക് പുറപ്പെട്ടവാൻ ആ പുണ്യാത്മാക്കൾ റീത്തായെ വിളിക്കുകയാണ്. അതേ, മൂന്നു പ്രാവശ്യം അവർക്കു പ്രവേശം നിഷേധിക്കപ്പെട്ട കന്യകാമഠത്തിലേയ്ക്കു തന്നെ. അവളുടെ മനുഷ്യപ്രകൃതി ആദ്യം സ്വല്പം പരിഭ്രമിച്ചു. അനന്തര ക്ഷണത്തിൽ അവൾ ധൈര്യം അവലംബിച്ച് ആ പുണ്യാത്മാക്കളെ അനുഗമിക്കുകയായി. റീത്തായ്ക്കു കേവലം അപരിചിതമായിരുന്ന ഏതോ ഒരു മാർഗ്ഗത്തിലൂടെ നടന്നു അവരെല്ലാവരും ഉടനെ മഠത്തിലെത്തി. ആ കന്യകാലയമാകട്ടെ, ആ സമയം സർവ്വത്ര ഭദ്രമായി പൂട്ടിയിരിക്കുകയാണ്. ഒരു ജീവിക്കും ആ രാത്രികാലത്ത് അതിനകത്തു കടന്നുചെല്ലുവാൻ സാധിക്കുകയില്ല. പക്ഷേ, റീത്തായെ അവിടെയ്ക്ക് ആനയിക്കുന്ന സിദ്ധന്മാരുടെ ഗതിയ്ക്കുണ്ടോ ഏതെങ്കിലും മാർഗ്ഗതടസ്ഥം! കരുത്തേറിയ പടിവാതിലുകളുടേയോ, മറ്റേതെങ്കിലും കവാടങ്ങളുടേയൊ യാതൊരു പൂട്ടും തുറക്കാതെതന്നെ അവർ റീത്തായെ മഠത്തിനകത്ത് പരിശുദ്ധ കുർബാന എഴുന്നള്ളിച്ചുവെച്ചിട്ടുള്ള ജപമണ്ഡപത്തിലേയ്ക്ക് ആനയിച്ചു. അനന്തരം അവർ അവിടെനിന്നു അപ്രത്യക്ഷരാവുകയും ചെയ്തു. റീത്താ അത്ഭുതകരമായ ഈ സംഭവത്തേപ്പറ്റി ചിന്തിച്ചുകൊണ്ട് അവിടെ നില്ക്കുകയായിരുന്നു.

കുറെ കഴിഞ്ഞപ്പോൾ കന്യാസ്ത്രീകൾ പ്രഭാതത്തിനമുമ്പ് പതിവുള്ള ഒരു പ്രാർത്ഥന നടത്തുവാനായി ആ ജപമണ്ഡപത്തിലെത്തി. അപ്പോൾ ഒരു സ്ത്രീ അവരുടെ കൂട്ടത്തിൽ ചേർന്ന് പ്രാർത്ഥിക്കുന്നതായിട്ടാണ് അവർ കണ്ടത്. ആര്? തങ്ങൾ മഠത്തിൽ പ്രവേശം കൊടുക്കാതെ പലപ്രാവശ്യവും തിരിച്ചയച്ചിരുന്ന റീത്താത

ന്നൊ! ഇതെന്തൊരു കഥയെന്ന് അവരെല്ലാവരും അന്ധാളിച്ചു. അവർ റീത്താ യെ വിളിച്ച് കർശനമായി ചോദ്യം ചെയ്തു. വാതിലുകളുടെ പൂട്ടുകളെല്ലാം അവർ ശ്രദ്ധാപൂർവ്വം പരിശോധിച്ചു. ഒരു പൂട്ടും തുറന്നിട്ടില്ല. കന്യാസ്ത്രീകളുടെ അത്ഭുതം വർദ്ധിച്ചു. റീത്താ ഉണ്ടായ സംഭവമെല്ലാം വിവരിച്ചു പറഞ്ഞു. മഠപ്രവേശനത്തിനായുള്ള തന്റെ അഭ്യർത്ഥനയെ അവർ മുറപ്രകാരം ഒരിക്കൽക്കൂടി ആവർത്തിക്കുകയും ചെയ്തു. ചോദ്യവും, എതിർചോദ്യവും, പരിശോധനയുമെല്ലാം കഴിഞ്ഞു് പ്രകൃത സംഭവത്തിന്റെ സത്യവ്രതം നിസ്തർക്കമായി ബോദ്ധ്യപ്പെട്ടപ്പോൾ, റീത്തായെ മഠത്തിൽ സ്വീകരിക്കാൻ അവർ നിർബന്ധിതരായി എന്ന് പറയേണ്ടതില്ലല്ലോ. ഇങ്ങനെ, തനിക്കുണ്ടായ ദൈവവിളിയെ വിശ്വസ്തമായി അനുവർത്തിക്കുവാൻ പ്രാർത്ഥനയും പുണ്യകർമ്മങ്ങളുംകൊണ്ട് സ്ഥിരപരിശ്രമം ചെയ്ത റീത്തായ്ക്ക്, ദൈവം ഒരത്ഭുതം പ്രവർത്തിച്ചിട്ട തന്നെ മഠത്തിൽ പ്രവേശം വാങ്ങിക്കൊടുത്തു് അവളെ അനുഗ്രഹിച്ചു. സന്ന്യാസത്തിലേയ്ക്കും പൗരോഹിത്യത്തിലേയ്ക്കുമുള്ള ദൈവവിളിയെ സഫലമാക്കുവാൻ ആദ്യമാദ്യം കാണുന്ന ചില പ്രതിബന്ധങ്ങൾനിമിത്തം മനസ്സു മടുക്കാതെ പ്രാർത്ഥനയും പുണ്യകർമ്മങ്ങളുംകൊണ്ട് ആ ഉദ്യമം വിജയോദയംവരെ നിരന്തരം തുടർന്നുകൊണ്ടിരിക്കേണ്ടതിന്റെ ആവശ്യം ഈ സംഭവത്തിൽനിന്ന് ധാരാളം വ്യക്തമാകുന്നുണ്ടല്ലൊ. ആവക പ്രതിബന്ധങ്ങളാൽ വിഷമിക്കുന്നവർ റീത്തായെ കണ്ടുപഠിക്കട്ടെ.

# അദ്ധ്യായം—പതിമൂന്ന്

## മാതൃകാസന്ന്യാസിനി

1413-ലായിരുന്ന റീത്തായുടെ മഠപ്രവേശനമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. അന്ന് അവൾക്കു മുപ്പത്തി രണ്ടു വയസ്സു കഴിഞ്ഞിരുന്നു. കുട്ടിക്കാലം മുതൽക്ക് താൻ ശീലിച്ചിരുന്നതും ആശിച്ചിരുന്നതുമായ സന്ന്യാസ ചര്യയെ ആ സാധു ഇപ്പോൾ പൂർവ്വാധികം തീവ്രമായി ആചരിക്കുവാൻ തുടങ്ങി. ആ മഠത്തിലെ നവസന്ന്യാസി നികൾക്കെന്നുവേണ്ടാ, സകലപേർക്കും റീത്താ ഒരുത്തമ ദൃഷ്ടാന്തമായിത്തീർന്നു. ലോകത്തിൽവെച്ച് ബാലിക മാർക്കും, യുവതികൾക്കും, ഭാര്യമാർക്കും, മാതാക്കൾക്കും, വിധവകൾക്കുമെല്ലാം ഒരുന്നതാദർശമായി പ്രശോഭിച്ചി രുന്ന റീത്താ, ഇവിടംമുതൽ സന്ന്യാസ ജീവിതസ്ഥിതി യിലുള്ളവർക്ക് ഒരു മഹനീയ മാതൃകയാവാൻ തുടങ്ങു കയാണ്.

റീത്തായുടെ സന്ന്യാസവ്രതവാഗ്ദാനം നടന്ന ദിവ സം രാത്രി അവൾക്ക് ഒരു ദർശനം ഉണ്ടായി. അവൾ അന്നു രാത്രി തന്റെ മുറിയിൽ ക്രൂശിതരൂപത്തിൻമു മ്പിൽ പ്രാർത്ഥിച്ചുകൊണ്ടു നില്ക്കുകയായിരുന്നു. പല പ്പോഴും തനിക്കു അനുഭവപ്പെടാറുള്ളതുപോലെ അപ്പോ ഴും അവൾ സമാധിയിൽ ലയിച്ചു. അപ്പോൾ സ്വർഗ്ഗ ത്തിൽനിന്നു ഭൂമിയിലേയ്ക്കു എത്തുന്ന ഒരു സോപാനം

അവർ ആത്മനാ ദർശിക്കുകയായി. ആ സോപാനത്തിന്റെ അഗ്രിമസ്ഥാനത്തു ക്രിസ്തുനാഥൻ സന്നിധി ചെയ്യുന്നതായും, മാലാഖമാർ ആ കോവേണിയിലൂടെ കയറുകയും ഇറങ്ങുകയും ചെയ്യുന്നതായും അവർ കണ്ടു. ആ സോപാനത്തിലൂടെ മേല്പോട്ട കയറുവാൻ സ്പർദ്ധീയരാജൻ തന്നെ ക്ഷണിക്കുന്നതായും അവർ മനസ്സിലാക്കി. 'പൂർവ്വനിയമ'ത്തിൽ യാക്കോബിനുണ്ടായ ദർശനത്തോട് ഏതാണ്ടു സാമ്യം വഹിക്കുന്ന ഒരു ദർശനമാണ് ഇവിടെ റീത്തായ്ക്കുണ്ടായത്.

ഇതിന്റെ അർത്ഥം എന്തായിരിക്കുമെന്ന് റീത്താ ആലോചിച്ചു. 'അധികം കൊടുക്കപ്പെട്ടിരിക്കുന്നവരിൽ നിന്ന് അധികം പ്രതീക്ഷിക്കപ്പെടുന്നു' എന്നതാണ് ഈ ദർശനത്തിന്റെ അർത്ഥമെന്ന് അവളുടെ ആത്മാവിന് തൽക്ഷണംതന്നെ ഒരുദ്ബോധനവും സിദ്ധിക്കുകയുണ്ടായി. ദൈവശുശ്രൂഷയ്ക്കായി വിളിക്കപ്പെടുന്ന ഓരോ ആത്മാവും ദൈവത്തിൽനിന്നു ഒരു വലിയ അനുഗ്രഹം പ്രാപിക്കുകയാണ് ചെയ്യുന്നത്. തങ്ങൾക്കു സിദ്ധിച്ചിരിക്കുന്ന വിശേഷവിധമായ ആ അനുഗ്രഹങ്ങൾക്കനുയോജ്യങ്ങളായ വിശിഷ്ടഫലങ്ങളെ പുറപ്പെടുവിക്കുവാൻ അവർക്കുള്ള കടമയാണ് റീത്തായ്ക്കു ലഭിച്ച മേൽപറഞ്ഞ ഉദ്ബോധനത്താൽ സൂചിപ്പിക്കപ്പെടുന്നതെന്നു സ്പഷ്ടം. ആ മാതൃകാസന്ന്യാസിനി ഈ കടമയെ എത്രകണിശമായിട്ടാണ് നിറവേറ്റിയതെന്നു ചുവടെ പ്രസ്താവിക്കുന്ന ചില സംഗതികളിൽനിന്ന് കുറേയെങ്കിലും വിശദമായിക്കൊള്ളും.

ക്രിസ്തീയ പുണ്യപൂർണ്ണതയുടെ അടിസ്ഥാനമായ ഉപ
ദിയാണ് അഗസ്റ്റീനിയൻ സഭയുടെ നിയമസംഹിതയി
ലെ മൂലസിദ്ധാന്തം. സർവ്വകാര്യങ്ങളേയുംകാൾ ദൈവ
ത്തെ സ്നേഹിക്കുക, പിന്നെ അയൽക്കാരനെ സ്നേഹി
ക്കുക (1) എന്ന് അർത്ഥം വരുന്നതായി ആ നി
യമസംഹിതയിലുള്ള നിർദ്ദേശം റീത്തായ്ക്ക് ഒട്ടും 'പു
ത്തരി'യായിരുന്നില്ല. ദൈവസ്നേഹവും പരസ്നേഹവും അ
വർ ചെറുപ്പം മുതൽക്കേ ശീലിച്ചുപോന്നിരുന്ന പുണ്യ
ങ്ങളായിരുന്നുവല്ലൊ. സന്ന്യാസസഭയിൽ ചേർന്നശേഷം
അവർ ആ പുണ്യാഭ്യാസത്തെ, തന്റെ സഹോദരികളായ
സന്ന്യാസിനികൾക്കുകൂടെയും ഒരുത്തമ ദൃഷ്ടാന്തമായിത്തീ
രത്തക്കവണ്ണം, വികസിപ്പിക്കുകയായി. അവർ ശീലിച്ചി
രുന്ന തപശ്ചര്യയേക്കുറിച്ചുള്ള ചില വിവരങ്ങൾ അ
ടുത്ത അദ്ധ്യായത്തിൽ പറയാം. പരിശുദ്ധ കുർബാനയു
ടെ നേർക്കുള്ള ഭക്തിയും മിശിഹായുടെ പീഡാനുഭവങ്ങ
ളേക്കുറിച്ചുള്ള ധ്യാനവുമായിരുന്നു അവളുടെ പുണ്യാഭ്യാസ
ത്തിന്റെ പ്രാണനാഡി. റീത്തായെ കാണ്മാനായി മറ്റു
കന്യാസ്ത്രീകൾ അവളെ പതിവായി അന്വേഷിക്കാറുള്ള
ഒരു സ്ഥലം ഉണ്ടായിരുന്നു. പരിശുദ്ധ കുർബാന എഴു
ന്നെള്ളിച്ചുവെച്ചിരിക്കുന്ന സക്രാരിയുടെ മുമ്പിലായിരുന്ന
ആ സ്ഥലം. ധ്യാനനിഷ്ഠയിലോ, പ്രായശ്ചിത്തസന്ന
ദ്ധതയിലോ, പരോപകാരതല്പരതയിലോ, മറ്റേതെ
ങ്കിലും പുണ്യങ്ങളിലോ റീത്തായെ വെല്ലുവാൻ ആ

---

(1) "Ante omnia fratres charissimi, diligatur Deus, deinde proximus."

മംത്തിലെ മഹാ തപസ്വിനികൾക്കുപോലും സാധിച്ചില്ല.

എന്നാൽ താൻ ഒരു മഹാ പാപിനിയാണെന്നും, മറ്റു കന്യാസ്ത്രീകളുടെ കൂട്ടത്തിൽനില്ക്കുവാൻപോലും തനിക്കു യോഗ്യതയില്ലെന്നുമായിരുന്ന റീത്തായുടെ വിനയസമ്പുഷ്ടമായ വിചാരഗതി. അതായിരുന്ന അവളുടെ പുണ്യാഭിവൃദ്ധിയുടെ രഹസ്യവും. അവൾ പ്രാർത്ഥനകൊണ്ടും പ്രബോധനംകൊണ്ടും പ്രയത്നംകൊണ്ടും പ്രായശ്ചിത്തംകൊണ്ടും സർവ്വരേയും ഉദാരമായി സഹായിക്കാൻ സന്നദ്ധയായിരുന്നു. ദുഃഖിതരെ ആശ്വസിപ്പിക്കുക, സന്ദേഹങ്ങളാൽ കുഴങ്ങുന്നവരെ സദുപദേശംകൊണ്ട് ധൈര്യപ്പെടുത്തുക, വിശ്വാസത്തിലും സദാചാരത്തിലും നിന്നു തെറ്റിപ്പോയവരെ സൽപഥത്തിലേയ്ക്ക് തിരിക്കുക, രോഗികളെ ശുശ്രൂഷിക്കുക—എന്നിങ്ങനെ പരസ്നേഹപരങ്ങളായ ഏതു കൃത്യങ്ങളിലും അവൾ ദത്തശ്രദ്ധയായിരുന്നു. ദുഃഖിതരിലും രോഗികളിലും പാവങ്ങളിലും അവൾ ക്രിസ്തുവിന്റെ പ്രതിനിദ്ധ്യത്തെ ദർശിക്കുകയും, ക്രിസ്തുവിന്റെ നേർക്കുള്ള സ്നേഹത്താൽ അവരെ ശുശ്രൂഷിക്കുവാനും സഹായിക്കുവാനും സമാശ്വസിപ്പിക്കുവാനും സംപ്രേരിതയാവുകയും ചെയ്തു. നാല്പത്തഞ്ചു വത്സരങ്ങളോളം ദീർഘിച്ച തന്റെ സന്ന്യാസജീവിതത്തിനിടയിൽ, തനിക്ക് സുഖമുണ്ടായിരുന്നോടത്തോളം കാലം, ആ മംത്തിലെ ഒരു സഹോദരിയെങ്കിലും റീത്തായുടെ പരിചര്യയും സാഹായ്യവുമേൽക്കാതെ ദിനത്തിൽ കിടക്കാനിടവന്നിട്ടില്ല. ആ കാലത്തിനകം ആ മംത്തിൽനിന്ന് ഐഹികവാസം വെടിഞ്ഞിട്ടുള്ള ഒട്ടെല്ലാ സഹോദരികളും റീത്തായുടെ മാ

തുനിവ്വിശേഷമായ ശുശ്രൂഷയേറ്റു, അവളുടെ സമാശ്വാസദായകമായ സദുപദേശം ശ്രവിച്ചു് അവളുടെ മടിത്തടത്തിൽ കിടന്നുകൊണ്ടുതന്നെയാണു് മരണം പ്രാപിച്ചിട്ടുള്ളതെന്നും പറയാം.

റീത്തായുടെ പരസ്നേഹം മഠത്തിനകത്തു മാത്രമല്ലാ, പുറത്തേയ്ക്കും ധാരാളം പ്രകാശിച്ചിരുന്നു. പാവങ്ങളെ സഹായിക്കുന്നതിലും, പാപികളുടെ മാനസാന്തരത്തിനായി പ്രയത്നിക്കുന്നതിലും അവൾ പ്രദർശിപ്പിച്ചിരുന്ന ഉത്സാഹം ആർക്കും ഒരു പാഠമാണു്. ഈ ഒടുവിൽ പറഞ്ഞ വേലയിൽ റീത്തായ്ക്കുണ്ടായിരുന്ന തൃഷ്ണയെ തെളിയിക്കുന്ന ഒരു സംഭവം പറയാം. പാപപരമായ പരസ്പരബന്ധത്താൽ നാട്ടിനൊട്ടാകെ ഒരുതപ്പും ശാപവുമായിത്തീർന്ന രണ്ടുപേർ അക്കാലം കാഷ്യായിൽ ജീവിച്ചിരുന്നു. അവരെ ശരിപ്പെടുത്താൻ ശ്രമിച്ചവരെല്ലാം മനംമടുത്തു മടങ്ങുകയായിരുന്നു പതിവു്. കരുണയോ, ഭീഷണിയോ ഒന്നും അവരിൽ ലവലേശം ഫലിച്ചിരുന്നില്ല. പാപത്തേപ്പറ്റി അഭിമാനിക്കുവാൻപോലും സാധിക്കുന്ന ഒരുമാതിരി നാണംകെട്ട ധാർഷ്ട്യമാണു് അവർക്കുണ്ടായിരുന്നതു്. പക്ഷേ, ദൈവത്തിന്റെ അപാരമായ കരുണയിലും ശക്തിയിലും ദൃഢവിശ്വാസമുള്ള റീത്തായുണ്ടോ ഇങ്ങനെയുള്ള കായ്ക്കളിലും മനംമടുത്തു പിന്മാറുന്നു? അവൾ ആദ്യംതന്നെ അവർക്കുവേണ്ടി തീവ്രമായി പ്രാർത്ഥിക്കുകയും, മിശിഹായുടെ പരമകഷ്ടങ്ങളുടെ യോഗ്യതയെ അവലംബമാക്കി അവർക്കുവേണ്ടി ഉഗ്രങ്ങളായ പ്രായശ്ചിത്തകർമ്മങ്ങൾ അനുഷ്ഠിക്കുകയും ചെയ്തു. പരിശുദ്ധ കുർബാനയുടെ സന്നിധിയിൽ നിന്നു

കൊണ്ടു് അവൾ അവരുടെമേൽ ദൈവത്തിന്റെ കരുണയെ നിരന്തരം അഭ്യർത്ഥിച്ചു.

ഇങ്ങനെ ഏറെനാൾ പ്രാർത്ഥനയിലും പ്രായശ്ചിത്തകർമ്മത്തിലും വിനിയോഗിച്ച ശേഷം അവൾ അവരെ തന്റെ അടുക്കൽ വിളിപ്പിച്ചു് സ്നേഹപൂർവ്വം ചില ഉപദേശങ്ങൾ നൽകി. വാക്കുകൾ വളരെയൊന്നും പറയാതെതന്നെ പുണ്യാത്മാക്കൾക്കു് പാപികളുടെ മനസ്സു തിരിക്കുവാൻ സാധിക്കുമല്ലൊ. പ്രാർത്ഥനകളുടേയും പുണ്യകർമ്മങ്ങളുടേയും പാരമ്യത്താൽ പരിപുഷ്ടമായിരിക്കുന്ന ഒരു ഹൃദയത്തിൽനിന്നു് പുറപ്പെടുന്ന വാക്കുകൾക്കുള്ള ശക്തി ആരു കണ്ടു? റീത്താ മൌനനിഷ്ഠയെ നിഷ്കർഷയായി ശീലിച്ചുപോന്നിരുന്നുവെങ്കിലും, ഇങ്ങനെയുള്ള അവസരങ്ങളിൽ സംസാരിക്കുവാൻ തുടങ്ങിയാൽ വളരെ മധുരതരമായും വിജയകരമായും ആ ജോലി നിർവ്വഹിക്കുക പതിവായിരുന്നു. ചുരുക്കിപ്പറയാം; റീത്തായുടെ സ്നേഹോജ്ജ്വലങ്ങളായ വാക്കുകൾ ശ്രവിച്ചമാത്രയിൽത്തന്നെ ദൈവാനുഗ്രഹത്താൽ ആ പാപികളുടെ കല്ലിച്ച ഹൃദയം ദ്രവിച്ചുകഴിഞ്ഞു. അവർ തങ്ങളുടെ പാപപരമായ ജീവിതരീതിയെ പശ്ചാത്താപപൂർവ്വം കൈവെടിഞ്ഞു് സൽപഥത്തിലേയ്ക്കു തിരിയുകയുമായി. "ക്രിസ്തുനാഥൻ നമ്മെ സ്നേഹിക്കുകയും, നമുക്കുവേണ്ടി തന്നത്തന്നെ ഹോമിക്കുകയും ചെയ്തതുപോലെ നമ്മളും അന്യരെ സ്നേഹിക്കുക" എന്ന പരസ്നേഹപ്രമാണത്തെ മുറുകെപ്പിടിച്ചിരുന്ന റീത്താ ഇതുപോലുള്ള പല പരോപകാര കൃത്യങ്ങളും വിജയപൂർവ്വം നിർവ്വഹിച്ചിരുന്നു.

എന്നാൽ ഇങ്ങനെ വിവിധങ്ങളായ വേലകളിൽ ഏർപ്പെട്ടിരുന്ന റീത്താ തന്റെ സഭാനിയമങ്ങളേയോ, സഭാധികൃതരുടെ ആജ്ഞകളേയോ ഏതെങ്കിലുംവിധത്തിൽ അനാദരിച്ചിരുന്നുവോ? ഒരിക്കലുമില്ല. അനുസരണം എന്ന സന്യാസധർമ്മത്തിന്റെ പരമകാഷ്ഠയാണ് ആ യോഗിനിയുടെ അനുഷ്ഠാനത്തിൽ നാം കാണുന്നത്. സഭാധികൃതരുടെ കല്പനകൾ അസംഗതങ്ങളായിരുന്നാൽപോലും അവയെ അനുസരിക്കാൻ റീത്താ സന്നദ്ധയായിരുന്നു. ഇതിനും, ഒരുദാഹരണം മാത്രം ഇവിടെ പറയാം. മഠംവക തോട്ടത്തിൽ ഉണ്ടായിരുന്ന ഒരുണക്കച്ചുള്ളി ദിവസംപ്രതി നനയ്ക്കണമെന്ന് ഒരിക്കൽ മദർ സുപ്പീരിയർ റീത്തായോട് ആജ്ഞാപിച്ചു. അവളുടെ അസാമാന്യമായ അനുസരണശീലത്തിന്റെ ഉറപ്പിനെ ഒന്നു പരീക്ഷിക്കുവാനായിട്ടാണ് മഠാധിപ ഇങ്ങനെ കല്പിച്ചത്. തന്റെ അധികൃതരുടെ ഏതു കല്പനകളിലും ദൈവതിരുവുള്ളത്തെ തേടുന്ന റീത്തായുണ്ടോ ഈ കല്പനയേപ്പറ്റി തർക്കിക്കുവാൻ പോകുന്നു? അവൾ യാതൊരു എതിർവാക്കും ഉരിയാടാതെ കല്പനപ്രകാരം ആ ഉണക്കക്കൊള്ളി മുറയ്ക്കു നനയ്ക്കുവാൻതുടങ്ങി. പുണ്യാത്മാക്കളുടെ ഈമാതിരി അനുസരണത്തിനായി പരത്തിൽ അവർക്ക് ലഭിക്കാനിരിക്കുന്ന പ്രതിഫലത്തിന്റെ സ്വഭാവം ഇഹത്തിൽവെച്ചുതന്നെ എല്ലാവരേയും തെല്ലൊന്ന് മനസ്സിലാക്കുവാനോ എന്നു തോന്നുമാറ്, റീത്തായുടെ ആ പാഴ്വേലയ്ക്ക് അത്ഭുതകരമായ ഫലമുണ്ടായി. മറെറാന്നുമല്ലാ; ഉണങ്ങിക്കരിഞ്ഞു നിന്നിരുന്ന ആ കൊള്ളി അചിരേണ തളിർത്ത് പൂവും കായുമെല്ലാം പുറപ്പെടുവിക്കുകതന്നെ ചെയ്തു!

മഠത്തിൽ തന്റെമേൽ അധികാരമുള്ളവരുടെ നേക്ക് മാത്രമോ, മറ്റുപ്രകാരം താൻ കടപ്പെട്ടിട്ടുള്ള കാര്യങ്ങളിൽ മാത്രമോ ആയിരുന്നില്ല റീത്തായുടെ അനുസരണം. സമസ്ഥിതിയിലുള്ളവരോടും കീഴുള്ളവരോടുമെല്ലാം താഴ്മ കാണിച്ചുകൊണ്ട് എല്ലാക്കാര്യങ്ങളിലും എല്ലാവരുടേയും ദാസിയായി വർത്തിക്കുവാൻ ആ സുകൃതിനിക്കു സാധിച്ചിരുന്നു. അങ്ങനെ അനുസരണമാകുന്ന സന്ന്യാസവ്രതത്തെ അതിന്റെ പരമാവധിയിൽ ശീലിച്ചിരുന്ന റീത്താ, ദാരിദ്ര്യം, ചാരിത്രശുദ്ധി എന്നാ ഇതര വ്രതങ്ങളേയും അവയുടെ പാരമ്യത്തിൽത്തന്നേയാണ് അനുഷ്ഠിച്ചിരുന്നതു്. അവളുടെ സന്ന്യാസവ്രതങ്ങൾ എന്തെല്ലാമാണെന്ന് അവളുടെ ജീവിതചര്യയിൽ ആർക്കും തെളിഞ്ഞുകാണ്മാൻ കഴിഞ്ഞിരുന്നു. റീത്തായുടെ ദാരിദ്ര്യവ്രതാനുഷ്ഠാനത്തിന്റെ ഉഗ്രതയെ കാണിക്കുന്ന ചില സംഗതികൾ ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ. സുദീർഘമായ തന്റെ സന്ന്യാസ ജീവിതത്തിനിടയ്ക്ക് ഒന്നല്ലാതെരണ്ടു വസ്ത്രങ്ങൾ ആ യോഗിനി എപ്പോഴെങ്കിലും കരുതിവെച്ചിരുന്നുവോ എന്നു സംശയമാണ്. അവളുടെ പാവപ്പെട്ട സന്ന്യാസമുറി ഇന്നും കാണാം—ഒരിടങ്ങിയ മുറി! അത്രയും ചെറിയ ഒരു പാർപ്പുമുറി ആ മഠത്തിൽ വേറെയുണ്ടായിരുന്നുവോ എന്ന് സംശയം. ആ മഠത്തിലെ ഏറ്റവും പ്രധാനപ്പെട്ട ആ കന്ന്യാസ്ത്രീ അങ്ങനെ അവിടത്തെ ഏറ്റവും അപ്രധാനമായ മുറിയിലാണ് പാർത്തിരുന്നതെന്നു പറയാം. അതിന്റെ മതിലുകളിൽ ചില അലങ്കാരങ്ങളില്ലെന്നില്ല; ഉണ്ട്. പക്ഷേ, എന്താണ്? ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളെ കുറിക്കുന്ന ചില പട

ങ്ങളും മറവും. ഗാഗുൽത്തായിലെ പരമയാഗത്തെ അനുസ്മരിപ്പിക്കുവാനായി, ഒരു മൂലയിൽ കുറെ കല്ലുകൾകൂട്ടി അതിന്മേൽ നാട്ടിയിരുന്ന കുരിശായിരുന്നു ആ മുറിയിലെ മറെറാരലങ്കാരം. അവളുടെ കിടക്ക കണ്ടാൽ അതൊരു വിശ്രമോപകരണമാണെന്നില്ലാ, ഒരു ദണ്ഡനോപകരണമായിട്ടാണ് തോന്നുകയെന്ന് ഒരു സന്ദർശകൻ എഴുതിയിരിക്കുന്നു. തന്റെ തല ചായിക്കാനിടംകിട്ടാതെ വലഞ്ഞ സ്വർഗ്ഗീയ നാഥനെ—കുരിശിനെ പൂമെത്തയായി സ്വീകരിച്ച ക്രിസ്തുനാഥനെ — അനുകരിക്കുന്ന ഒരു ക്രൈസ്തവ യോഗിനിയുടെ അനാഡംബരതയ്ക്കുണ്ടോ അതിരും അളവും?

ഒരിക്കൽ റീത്താ തന്റെ ചില സഹോദരസന്ന്യാസിനികളൊന്നിച്ച് സാമാന്യം ദീർഘമായ ഒരു സഞ്ചാരത്തിനു പുറപ്പെട്ടകയായിരുന്നു. ആ യാത്രയ്ക്കായി മഠത്തിൽ നിന്നു നൽകപ്പെട്ട പണം സ്വീകരിക്കുന്നതിന് അവൾ വിസമ്മതിച്ചു. ഇതുകണ്ട് മറു സഹോദരികൾ അവളെ കുറപ്പെട്ടത്തിയപ്പോൾ അവൾ അവരോട് പറഞ്ഞ മറുപടി ഇതായിരുന്നു: "ആകാശത്തിലെ പറവകളെ സൂക്ഷിക്കുക, അവ വിതയ്ക്കുന്നില്ല, കൊയ്യുന്നില്ല; എങ്കിലും നമ്മുടെ സ്വർഗ്ഗീയ പിതാവ് അവയെ എത്രയോ കാരുണ്യമായി സംരക്ഷിക്കുന്നു!" — ദൈവപരിപാലനയിൽ റീത്തായ്ക്കുണ്ടായിരുന്ന ഈ അചഞ്ചലവിശ്വാസത്തെ ഇപ്രകാരം പ്രവൃത്തികളാൽ പ്രകാശിപ്പിച്ചുകൊണ്ട് അവൾ ദാരിദ്ര്യത്തെ പുരസ്കരിച്ചുള്ള തന്റെ സന്ന്യാസവ്രതത്തെ സജീവമായിത്തന്നെ അനുഷ്ഠിച്ചുപോന്നിരുന്നു. അപ്രകാരംതന്നെ ചാരിത്രശുദ്ധിയും പുണ്യപൂർണ്ണതയെ

ഉന്നന്നാ ഒരു ക്രിസ്ത്യാനി സ്വന്തം ജഡത്തോടാണ് ഏറ്റം വലിയ പോരാട്ടം നടത്തേണ്ടതെന്ന് വിശുദ്ധ അഗസ്റ്റിൻ നൽകിയിട്ടുള്ള പ്രബോധനം അവൾ എല്ലായ്പ്പോഴും സ്മരിച്ചിരുന്നു. ഒരു മാലാഖയ്ക്കുടത്ത അമലമനോഹരമായ ചാരിത്രശുദ്ധി പ്രാപിക്കുവാൻ അവൾ തീവ്രയത്നം ചെയ്തു. കാഴ്ചവശാൽ കന്യകാമഠം വിട്ട് പുറത്തു സഞ്ചരിക്കുമ്പോൾ അനാവശ്യമായി ഒരാളുടെ മുഖത്തും നോക്കാതിരിക്കാൻ റീത്താ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പതറുന്ന കണ്ണ് പതറുന്ന ഒരു ഹൃദയത്തേയാണ് കുറിക്കുന്നതെന്ന് അഗസ്റ്റീനിയൻ സഭയുടെ സ്ഥാപകൻതന്നെ പറഞ്ഞിട്ടുള്ള പരമാർത്ഥം അവൾ ഒരിക്കലും വിസ്മരിച്ചിരുന്നില്ല. ഇങ്ങനെ ആ യോഗിനി ഏതുകാലത്തും, ഏതു സ്ഥിതിയിലുമുള്ള വ്യക്തികൾക്കും സന്ന്യാസസഭകൾക്കുമെല്ലാം ഒരു തികഞ്ഞ മാതൃകയായിട്ടാണ് അഗസ്റ്റീനിയൻ സഭയിൽ പ്രശോഭിക്കുവാൻ തുടങ്ങിയത്.

## അദ്ധ്യായം—പതിന്നാലു്

### നെറ്റിയിലെ മുറിവു്.

കാലംചെല്ലുന്തോറും റീത്തായുടെ സന്ന്യാസനിഷ്ഠയുടെ തീവ്രത വർദ്ധിച്ചുകൊണ്ടുതന്നേയിരുന്നു. ഉപവാസവും പ്രാർത്ഥനയുംകൊണ്ടു തിന്മയെ കീഴടക്കണമെന്ന് സയിൻറ് അഗസ്റ്റിൻ നൽകിയിട്ടുള്ള ഉപദേശം അവൾ

വിശ്വസ്തമായി അനുവർത്തിച്ചു. ഭക്ഷണമോഹത്തെ നിയന്ത്രിക്കുന്നതാണ് പുണ്യപൂർണ്ണതാശാസ്ത്രത്തിന്റെ പ്രഥമാക്ഷരമാലയെന്ന് വിശുദ്ധ വിൻസെൻറ് ഡി'പോൾ പറഞ്ഞിട്ടുള്ളതു് എത്രയോ വലിയ ഒരു വാസ്തവമാകുന്നു. റീത്തായുടെ അവളുടെ സന്ന്യാസജീവിതകാലം മുഴുവനും ഒരു 'വലിയനോമ്പുകാല'മായിരുന്നുവെന്നതന്നെ പറയാം. മിശിഹായുടെ നാല്പതു ദിവസത്തെ തപസ്സിനെ അവർ ആണ്ടിൽ മൂന്നു പ്രാവശ്യം നാല്പതു ദിവസം വീതം നോമ്പുനയറുകൊണ്ടു് അനുസ്മരിച്ചു. പുണ്യാത്മാക്കളുടെ പല തിരുനാളുകളുടെ തലേ ദിവസങ്ങളിലും, വെള്ളി ശനിയാഴ്ചകളിലും അവർ ഒരുനേരം മാത്രമേ ആഹാരം കഴിക്കാറുണ്ടായിരുന്നുള്ളൂ. ബാക്കി ദിവസങ്ങളിലെ ആഹാരം തന്നെ സ്വല്പം അപ്പവും വെള്ളവും മാത്രമായിരുന്നതാണും. പ്രായം വർദ്ധിക്കുന്തോറും അവർ തന്റെ ഉപവാസനിഷ്ഠയും വർദ്ധിപ്പിച്ചു. അതേ, വാർദ്ധക്യമോ ക്ഷീണമോ ഒന്നും ഉപവാസം ഉപേക്ഷിക്കുവാനുള്ള ഒഴികഴിവുകളായി ഉപയോഗപ്പെട്ടുത്താൻ അവർ മുതിർന്നില്ല. അവർ എങ്ങനെ ജീവസന്ധാരണം ചെയ്തിരുന്നുവെന്ന് പലരും ആശ്ചര്യപ്പെട്ടുവാനിടവരുമാറ് അത്രയ്ക്ക് തുച്ഛമായിരുന്നു അവളുടെ ആഹാരം. 'അപ്പംകൊണ്ടു മാത്രമല്ലാ മനുഷ്യൻ ജീവിക്കുന്നതു്' എന്നുള്ള വേദവാക്യത്തെ അവർ തികച്ചും സാർത്ഥകമാക്കിത്തീർക്കുകയായിരുന്നു.

ഈ ഉപവാസത്തോടുകൂടിത്തന്നെ അവർ ഉഗ്രങ്ങളായ ശരീരദണ്ഡനകർമ്മങ്ങളും ആചരിച്ചിരുന്നു. ദിവസേന മൂന്നുപ്രാവശ്യംവീതം അവർ തന്റെ ശരീരത്തെ

കഠിനമായി അടിച്ചിരുന്നുവെന്നാണ് കാണുന്നത്. ഇ വയിൽ ഒന്ന്, അർദ്ധരാത്രിസമയം അവൾ എഴുന്നേറ്റ് ഒരു ഇരിമ്പു തുടൽകൊണ്ട് തന്റെ ശരീരത്തിൽ നടത്തി യിരുന്ന താഡനമായിരുന്നു. ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കളുടെ മോചനത്തെ നിയോഗമാക്കിക്കൊണ്ടുള്ള തായിരുന്ന ഈ പീഡാനുഭവം. വീണ്ടും, മദ്ധ്യാഹ്നത്തിൽ ഒരു തുകൽവാറുകൊണ്ട് അവൾ തന്റെ ശരീരത്തെ അ ടിച്ചിരുന്നത്, തന്റെ സന്ന്യാസസഭയെ സഹായിക്കുന്ന വരുടെ മേൽ ദൈവാനുഗ്രഹമുണ്ടാകണമെന്ന നിയോ ഗത്തോടുകൂടിയായിരുന്നു. പാപികളുടെ മാനസാന്തരസി ദ്ധിയെ ഉദ്ദേശിച്ച് സായാഹ്നംതോറും ചമ്മട്ടിയടിയാൽ സഹിച്ചിരുന്നതായിരുന്നു അവളുടെ ദിനചര്യയിലെ മൂ ന്നാമത്തെ പീഡനം. 'എന്നെ അനുഗമിക്കുന്നവൻ തന്ന ത്തന്നെ പരിത്യജിക്കട്ടെ' എന്ന് ക്രിസ്തുനാഥൻ അരുളി ച്ചെയ്തിട്ടുള്ള വാക്കുകളെ അവൾ ഇങ്ങനെ അനേകവിധ ങ്ങളായ സ്വയനിഗ്രഹകൃത്യങ്ങളാൽ അനുസരിച്ചുപോന്നി രുന്നു.

റീത്തായുടെ തീവ്രമായ പ്രാർത്ഥനാനിഷ്ഠയായിരുന്നു അവളുടെ ഈ ഉഗ്രതപസ്സിനേറെയെല്ലാം പ്രാണൻ. അതു തന്നെയാണല്ലോ കുട്ടിക്കാലം മുതൽക്കേ അവളുടെ ജീവിത ത്തെ ഭരിച്ചുപോന്നിരുന്ന ചൈതന്യവിശേഷവും. അർദ്ധ രാത്രിമുതൽ സൂര്യോദയംവരെയുള്ള നിശ്ശബ്ദമായ സമയം മുഴുവൻ പ്രാർത്ഥനമുഖേന ദൈവത്തോടുള്ള സൈരസം ഭാഷണത്തിൽ ചെലവഴിക്കുന്നത് അവൾക്ക് ഏറ്റവും പ്രിയങ്കരമായ ഒരു പ്രവൃത്തിയായിരുന്നു. ചിലപ്പോഴൊ ക്കെ മഠാധികൃതരുടെ നിരോധനാജ്ഞനിമിത്തം അത്ര ദീർ

ഹമായ പ്രാർത്ഥനയിൽനിന്ന് വിരമിക്കാൻ അവൾ നിർ
ബന്ധിതയായിരുന്നുവെങ്കിലും, അവളുടെ ഹൃദയം പ്രാ
ർത്ഥനയുടെ ചൈതന്യത്തിൽനിന്ന് ഒരിക്കലും പ്രതിനി
വർത്തിച്ചിരുന്നില്ലാ. ക്രിസ്തുവിന്റെ പീഡാനുഭവങ്ങളേക്കു
റിച്ചുള്ള ധ്യാനമായിരുന്നുവല്ലോ, അവളുടെ പ്രാർത്ഥനാ
പരിപാടിയിലെ ഒരു പ്രധാന വിഷയം. തന്റെ മാ
താപിതാക്കളിൽനിന്ന് ജന്മാവകാശമായിത്തന്നെ സിദ്ധി
ച്ചിരുന്നതും, തന്റെ ജീവിതകാലം മുഴുവനിലും അവൾ
ഉപര്യുപരി വികസിപ്പിച്ചുപോന്നിരുന്നതുമായ ഈ ധ്യാ
നശീലത്തെ അതിന്റെ പാരമ്യത്തിലെത്തിച്ച ഒരു സം
ഭവം ഉണ്ടായി.

1443-ാമാണ്ടിൽ ഒരു ദിവസം അവൾ മഠത്തിലെ
മറ്റു സഹോദരികളൊന്നിച്ച് കാഷ്യായിലെ എടവകപ്പ
ള്ളിയിൽ ഒരു പ്രസംഗം കേൾക്കുന്നതിന്നായി പോയി
രുന്നു. പുണ്യത്തിലും വാഗ്മിതയിലും ഒന്നുപോലെ പ്ര
സിദ്ധനായിരുന്ന ഒരു ഫ്റാൻസിസ്കൻ വൈദികന്റെ
(1) പ്രസംഗമായിരുന്നു അതു്. പ്രസംഗവിഷയമോ,
ക്രിസ്തുവിന്റെ കഷ്ടാനുഭവം — അതേ, റീത്തായുടെ ഏ
റ്റവും പ്രിയങ്കരമായ ധ്യാനവിഷയം തന്നെയായിരുന്നു.
മിശിഹായുടെ മുറിവുകളെ സ്വന്തം ശരീരങ്ങളിൽ സംവ
ഹിക്കാൻ സന്നദ്ധരായ പുണ്യാത്മാക്കളുടെ ദൃഷ്ടാന്തത്തെ
വിവരിച്ച കൂട്ടത്തിൽ, അവിടത്തെ മുൾക്കിരീടത്തിലെ മു
ള്ളുകൊണ്ടുള്ള ഒരു മുറിവെങ്കിലും ഏറ്റെടുക്കാൻ ശ്രോ
താക്കളിൽ ആരെങ്കിലും തയ്യാറാകുമോ എന്ന് ആ പ്രാസം

---

(1) St. James of the Marches

ഗികൻ എടുത്തു ചോദിച്ചു. ആ പ്രസംഗശ്രവണംകൊണ്ടു റീത്തായുടെ ഹൃദയസരിത്തിൽ വലിയൊരു അലതല്ലുണ്ടായതിൽ അത്ഭുതപ്പെട്ടുവാനുണ്ടോ? മഠത്തിലേയ്ക്കു മടങ്ങിയശേഷം അന്നു രാത്രി അവൾ ക്രൂശിതരൂപത്തിൻമുമ്പിൽ സാഷ്ടാംഗം വീണിട്ട് പ്രാർത്ഥിച്ചതു് മറെറാന്നുമായിരുന്നില്ല: ക്രിസ്തുവിൻെറ പരമ കഷ്ടങ്ങളുടെ സ്മാരകമായി തനിക്കു് ഏതെങ്കിലും ഒരു പീഡ കല്പിച്ചരുളേണമെന്നു തന്നെയായിരുന്നു അവളുടെ പ്രാർത്ഥന! വാസ്തവത്തിൽ ഇങ്ങനെയൊരനുഗ്രഹവും ബഹുമതിയും അവൾ വളരെക്കാലമായിട്ട് കൊതിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവൾ ഈ പ്രാർത്ഥനയോടുകൂടി ക്രിസ്തുവിൻെറ കഷ്ടാനുഭവങ്ങളേപ്പററി ധ്യാനിച്ചു് സമാധിയിലിരിക്കുമ്പോൾ, അതാ, ക്രൂശിതരൂപത്തിൽനിന്ന് ഒരു പ്രകാശം മിന്നൽപിണർകണക്കേ അവളുടെ നെററിത്തടത്തിലേയ്ക്കു പായുകയും, ആ കിരണകന്ദളത്താൽ കുറിക്കപ്പെട്ട സ്ഥാനത്തുതന്നെ ക്രിസ്തുവിൻെറ മുൾക്കിരീടത്തിലെ ഒരു ക്രൂര മുള്ളു് ശക്തിയായി തുളഞ്ഞുകയറുകയും ചെയ്തു! നെററിത്തടത്തിൽ ഒരു വശത്തായിട്ട് തറച്ച ആ മുള്ളു് തലയോട്ടുകൂടെയും തുളച്ചു് ഉൾപ്രവേശിച്ചുകഴിഞ്ഞു. അങ്ങനെ റീത്തായുടെ ചിരകാലികമായ വേറൊരു പ്രാർത്ഥനയും ഫലിച്ചു. അന്നു അവൾക്കു 62 വയസ്സു പ്രായമുണ്ടായിരുന്നു. മഠത്തിൽ ചേർന്നിട്ടു് മുപ്പതാമത്തെ വത്സരവുമായിരുന്നു അതു്.

ക്രിസ്തുവിൻെറ പരമകഷ്ടങ്ങളിൽനിന്നു് തനിക്കു ലഭിച്ച ഈ ഓഹരിയെ റീത്താ വളരെ വിലമതിച്ചു. അവൾ അതിനെ ഒരു വീരമുദ്രയായിത്തന്നെ കണക്കാക്കി. ആ

മുറിവുമൂലമുണ്ടായ വേദന അവൾ എങ്ങനെ സഹിച്ചിരുന്നുവെന്ന് പലരും അത്ഭുതപ്പെട്ടുവാൻ തുടങ്ങി. തന്റെ നാഥനോടൊന്നിച്ചു ഇങ്ങനെ പീഡകൾ അനുഭവിക്കാനിടവന്നതിൽ റീത്തായ്ക്കുണ്ടായിരുന്ന ചാരിതാർത്ഥ്യവും ആശ്വാസവും നിസ്സീമങ്ങളായിരുന്നു. ആ വ്രണം ക്രമേണ വളർന്ന് അവളുടെ ക്ലേശങ്ങളെ അടിക്കടി വർദ്ധിപ്പിക്കുകയായി. അതിൽനിന്നു പുറപ്പെട്ടിരുന്ന ദുർഗ്ഗന്ധമാകട്ടെ ദുസ്സഹമായിത്തീർന്നു. ചുരുക്കിപ്പറയാം; റീത്തായെ ക്രൂട്ടത്തിൽ അടുപ്പിക്കുവാൻ ആ മഠത്തിലെ സന്ന്യാസിനികൾക്കു സാദ്ധ്യമല്ലെന്നുള്ള ദിക്കായി. അവർ അവളെ മഠത്തിൽത്തന്നെ ഒരു ഏകാന്ത മുറിയിലേയ്ക്ക് മാറ്റിത്താമസിപ്പിച്ചു. ഇതെല്ലാമായിട്ടും റീത്തായുണ്ടോ കൂലുങ്ങുന്നു? മറ്റു സന്ന്യാസിനികളൊന്നിച്ച് താൻ നടത്തിയിരുന്ന പ്രാർത്ഥനകൾക്കും പരോപകാരകൃത്യങ്ങൾക്കും ഈ മാറ്റം നിമിത്തം വിഘ്നം നേരിട്ടതിൽ അവൾക്കു സങ്കല്പം കുണ്ഠിതമുണ്ടായിരുന്നുവെന്നതു് വാസ്തവംതന്നെ. പക്ഷേ, ഒരുവിധം പറഞ്ഞാൽ സർവ്വരാലും പരിത്യക്തയായി താൻ നയിക്കേണ്ടിവന്ന ഈ ഏകാന്ത ജീവിതം, ഏകാഗ്രമായ ധ്യാനനിഷ്ഠയ്ക്കു ക്രൂട്ടതൽ സൌകര്യപ്രദമായിത്തീർന്നതിൽ അവൾ സന്തോഷിക്കുകയാണുണ്ടായതു്. ക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളോടു് പൂർവ്വാധികം ഐക്യം പ്രാപിക്കുവാനായി അവൾ ആ കാലഘട്ടത്തെ ശ്രദ്ധാപൂർവ്വം വിനിയോഗിച്ചു. റീത്തായെ സ്നേഹപൂർവ്വം ശുശ്രൂഷിച്ചിരുന്ന കന്യാസ്ത്രീകൾ അവളുടെ പീഡാനുഭവം കണ്ടു് പരവശരാകുമ്പോൾ, അവരെ സമാശ്വസിപ്പിക്കേണ്ട ഭാരവും റീത്തായ്ക്കുണ്ടായിരുന്നു. ഒന്നു രണ്ടു കൊല്ലമല്ലാ, പ

തിനഞ്ചു കൊല്ലത്തോളം നീണ്ട ഈ രക്തസാക്ഷിത്വമെന്നുള്ളതു് നാം വിശേഷിച്ചും ഓർത്തിരിക്കേണ്ടതാകുന്നു. ദൈവസ്നേഹിയായ ഒരാത്മാവിനെ സംബന്ധിച്ചേടത്തോളം സ്നേഹം മരണത്തേക്കാൾ ശക്തിയുള്ളതാണെന്നു് പറയുന്നതിൽ എന്താണു് അസാംഗത്യം?

## അദ്ധ്യായം—പതിനഞ്ചു്

### റോമയിലേയ്ക്കുള്ള തീർത്ഥയാത്ര

നിക്കൊളാസ് പഞ്ചമൻ(1) ആയിരുന്ന അന്നു് പരിശുദ്ധ സിംഹാസനത്തെ അലങ്കരിച്ചിരുന്ന മാർപ്പാപ്പാ. അഞ്ചാം നിക്കൊളാസ് എന്ന പേരിൽത്തന്നെ(2) കുറെക്കാലം (1328 — 30) ഒരു എതിരുപാപ്പാ ഉണ്ടായിരുന്നതിനാൽ, ഇവിടെ പറയുന്ന നിക്കൊളാസ് പഞ്ചമനേപ്പറ്റി ചില വിവരങ്ങൾ പ്രത്യേകം പറയേണ്ടിയിരിക്കുന്നു. പരിശുദ്ധ സിംഹാസനത്തിന്റെ പ്രഭാവത്തെ പല വിധത്തിലും പുനഃസ്ഥാപിക്കുകയും, ലോകത്തിന്റെ വിജ്ഞാനകലകളെ ബഹുധാ പ്രോത്സാഹിപ്പിക്കുകയും, മതഭിന്നതകൾ പലതും അമർത്തുകയും, വിദ്വത്വവും വി

(1) Nicholas V. (Thommaso Parentucelli) Pope 1447-55.

(2) Rainalducci, Pietro (Nicholas V.) antipope 1328-30.

ശ്രദ്ധിയുംകൊണ്ട് വിശ്വവിഖ്യാതി നേടുകയും ചെയ്ത ഒരു മഹാനായിരുന്ന ഈ നിക്കൊളാസ് പഞ്ചമൻ. വിദ്വാന്മാരേയും സാഹിത്യകാരന്മാരേയും പ്രോത്സാഹിപ്പിക്കുന്നതിൽ ആ മാർപ്പാപ്പാ പ്രദർശിപ്പിച്ചിരുന്ന ഔദാര്യവും ഔൽസുക്യവും പ്രസിദ്ധങ്ങളായിരുന്നു. വിദ്വാന്മാർക്ക് അഭ്യേഹം നൽകിയിരുന്ന ഉദാരങ്ങളായ സംഭാവനകളെ സ്വീകരിക്കാൻ, അവരിൽ ആരെങ്കിലും വിനയംകൊണ്ട മടികാണിച്ചിരുന്നുവെങ്കിൽ, അഭ്യേഹം അവരോട് ഇങ്ങനെ പറയുക പതിവായിരുന്നുവത്രെ: "ഉപേക്ഷിക്കാതെ ഇതു സ്വീകരിക്കുവിൻ; ഒരു നിക്കൊളാസ് നിങ്ങളുടെ ഇടയിൽ എല്ലായ്പോഴും ഉണ്ടായിരിക്കുകയില്ല".

സാഹിത്യത്തിന്നും, ചരിത്രത്തിന്നും, വിജ്ഞാനത്തിന്റെ മറ്റു ശാഖകൾക്കും ഈ മാർപ്പാപ്പാ മുഖേന ലഭിച്ചിട്ടുള്ള സാഹായ്യം നിസ്സീമമാകുന്നു. ഗ്രീക്ക ഭാഷയിലെ പ്രമാണപ്പെട്ട ഗ്രന്ഥങ്ങളുടെ ഭാഷാന്തരീകരണം നിർവ്വഹിക്കുവാൻ അഭ്യേഹം വത്തിക്കാനിൽത്തന്നെ ഒരു വിദ്വൽസമിതിയെ നിയമിച്ചിരുന്നതായിക്കാണുന്നുണ്ട്. നിരവധി ദ്രവ്യം വ്യയംചെയ്ത് അമൂല്യങ്ങളായ അനേകം ഗ്രന്ഥങ്ങളും രേഖകളും ശേഖരിച്ച് ഭുവനപ്രസിദ്ധമായ വത്തിക്കാൻ ലൈബ്രറി സ്ഥാപിച്ചതും ഈ മാർപ്പാപ്പായായിരുന്നു. പരിശുദ്ധ സിംഹാസനത്തെ സമലങ്കരിച്ചിരുന്ന പല പാപ്പാമാരും ലോകത്തിന്റെ നാഗരീകതയുടേയും വിജ്ഞാനത്തിന്റേയും സംസ്ഥാപകന്മാർ കൂടിയായിരുന്നുവെന്നുള്ള ചരിത്രസത്യത്തെ ഏറ്റവും ശക്തിയായി തെളിയിച്ച ഒരു മഹാനായിരുന്ന ഈ നിക്കൊളാസ് പഞ്ചമൻ. സാഹിത്യത്തിലെന്നപോലെ ശില്പകലയിലും അവിടുത്തെ

യ്ക്ക് അന്യാദൃശമായ സാമർത്ഥ്യവും ഔൽസുക്യവും ഉണ്ടായിരുന്നു. റോമയിലെ പല കോട്ടകളും, വിശുദ്ധ പത്രോസിന്റെ ബസ്ലിക്കായുംപ്പടേയുള്ള പല മഹാ ദേവാലയങ്ങളും പുനഃസ്ഥാപിക്കുന്നതിൽ ഈ മാർപ്പാപ്പാ വഹിച്ചിട്ടുള്ള ഭാരം എന്നും സ്മരണാർഹമാകുന്നു. അപ്രകാരംതന്നെ ജനങ്ങളുടെ പുണ്യാഭിവൃദ്ധിക്കായും അദ്ദേഹം അക്ഷീണയത്നം ചെയ്തിരുന്നു. ചുരുക്കിപ്പറഞ്ഞാൽ, കത്തോലിക്കാസഭയുടേയും പരിശുദ്ധ സിംഹാസനത്തിന്റേയും പ്രഭാവവും, ലോകത്തിന്റെ സംസ്കാരപ്രകർഷവും, ജനങ്ങളുടെ മതവിചാരപ്രസക്തിയും പുനഃപ്രകാശം പൂണ്ടുതുടങ്ങിയിരുന്ന ഒരു കാലമായിരുന്നു അത്. അതേ, റീത്തായുടെ ജനനകാലഘട്ടത്തിലെ ഇരുളടഞ്ഞ സ്ഥിതിഗതികൾ പലതും, അവൾ പുണ്യപവ്വത്തിന്റെ സുവർണ്ണ ശൃംഗത്തിൽ എത്താറായിക്കഴിഞ്ഞിരുന്ന ഇക്കാലത്ത് മാറിത്തുടങ്ങിയിരുന്നു.

പ്രസ്തുത മാർപ്പാപ്പാ 1450-ൽ ഒരു ജൂബിലിവത്സരം പ്രഖ്യാപനം ചെയ്യുകയുണ്ടായി. ഈ വിശുദ്ധവത്സരം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും അനേകം തീർത്ഥകരെ നിത്യനഗരത്തിലേയ്ക്കു സമാകർഷിച്ചു. കാഷ്യായിലെ അഗസ്റ്റീനിയൻ മഠത്തിലെ ഏതാനും സന്യാസിനികളും ജൂബിലി ദണ്ഡവിമോചനങ്ങൾ പ്രാപിക്കുവാനായി റോമയിലേയ്ക്ക് ഒരു തീർത്ഥയാത്ര കഴിക്കുവാൻ ഒരുങ്ങുകയായിരുന്നു. മിശിഹായുടെ കഷ്ടാനുഭവത്തിന്റെ അംശാവകാശം അനുഭവിച്ചുകൊണ്ട് ആ മഠത്തിന്റെ പരിത്യക്തമായ ഒരു മൂലയിൽ കാലം പോക്കിയിരുന്ന റീത്തായ്ക്കും ജൂബിലിവത്സരം പ്രമാണിച്ച് റോമ

യിൽ ചെന്ന് അപ്പോസ്തോലന്മാരുടെ കൂടീരങ്ങൾ സന്ദർശിക്കണം, ആ വിശുദ്ധ വത്സരത്തിന്റെ പുണ്യഭൂയിഷ്ഠമായ പരിപാടിയിൽ പങ്കുകൊള്ളണം എന്നൊരാഗ്രഹം! എങ്ങനെയാണ് ഇതു സാധിക്കുക? ഇതിനുള്ള വിഷമങ്ങളേയെല്ലാം വിഗണിച്ചുകൊണ്ട് അവൾ മാധിപയോട് യാത്രയ്ക്കുള്ള അനുമതി യാചിക്കുകയായി. "ആദ്യം തന്നെ ഈ നെറിയിലെ മുറിവ് പൊറുക്കട്ടെ" എന്നായിരുന്ന മാധിപയുടെ ഉത്തരം!

ദീർഘകാലമായി അവളെ പീഡിപ്പിച്ചിരുന്ന ആ മുറിവ് എങ്ങനെയാണ് പെട്ടെന്നു പൊറുക്കുക? അത്ഭുതാവഹമായ ആ മുറിവു ആരാണ് പൊറുപ്പിക്കുക? അതു പൊറുത്തിട്ട് തീർത്ഥയാത്രയാവാം എന്നു പറയുന്നതു സാധിക്കുന്ന കാര്യമാണോ? പക്ഷെ, റീത്തായെ സംബന്ധിച്ചേടത്തോളം ഒരസാദ്ധ്യകാര്യമല്ലാ, മാധിപ ആവശ്യപ്പെട്ടതു്. റീത്താ മേൽപറഞ്ഞ മറുപടി കേട്ട ഉടനെ ആ വ്രണത്തിന്റെ ദാതാവിനേത്തന്നെ അഭയം പ്രാപിച്ചു. ഈ തടസ്സം നീക്കി തീർത്ഥയാത്ര കഴിക്കാൻ തനിക്കിടവരുത്തണേ എന്ന് അവൾ ക്രിസ്തുനാഥനോടു പ്രാർത്ഥിക്കുകയായി. അതാ, മുറിവ് പെട്ടെന്നു പൊറുത്തു! അവളുടെ സഹോദരികളായ സന്ന്യാസിനികൾ അത്ഭുതപരതന്ത്രരായി. മാധിപയുണ്ടായ സന്തോഷം അവാച്യമായിരുന്നു. റീത്തായെ ബഹുമാനപൂർവ്വം തങ്ങളുടെ തീർത്ഥകസംഘത്തിൽ ചേർത്തുകൊണ്ട് ആ കന്യാസ്ത്രീകൾ റോമയിലേയ്ക്കു പുറപ്പെട്ടു. കാൽനടയായിട്ടായിരുന്നു അവരുടെ തീർത്ഥയാത്ര. അന്ന് അറുപത്തൊമ്പതു വയസ്സു പ്രായമുണ്ടായിരുന്ന റീത്താ

കാൽനടയായുള്ള ആ ദീർഘസഞ്ചാരത്തിന്റെ ക്ലേശങ്ങളേയോ, കാലാവസ്ഥയുടെ പ്രാതികൂല്യം നിമിത്തം നേരിട്ട ബുദ്ധിമുട്ടുകളേയോ ഒന്നും വകവയ്ക്കാതെ, മറ്റു തീർത്ഥകക്കെല്ലാം ഒരു മാതൃകയാകത്തക്കവണ്ണം, തീവ്രമായ ഭക്തിനിഷ്ഠയോടുകൂടിത്തന്നെ ആ തീർത്ഥാടനം നിർവ്വഹിച്ചു. അതുകഴിഞ്ഞു അവൾ മംത്തിൽ മടങ്ങിയെത്തിയിട്ട് ഏറെത്താമസിക്കുന്നതിനുമുമ്പു് അത്യുത്താവഹമായ പഴയ മുറിവു് അത്യുത്തകരമായിട്ടതന്നെ അവളുടെ ലലാടത്തിൽ വീണ്ടും പ്രത്യക്ഷപ്പെടുകയും, അവൾ ആ മുറിവിനെ പിന്നെയും പരിലാളിക്കുവാൻ തുടങ്ങുകയും ചെയ്തു!

---

# അദ്ധ്യായം—പതിനാറ്

## ജീവിതാന്ത്യം

റോമയിലേയ്ക്കുള്ള തീർത്ഥയാത്ര കഴിഞ്ഞു മംത്തിലേയ്ക്കു് മടങ്ങിയശേഷം ആറേഴു വത്സരംകൂടി ദീർഘിച്ചു റീത്തായുടെ ജീവിതം. (1) എല്ലായ്പോഴും താൻ പ്രാർത്ഥിക്കുകയും പ്രണയിക്കുകയും ചെയ്തിരുന്ന പീഡകളുടെ പരമകാഷ്ഠയേത്തന്നെ അവൾക്കു് പ്രാപിക്കുവാൻ കഴിഞ്ഞ ഒരു കാലഘട്ടമായിരുന്നു അതു്. നെറ്റിയിലെ ക്ലേശപൂർണ്ണമായ മുറിവിനും പുറമേ, ഭയങ്കരമായ ഒരു വക പനി

---

(1) തന്റെ എഴുപത്താറാമത്തെ വയസ്സിലാണ് റീത്താ ഐഹികവാസം വെടിഞ്ഞതു്.

ക്കൂടി അവളെ ബാധിച്ചു. റീത്താ ശീലിച്ചുപോന്നിരുന്ന തപസ്സും ഉപവാസവുമെല്ലാം ഉഗ്രതരങ്ങളായിരുന്നുവെങ്കിലും, ഈ വാർദ്ധക്യഘട്ടത്തിൽ മാത്രമല്ലാതെ അതിനു മുമ്പൊരിക്കലും പറയത്തക്ക യാതൊരു രോഗവും ആ യോഗിനിയെ ബാധിച്ചിരുന്നതായി അവളുടെ ചരിത്രത്തിൽ കാണുന്നില്ല. ഉപവാസവും തപോനിഷ്ഠയും ശാരീരികാരോഗ്യത്തിനും ദീർഘായുസ്സിനുംകൂടി ഉപകൃതമാകുമെന്ന് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെട്ടുന്നതിൽ വളരെ അർത്ഥമുണ്ട്. അതേ, അവ പരത്തിലെ നിത്യായുസ്സിനെന്നതുപോലെതന്നെ, ദൈവം തിരുവുള്ളമാകുമെങ്കിൽ, ഇഹത്തിലെ ദീർഘായുസ്സിനും ഉപകരിക്കും. ക്ലേശങ്ങൾ ആയുസ്സിനെ കുറയ്ക്കുമെന്നുള്ള അഭിപ്രായം, ക്ലേശങ്ങളെ ശരിയായി അനുഭവിക്കുവാനും അവയിൽ ആനന്ദിക്കുവാനും അറിയുന്നവരെ സംബന്ധിച്ചേടത്തോളം, പലപ്പോഴും നിരർത്ഥകമാണെന്നുള്ള ഒരു പാഠംകൂടി റീത്തായുടെ ക്ലേശപൂർണ്ണവും, എന്നാൽ സുദീർഘവുമായ ജീവിതം നമുക്കു കാണിച്ചുതരുന്നുണ്ട്. ആ ഭാഗം അങ്ങനെ നിൽക്കട്ടെ. റീത്തായെ ഇപ്പോൾ ബാധിച്ച രോഗം, അവളുടെ ആത്മാവിന്റെ ആരോഗ്യത്തിനു തികവും മികവും ചേർത്ത് അവളുടെ ഐഹികജീവിതത്തിന് അറുതി കല്പിക്കുവാൻതന്നെയുള്ള ഒരു രോഗമായിരുന്നു.

ആ യോഗിനിയുടെ ശരീരത്തിൽ ശേഷിച്ചിരുന്ന ശക്തികളെ അനുദിനം ഹനിച്ചുകൊണ്ടിരുന്ന ആ ദിനത്തിൽ അവൾ ഒട്ട ദീർഘകാലംതന്നെ കഴിച്ചുകൂട്ടേണ്ടതായി വന്നുകൂടി. ആത്മാവിനെ ശുദ്ധീകരിക്കുന്ന കാര്യത്തിൽ ഭഗ്നശ്രദ്ധരായിരിക്കുന്ന പുണ്യാത്മാക്കൾക്കുണ്ടാ

ക്ലേശങ്ങൾ അനുഭവിക്കുന്നതിൽ മതിവരുവാൻ പോകുന്നു? വാസ്തവം പറഞ്ഞാൽ, എന്നോരവും ക്രൂരതൽ ക്രൂരതൽ പീഡകൾ കൊതിക്കുക എന്നതായിരുന്ന ഈ ഘട്ടത്തിലും റീത്താ പ്രദർശിപ്പിച്ചിരുന്ന മനഃസ്ഥിതി. തന്റെ ജീവിതയാത്ര അവസാനിക്കാറായി എന്നു കണ്ടപ്പോൾ റീത്താ തന്റെ പ്രാർത്ഥനയും പ്രായശ്ചിത്തവും സഹനവുമെല്ലാം പൂർവ്വാധികം വർദ്ധിപ്പിക്കുകതന്നെചെയ്തു. യുദ്ധം ജയിച്ചു വിജയപതാക നാട്ടേണ്ട ദിക്കാകുമ്പോൾ യുദ്ധവീരന്മാർ ഉദാസീനത കൈക്കൊള്ളാറില്ലല്ലോ. ജീവിതയുദ്ധത്തിന്റെ ആ അന്തിമപോരാട്ടത്തിൽ റീത്താ തന്റെ പുണ്യങ്ങളാകുന്ന ആയുധങ്ങളുടെയെല്ലാം മൂർച്ച കൂട്ടുകയായി. ഉദാഹരണത്തിന്, അവൾ തന്റെ ഉപവാസനിഷ്ഠയുടേയും മറ്റും ഉഗ്രതയെ ഉത്തരോത്തരം വികസിപ്പിച്ചു. അവളുടെ അപ്പോഴത്തെ ആഹാരം മിക്കവാറും പരിശുദ്ധ കുർബ്ബാന—അതേ, ഒരു ചെറിയ തിരുവോസ്തിക്ഷണം—മാത്രമായിരുന്നുവെന്നു പറയാം. ഭക്ഷണം വല്ലതും കഴിക്കണമെന്നു നിർബന്ധിച്ചിരുന്ന സഹോദരികളോട് അവൾ ഇങ്ങനെ പറയുക പതിവായിരുന്നു: 'പ്രിയ സഹോദരികളേ ഞാൻ നിങ്ങൾക്ക് നന്ദിപറയുന്നു. യേശുനാഥന്റെ തിരുമുറിവുകളെ ഉപജീവിക്കുന്ന എന്റെ ആത്മാവ് ക്രൂരതൽ ഗുരുതരമായ ആഹാരമാണ് കഴിച്ചുകൊണ്ടിരിക്കുന്നതെന്ന് നിങ്ങൾ സമാധാനിച്ചാലും.'

റീത്തായുടെ ജീവിതാന്ത്യം ആസന്നമായി എന്നു കേട്ടിട്ട് അവളുടെ ചില ചാർച്ചക്കാരും മറ്റും അവളെ ക്രൂരക്രൂടെ സന്ദർശിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവരിൽ റീത്തായുടെ ദേശക്കാരിയായ ഒരു സ്ത്രീ മുഖേന നട

ന്ന ഒന്നരണ്ടു അസാധാരണ സംഭവങ്ങളെ ഈ പ്രകൃതത്തിൽ സ്മരിക്കേണ്ടതുണ്ടു്. ഒരു ദിവസം സന്ദർശനം കഴിഞ്ഞു മടങ്ങിപ്പോകാറായപ്പോൾ, തനോക്കൊണ്ടു വല്ല കാര്യവും സാധിക്കേണ്ടതുണ്ടോ എന്നു് ആ സ്ത്രീ നമ്മുടെ പുണ്യവതിയോടു ചോദിക്കുകയുണ്ടായി. 'ഉണ്ടു്. നീ റോക്കാ പൊറേനയിൽ മടങ്ങിച്ചെന്നാൽ ഉടനെ എന്റെ പഴയ ഭവനത്തിലുള്ള തോട്ടത്തിൽചെന്നു് അവിടെയുള്ള ഒരു റോസപ്പൂ അറുത്തെടുത്തു് എനിക്കു കൊണ്ടുവന്നുതരണം' എന്നായിരുന്നു റീത്തായുടെ മറുപടി. ആ രാജ്യത്തു് ചെടികളും വൃക്ഷങ്ങളുമൊന്നും പുഷ്പിക്കുന്ന കാലമായിരുന്നില്ല അതു്. ഹിമവർഷം ശക്തിയായി നടക്കുന്ന ജനുവരി മാസമായിരുന്ന കാലം. സസ്യാദികളുടെ തണ്ടല്ലാതെ ഇലയോ, പൂവോ, കായോ ഒന്നും കണ്ടുകിട്ടാത്ത ആ കാലത്തു് തോട്ടത്തിൽ നില്ക്കുന്ന റോസപ്പൂവു് അറുത്തുകൊണ്ടുവരുവാൻ റീത്താ പറഞ്ഞതു്, ദിനംനിമിത്തം ഉണ്ടായിട്ടുള്ള വിവരമില്ലായ്കതന്നെയാണെന്നു് ആ സ്ത്രീ വിചാരിച്ചു. അവൾ അക്കാര്യം ഒട്ടുംതന്നെ ഗൌനിച്ചില്ല. എങ്കിലും ഗ്രാമത്തിൽ തിരിച്ചെത്തിയശേഷം, റീത്തായുടെ ഭവനോപാന്തത്തിലുള്ള പൂന്തോട്ടത്തിൽ, ഏതായാലും, ഒന്നു പോയി നോക്കണമെന്നു അവൾക്കു പെട്ടെന്നു ഒരു വിചാരം ഉണ്ടായി. അപ്പോൾ അതാ, അവിടെ ഹിമസമാവൃതങ്ങളായി ഇല കൊഴിഞ്ഞു മരവിച്ചു നില്ക്കുന്ന ചെടിത്തണ്ടുകളുടെ മദ്ധ്യേ ഒരു റോസപ്പൂവു്, അവളുടെ അവിശ്വാസത്തെ പരിഹസിച്ചുകൊണ്ടു് വികസിച്ചു നില്ക്കുന്നു! അവൾ ഉടനെ ആ പൂവറുത്തെടുത്തുകൊണ്ടു് കാഷ്യായിലെ കന്യകാമഠ

ത്തിലേയ്ക്ക് ഓടുകയായി. റീത്താ ആ പുഷ്പം വാങ്ങി ച്ചിട്ട് ദൈവത്തിന്ന സ്തോത്രംചെയ്തു.(1) മംത്തിലെ മറ്റു സന്യാസിനികളും ഈ അസാമാന്യസംഭവം അറിഞ്ഞു് അവളോടുകൂടെ ദൈവത്തെ സ്തുതിച്ചു. ആയിടയ്ക്കുതന്നെ റീത്താ മേൽപറഞ്ഞ സ്ത്രീയെ പറഞ്ഞയച്ചു് അതേ ആരാമത്തിൽനിന്ന് അത്ഭുതാവഹമായവിധം രണ്ടു ആപ്പിളും പഴങ്ങളും കൊണ്ടുവരുത്തിച്ചു് ദൈവത്തിന്ന കാഴ്ചവയ്ക്കുകയുണ്ടായി.

ഒടുവിൽ അതാ, റീത്തായുടെ പുണ്യപരിപാകംതികഞ്ഞ ആത്മാവിനേത്തന്നെ ദൈവയുക്തരങ്ങളിൽ സമർപ്പിക്കേണ്ട കാലം ആസന്നമായി. 1457-ാമാണ്ടിലെ മെയിമാസകാലം. ലോകത്തിൽ തനിക്കു നൽകപ്പെട്ട വിവിധങ്ങളായ ജീവിതോദ്യോഗങ്ങളെല്ലാം നിർവ്വഹിച്ചു് ദൈവസ്നേഹത്തിന്റെ പാരമ്യത്തിലെത്തിയിരിക്കുന്ന ആ ആത്മാവു്, ദൈവസന്നിധിയിലേയ്ക്കു പറന്നൊഴുവാൻ തനിക്കു അനുമതി ലഭിക്കുന്ന ദിവസവും നിമിഷവും നിന്നിമേഷയായി പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. "മരിക്കുന്നതു് എനിക്കു ലാഭമാകുന്നു. ക്രിസ്തുവിനോടു് ഏകീകരിക്കപ്പെടുവാനായി മരണത്തെ ഞാൻ കാംക്ഷിക്കുന്നു" എന്നു് അവളുടെ അധരങ്ങളിൽനിന്ന നിരന്തരം പുറപ്പെട്ടുകൊണ്ടിരുന്ന ധീരവചനങ്ങളും മരണത്തിനു് സ്വാഗതം

---

(1) വിശുദ്ധ റീത്തായുടെ തിരുനാളിൽ റോസപ്പൂക്കളും ആശീർവ്വദിച്ചു് ജനങ്ങളുടെ ഇടയിൽ വിതരണംചെയ്യുന്ന സമ്പ്രദായം ചില രാജ്യങ്ങളിൽ നടപ്പിലിരിക്കുന്നതു് ഈ അസാധാരണ റോസപ്പൂവിന്റെ കഥയെ അനുസ്മരിച്ചുകൊണ്ടാകുന്നു.

ആശംസിച്ചു. ഹാ! ജീവിതപോരാട്ടത്തെ ധീരമായും വിജയകരമായും നടത്തിയവക്കല്ലാതെ, മറ്റാക്കാണ് മരണത്തെ ഇത്ര ധീരമായും ഇത്ര പ്രശാന്തമായും സ്വാഗതം ചെയ്യാൻ സാധിക്കുക? റീത്തായ്ക്ക് അതാ, കടശിയായി, ഒരു ദർശനംകൂടി ഉണ്ടാകുന്നു. (1) ക്രിസ്തനാഥനും ദിവ്യജനനിയും അവർക്ക് പ്രത്യക്ഷരായിട്ട് അരുളിച്ചെയ്തതായത്: "ഇന്നായ്ക്ക് മൂന്നാം ദിവസം നീ ഈ ലോകത്തേയും അതിന്റെ ക്ലേശങ്ങളേയും കൈവെടിഞ്ഞ് സ്വർഗ്ഗീയമഹത്വങ്ങളുടെ ആനന്ദാനുഭവത്തിലേയ്ക്ക് പ്രവേശിക്കും" — കണ്ണുനീരിന്റെ ഈ താഴ്വരയിൽ വിശ്വസ്തമായി കൃഷി നടത്തുന്നവർക്കു കൈവരുവാനിരിക്കുന്ന വിളവിന്റെ അളവറ്റ സമൃദ്ധിയെ വിളംബരംചെയ്യുന്ന ഈദൃശസന്ദേശങ്ങളും, ആ അന്ത്യനിമിഷങ്ങളിൽ കേൾക്കുവാൻ കഴിയുന്ന കാതുകളും, അവയുടെ മാധുര്യത്താൽ സമാശ്വസിക്കാൻ സാധിക്കുന്ന ഹൃദയങ്ങളും അനുഗ്രഹീതങ്ങളത്രേ.

റീത്താ അടുത്തദിവസം തുടങ്ങി അനുഭവിക്കുവാൻ പോകുന്ന സ്വർഗ്ഗീയ സൗഭാഗ്യത്തിന്റെ നിസ്തുലമായ പ്രഭാവിശേഷം അവളുടെ വദനരംഗത്തിൽ അപ്പോഴേ പ്രതിബിംബിച്ചുതുടങ്ങി. അവളുടെ സഹോദരികളായ സന്യാസിനികൾ അതുകണ്ട് നിർവൃതിയടയുന്നതോടൊക്കുടിത്തന്നെ, അവളുടെ ആസന്നമായ വിരഹത്തെപ്പറ്റി വിലപിക്കുകയുമായി. അഗസ്തീനിയൻ സഭയുടെ അഭിമാനവും അലങ്കാരവുമായ ആ യോഗിനി മരണയവനികയിൽ എന്നെയ്ക്കുമായി മറയുവാൻ പോകുന്നതിനെ ആ സഹോദരികൾ എങ്ങ

---

(1) Decree of Canonization — page, 6.

നെ സഹിക്കും? റീത്തായുടെ അത്ഭുതാവഹമായ മഠപ്രവേശം മുതൽക്കുള്ള സകല ചരിതങ്ങളും, അവരം മുഖേന തങ്ങൾക്കു ലഭിച്ചുകൊണ്ടിരുന്ന സാഹായ്യങ്ങളും അനുഗ്രഹങ്ങളുമെല്ലാം ഓർത്തോർത്തു് അവർ കരയുകയാണു്. ഇങ്ങനെ തന്നെറ നേർക്കുള്ള കൃതജ്ഞതയാലും ബഹുമാനാതിരേകത്താലും കണ്ണുനീർവാർത്തുകൊണ്ടിരിക്കുന്ന സ്വസഹോദരികളോടു് റീത്താ അപ്പോൾ പറയുന്നു: "പ്രിയ സഹോദരികളേ, ഞാൻ നിങ്ങളോടു ചെയ്യപോയിരിക്കാവുന്ന സമസ്താപരാധങ്ങളും, വിശേഷിച്ചു് എന്നെ ദീർഘകാലം ബാധിച്ചിരുന്ന ഈ ദീനാവസ്ഥയിൽ ഞാൻ നിങ്ങൾക്കു് വരുത്തിയിട്ടുള്ള ബുദ്ധിമുട്ടുകളും, നിങ്ങൾ എന്നോടു പൊറുക്കണമെന്നു് എന്റെ ഈ വിരഹാവസരത്തിൽ ഞാൻ അപേക്ഷിക്കുന്നു." വിനയപൂർണ്ണമായ ഈ ക്ഷമാപണത്തിനു ശേഷം ആ മഹാസുകൃതിനി മഠത്തിലെ മദർസുപ്പീരിയറിന്റെ അനുഗ്രഹത്തെ അഭ്യർത്ഥിക്കുകയായി. ആ അനുഗ്രഹം നൽകപ്പെട്ട കഴിഞ്ഞ ഉടനെ, അതാ, അവരെല്ലാവരുംകൂടി വിശുദ്ധ റീത്തായോടു് ഒരഭ്യർത്ഥന — അവളുടെ വിലയേറിയ അന്തിമാശിസ്സിനായിക്കൊണ്ടുതന്നെ! ദൈവത്താൽ വിശേഷവിധം അനുഗ്രഹീതയായിരുന്ന ആ മഹാ യോഗിനി തന്റെ സഹോദരികളേയെല്ലാം പ്രത്യേകം പ്രത്യേകം അനുഗ്രഹിക്കുകയും, അനുസരണം, വിനയം, ഭക്തി എന്നീ പുണ്യത്രയത്തെ പുരസ്കരിച്ചു അവർക്കു തന്റെ അന്തിമസന്ദേശം നൽകുകയും ചെയ്തതോടെ, ഹൃദയസ്പൃക്കായ ആ വിരഹവന്ദനരംഗം ഒരുവിധത്തിൽ അവസാനിച്ചുവെന്നു് ചുരുക്കിപ്പറഞ്ഞുകൊള്ളട്ടെ.

1457 മെയി 22-ാംനു-യാണു് റീത്തായുടെ ആത്മാവു്, സമസ്ത ലോകത്തേയും സമസ്ത ജീവിതസ്ഥിതിക്കാരേയും പൂവ്വാധികം സഹായിക്കുവാനായി, ഇഹത്തിൽ നിന്നു സ്വർഗ്ഗത്തിലേയ്ക്കു പുറപ്പെട്ടുവാൻ നിശ്ചയിക്കപ്പെട്ടിരുന്ന മംഗളദിനം. അന്തിമക്രുദ്ധാശകളാകുന്ന യുദ്ധകവചങ്ങൾ ധരിച്ചു് അന്ത്യപോരാട്ടത്തിനായൊരുങ്ങിക്കിടന്നിരുന്ന ആ യോഗിനിയിൽ — പ്രായാധിക്യംകൊണ്ടും, ബഹുമുഖങ്ങളായ പീഡാനുഭവങ്ങൾകൊണ്ടും, ദീനത്തിന്റെ ഉഗ്രതകൊണ്ടും, "ഞരമ്പെലിമ്പെന്നിവ ചേത്തുവെച്ചു ചുളിഞ്ഞ തോൽകൊണ്ടഥ മൂടിയിട്ടാൽ" എന്നപോലെ വികലവും ഗളിതവുമായിരുന്ന അവളുടെ ശരീരത്തിൽ — പെട്ടെന്നൊരു മാറ്റം സംഭവിച്ചു. കാഴ്ചയ്ക്കു് സാമാന്യം ഒരു യുവകന്യകയുടെ ശരീരകാന്തിയും പുഷ്ടിയും അപ്പോൾ അവളിൽ പ്രത്യക്ഷപ്പെട്ടതായിട്ടാണു് ദൃക്സാക്ഷികൾ കണ്ടതു്. ദൈവത്തിന്നും, ദൈവിക കാരുണ്യങ്ങൾക്കും, ലോകത്തിന്റെ സന്മാർഗ്ഗകയ്ക്കുമായി ഹോമിക്കപ്പെട്ടന്ന ഒരു മനുഷ്യശരീരം യഥാർത്ഥത്തിൽ അതിന്റെ കാന്തിയെ നഷ്ടപ്പെടുത്തുന്നില്ലെന്നും, ശരീരത്തിന്റെ കാന്തി ആത്മാവിന്റെ പ്രഭയേയാണു് ആശ്രയിച്ചിരിക്കുന്നതെന്നുമുള്ള പാഠങ്ങൾക്രൂടി ലോകത്തെ പ്രബോധിപ്പിക്കുവാനോ എന്നു തോന്നുമാറുള്ള ഈ പരിണാമത്തെ പ്രകാശിപ്പിച്ചതോടെ, റീത്തായുടെ ആത്മാവു് അർഹിക്കുന്ന സ്വർഗ്ഗീയകിരീടം പ്രാപിക്കുവാനായി ദൈവസന്നിധിയിലേയ്ക്കു് തിരിച്ചു. "എന്റെ പ്രിയപ്പെട്ടവരേ, നിങ്ങൾ പരിശുദ്ധമായ സമാധാനത്തിലും പരസ്പര സാഹോദര്യത്തിലും കർത്താവിനോടൊന്നിച്ചു വർത്തിക്കുവിൻ" എന്നതായിരുന്ന അവളുടെ പുണ്യപൂർണ്ണങ്ങളാ

യ അധരപുടങ്ങളിൽനിന്ന് ലോകത്തിനു ലഭിച്ച അന്തി മസന്ദേശം.

ആ മഹാ തപസ്വിനിയുടെ ജീവിതത്തിലെന്നപോലെ അവളുടെ നിര്യാണത്തിങ്കലും പല അത്ഭുതങ്ങളും സംഭവിച്ചു. അവളുടെ ആത്മാവു് കണ്ണുനീരിന്റെ ഈ താഴ്വരയിൽനിന്നുയർന്ന സമയം ആ കന്യകാമഠത്തിലെ മണിനാദം താനേ മുഴങ്ങുകയുണ്ടായത്രേ. റീത്തായുടെ ഉറ്റ സഖിയായിരുന്ന ഒരു സന്യാസിനിക്ക്, ആ സമയം അവളുടെ ആത്മാവു് മാലാഖമാരുടെ അകമ്പടിയോടുകൂടി വിയന്മണ്ഡലത്തിൽ ഉയരുന്നതായി, ഒരു ദർശനവും ഉണ്ടായതായി പറയപ്പെടുന്നു. അതുവരെ ഉർദ്ധ്വപൂർണ്ണവും വികൃതവുമായി അവളുടെ നെറ്റിയിലുണ്ടായിരുന്ന മുറിവു് ഒരു നക്ഷത്രം കണക്കെ തേജോമയമായിത്തീരുകയും, അതിൽനിന്ന് അതിമാത്രം സുഖകരമായ ഒരു പരിമളം നാലുപാടും പരക്കുകയും ചെയ്തു. പുണ്യവതിയുടെ അത്ഭുതകരമായ നിര്യാണവിശേഷങ്ങൾ അറിഞ്ഞു തിക്കിത്തിരക്കിക്കൂടിയ ജനസഞ്ചയത്തിന് സന്ദർശനസൗകര്യം നൽകാൻവേണ്ടി മൃതശരീരം മഠത്തിലെ ഏകാന്ത മുറിയിൽനിന്നു മാറ്റി പുറത്തുള്ള ഒരു മണ്ഡപത്തിൽ പരസ്യമായി പ്രദർശിപ്പിക്കപ്പെട്ടു. അതിനാൽ വിശുദ്ധയുടെ മൃതശരീരത്തിൽ പ്രത്യക്ഷപ്പെട്ട പരമരമണീയമായ പരിണാമം പലർക്കും കണ്ടറിയുവാൻ സാധിച്ചു. റീത്തായുടെ സംസ്കാരകർമ്മം കഴിയുന്നതിനു മുമ്പായിട്ടുതന്നെ പല അത്ഭുത സംഭവങ്ങളും നടന്നതായി ഐതിഹ്യങ്ങളുണ്ടു്. തളർവാതം പിടിപെട്ട കൈ തളർന്നിരുന്ന ഒരാൾ പുണ്യവതിയുടെ മൃതശരീരത്തിൽ തൊ

ട്ട ഉടനെ അയാളുടെ കൈ പൂർണ്ണസുഖം പ്രാപിച്ചതായി പറയപ്പെട്ടുന്നു. സിദ്ധയുടെ ശവമഞ്ചത്തെ സ്പർശിച്ച മാത്രയിൽത്തന്നെ ഒരു കുരുടനു കാഴ്ച ലഭിച്ചു. പക്ഷേ, ഇതെല്ലാം വിശുദ്ധ റീത്തായുടെ മാദ്ധ്യസ്ഥ്യം മൂലം പിന്നീട് പല രാജ്യങ്ങളിലും സംഭവിച്ചിട്ടുള്ളവയും, ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നവയുമായ അത്ഭുതങ്ങളുടെ ഒരു നാന്ദി മാത്രമായിരുന്നുവെന്നു പറയാം. ദൈവസ്നേഹികളായ ആത്മാക്കളിലും അവർ മുഖേനയും ദൈവം പ്രവർത്തിക്കുന്ന അത്ഭുതങ്ങളുടെ കണക്കു ആരറിയുന്നു? വിശുദ്ധ റീത്തായുടെ ജീവിതത്തെ ഏതു കാലത്തും ഏതു ജീവിതസ്ഥിതിയിലുമുള്ള സകല പേർക്കും—യുവജനങ്ങൾക്കും, ഭാര്യമാർക്കും, മാതാക്കൾക്കും, വിധവകൾക്കും, സന്ന്യാസിനികൾക്കുമെല്ലാം — ഒരുത്തമ മാതൃകയാക്കിത്തീർത്ത ദിവ്യപരിപാലനയുടെ അത്ഭുതാവഹമായ വൈഭവത്തെ ആരുതന്നെ നമസ്കരിക്കുകയില്ല? കുരിശാകുന്ന കിരീടത്തെ നിർമ്മിക്കുന്നതെന്നുള്ള സത്യം റീത്തായുടെ ഈ ചരിത്രം പഠിക്കുന്ന യാതൊരു ചിന്തകനാണ് സമ്മതിക്കാതിരിക്കുക?

"ഉരുക്കിട്ടുന്ന മിഴിനീരിലിട്ട
മുക്കുന്ന മുറവും ഭവനൈകശില്പി
മനുഷ്യഹൃത്താം കനകത്തെയെന്തോ
പണിത്തരത്തിനുപയുക്തമാക്കാൻ"

എന്ന കവിവാക്യത്തിന്റെ പൊരുൾ ശരിയായി മനസ്സിലാക്കണമെങ്കിൽ വിശുദ്ധ റീത്തായേപ്പോലുള്ള പുണ്യാത്മാക്കളുടെ ചരിത്രം നാം പഠിക്കണം.

# അദ്ധ്യായം — പതിനേഴ്

## വിശുദ്ധപദസിദ്ധി

പുണ്യപൂർണ്ണമായ സ്വജീവിതത്താൽ ദൈവനാമത്തെ മഹത്വീകരിക്കുകയും, ലോകത്തിന്ന് നിരവധി മഹനീയമായ മാതൃകകളെ നൽകുകയും, ക്രൂശിതനായ ക്രിസ്തുവിന്നും അവിടുത്തെ ആദർശങ്ങൾക്കുംവേണ്ടി സ്വജീവിതത്തെ ഹോമിക്കുകയും ചെയ്ത റീത്തായുടെ പ്രശസ്തിയെ ഉംബ്രിയായിലെ പവ്വതപംക്തികൾക്കൊന്നും മറച്ചുവയ്ക്കാൻ സാധിച്ചില്ല. സ്വർഗ്ഗത്തിലേയ്ക്ക് ഉയർത്തപ്പെട്ട ആ ആത്മാവിന്റെ ചരിത്രവും അതിന്റെ ചൈതന്യവും, അവൾ ജീവിച്ചിരുന്ന ചെറിയ രാജ്യത്തിന്റെ പരിധികളേയെല്ലാം ഉല്ലംഘിച്ച് മറ്റു രാജ്യങ്ങളിലേയ്ക്കും ക്ഷിപ്രം പ്രചരിക്കുകയായി. സ്പെയിൻ, പോർട്ടുഗൽ, അമേരിക്കൻ ഐക്യസംസ്ഥാനങ്ങൾ, കാനഡാ എന്നിങ്ങനെ പല രാജ്യങ്ങളിലും അവളുടെ നാമം അചിരേണ പ്രകീർത്തിക്കപ്പെട്ടു. റീത്തായുടെ വിശുദ്ധപദസിദ്ധി മുറപ്രകാരം പ്രഖ്യാപനം ചെയ്യപ്പെട്ടതും മറ്റും വളരെ താമസിച്ചാണ്. പക്ഷേ, ആ മഹാ സുകൃതിനിയുടെ മാദ്ധ്യസ്ഥ്യ വൈഭവം, അവളുടെ മരണകാലംമുതൽക്കേ, അനുഭവസിദ്ധിയാൽ പരക്കെ അറിയപ്പെട്ടുകഴിഞ്ഞിരുന്നു. 'അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥ' (La Santa de los impossibilis) എന്ന് ഈ പുണ്യവതിക്കു ഒരു അപരനാമം ആദ്യം നടപ്പായതു സ്പെയിനിലാണ്. ഇപ്പോൾ, സാവ്വ

ത്രികമായ അനുഭവസാരസ്യംകൊണ്ട് ഈ പേരിനു വിശ്വവ്യാപകമായ പ്രതിഷ്ഠ ലഭിക്കുകയും ചെയ്തിരിക്കുന്നു.

എട്ടാം ഉർബ്ബൻ പാപ്പാ (1) യാണ് റീത്തായെ വാഴ്ത്തപ്പെട്ടവളെന്ന് നാമകരണം ചെയ്തത്. 1628 ജൂലായി 16-ാം നു- യായിരുന്നു ആ നാമകരണം. അതോടെ ഈ പുണ്യവതിയുടെ നേർക്ക് പല രാജ്യങ്ങളിലും ശ്രുഡമൂലമായിത്തീർന്നിരുന്ന ഭക്തി മുറയ്ക്ക് അനുഷ്ഠിക്കപ്പെടുവാൻതുടങ്ങി. വിശുദ്ധ റീത്തായുടെ അക്ഷയശരീരം മുഖേനയും, അവളുടെ മാദ്ധ്യസ്ഥ്യംമൂലവും നടന്നിട്ടുള്ള അത്ഭുതങ്ങൾക്കും അനവധിയാണ്. പുണ്യവതിയുടെ നേർക്ക് ജനങ്ങൾക്കുള്ള ഭക്തിവിശ്വാസങ്ങളെ പ്രകാശിപ്പിക്കുന്ന പല ആചാരങ്ങളും നടപ്പായിട്ടുണ്ട്. അവയിൽ ഒന്ന്, വിശുദ്ധയുടെ രൂപം മുദ്രിച്ചിട്ടുള്ള ഒരു വക ചെറിയ അപ്പം പ്രചരിപ്പിക്കുന്ന സമ്പ്രദായമാണ്. കാഷ്യായിലെ കന്യകാമഠത്തിൽ ഈ അപ്പം ഉണ്ടാക്കാനായി, പതിവുപോലെ ഒരു ദിവസം കന്യാസ്ത്രീകൾ ഗോതമ്പുമണികൾ തിരിഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് വിശുദ്ധ റീത്തായുടെ മാദ്ധ്യസ്ഥ്യത്താൽ ഒരു വലിയ അത്ഭുതം ഉണ്ടായത്. എലിശബത്ത് ബർഗാമിനി എന്നു പേരായ ഒരു ചെറിയ പെൺകുട്ടി, തനിക്കു നേരിട്ട ഭയങ്കരമായ മസൂരി രോഗബാധയെ തുടർന്ന് കണ്ണുകളിൽ ഒരു വലിയ വ്യാധി പിടിപെട്ട് കാഴ്ച നിശ്ശേഷം നഷ്ടപ്പെട്ട് അക്കാലം മഠത്തിൽ ചെന്നു താമസിച്ചിരുന്നു. റീത്താ പുണ്യവതിയുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുന്നതിനായിട്ടാ

---

(1) Urban VIII — 1623—44.

ണ്ട് അവർ അവിടെ എത്തിയത്. വിദഗ്ധരായ പല ഡാക്ടർമാരും കൈയൊഴിഞ്ഞു വിട്ട ഒരു കേസായിരുന്നു അത്. മഠത്തിൽ ചെന്നിട്ട് മാസം നാലോളമായെങ്കിലും, അവളുടെ സ്ഥിതി നിരന്തരം നിരാശാജനകമായിത്തന്നെ കാണപ്പെട്ടു. അങ്ങനെയിരിക്കെയാണ് ഒരു ദിവസം കന്യാസ്ത്രീകൾ ഗോതമ്പുമണികൾ തിരിഞ്ഞുകൊണ്ടിരിക്കുന്നേടത്തു് ഈ പെൺകുട്ടിയും ചെന്നു സ്ഥലം പിടിച്ചത്. വിശുദ്ധ റീത്തായുടെ ബഹുമാനാർത്ഥമുള്ള ആ വേലയിൽ സഹകരിക്കണമെന്ന് അവർക്കും അത്യാഗ്രഹമുണ്ടായിരുന്നു. പക്ഷേ, കാഴ്ചയറ്റിരിക്കുന്ന ആ കുട്ടി എങ്ങിനെയാണ് ഗോതമ്പു മണികളിൽ നല്ലതും തീയതും തിരിച്ചറിയുക? കന്യാസ്ത്രീകൾ തിരിഞ്ഞുവയ്ക്കുന്ന നല്ല മണികളിൽ കണ്ണറിയാതെ ചില പൊട്ടമണികൾ പെറുക്കിയിട്ട് അവരുടെ ജോലി കുഴപ്പത്തിലാക്കുവാനേ അവർക്ക് സാധിച്ചുള്ളൂ. ഈ സൊല്ല ഒഴിക്കാൻവേണ്ടി ഒരു കന്യാസ്ത്രീ ഒരു പാത്രത്തിൽ കുറെ ഗോതമ്പു ഇട്ടുകൊടുത്തിട്ട്, അവിടെ മാറി ഇരുന്ന് ഇഷ്ടംപോലെ കളിച്ചുകൊള്ളുവാൻ ആ കുട്ടിയോടു പറഞ്ഞു. പക്ഷേ, ആ കളി അവളുടെ കണ്ണുകൾക്ക് തൽക്ഷണംതന്നെ പൂർണ്ണമായ കാഴ്ചയുണ്ടാക്കിക്കൊടുത്ത ഒരു വലിയ കാര്യമായിട്ടാണ് കലാശിച്ചത്! വിശുദ്ധ റീത്തായുടെ മാദ്ധ്യസ്ഥ്യത്താൽ നടന്നിട്ടുള്ള അത്ഭുതങ്ങൾ ഇങ്ങനെ പറഞ്ഞു തുടങ്ങിയാൽ വളരെയുണ്ട്. പുണ്യവതിയുടെ ബഹുമാനാർത്ഥം അപ്പം പ്രചരിപ്പിക്കപ്പെടുന്ന സമ്പ്രദായത്തെപ്പറ്റി പറഞ്ഞപ്പോൾ അതിനോടു സംബന്ധമുള്ള ഒരു സംഭവത്തെ ഇവിടെ പ്രസ

കൃത്യാനപ്രസകൃത്യാ തെല്ലൊന്ന് അനുസ്മരിപ്പിച്ചുവെന്നേ യുള്ളൂ. വിശുദ്ധ റീത്തായുടെ തിരുനാളിൽ റോസപ്പൂ ക്കൾ ആശീർവ്വദിച്ചു വിതരണം ചെയ്യുന്ന ആചാരത്തെ പ്പററി മുമ്പൊരദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ.

നമ്മുടെ കഥാനായികയെ വിശുദ്ധയെന്ന് തിരുസ്സഭ മുറപ്രകാരം പ്രഖ്യാപനം ചെയ്തത് 1900-ാമാണ്ട് മെയി 24-ാം തിയ്യതിയായിരുന്നു. ഒരു ജൂബിലി വത്സരമായി രുന്ന ആയാണ്ടിൽ, പതിമൂന്നാം ലെയൊ മാർപ്പാപ്പാ തിരുമനസ്സുകൊണ്ട്, ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് ലോകൈകമഹാരാജധാനിയായ റോമയിൽ എ ത്തിച്ചേർന്നിരുന്ന ഒരു വമ്പിച്ച തീർത്ഥകസംഘത്തിന്റെ സാന്നിദ്ധ്യത്തിൽവെച്ച് ചിരകാലപ്രാർത്ഥിതമായ ഈ മ ഹാമഹം സാഘോഷം നിർവ്വഹിച്ചു. ക്രിസ്തീയ പുണ്യ പൂർണ്ണതയുടെ സർവ്വോൽകൃഷ്ടമായ ഒരു മാതൃകയെ വിവി ധ ജീവിതസ്ഥിതികളിലുള്ള സകല മനുഷ്യർക്കും ഒന്നു പോലെ പ്രദാനംചെയ്തിരിക്കുന്ന ഈ സിദ്ധയുടെ മാതൃക യും, സാഹായ്യവുംകൊണ്ട് നമ്മുടെ കുടുംബങ്ങളും സ്ഥാ പനങ്ങളും രാജ്യവും അനുഗൃഹീതങ്ങളാകട്ടെ എന്ന പ്രാർത്ഥനയോടുകൂടി വിശുദ്ധ റീത്തായുടെ ഈ ചരിത്രഗ്ര ന്ഥത്തെ ദൈവസ്തുതിക്കും, കേരളീയരുടെ ഉപകാരത്തി നുമായി സമർപ്പിച്ചുകൊള്ളുന്നു.

ശുഭം.

# നവനാൾ ജപങ്ങൾ

(വിശുദ്ധ റീത്തായുടെ മദ്ധ്യസ്ഥ്യം പ്രാർത്ഥിക്കണമെന്ന് ആഗ്ര ഹിക്കുന്നവർക്ക് താഴെ ചേർക്കുന്ന ജപങ്ങൾ ഉപയോഗിക്കാവുന്നതാണ്. ത്രിദിന ജപത്തിനോ, നവനാൾ ജപത്തിനോ എല്ലാം ഈ പ്രാർത്ഥന കൾ തന്നെ ഓരോ ദിവസവും ആവർത്തിച്ചുപയോഗിക്കാം.)

## ജപം

ആവശ്യങ്ങളിൽ ഇരിക്കുന്നവരുടെ മദ്ധ്യസ്ഥയായ വിശുദ്ധ റീത്തായെ, ദൈവസന്നിധിയിൽ നിന്റെ അ പേക്ഷകൾ എത്രയോ ശക്തിയുള്ളവയായിരിക്കുന്നു. ദൈ വത്തിൽനിന്ന് അനുഗ്രഹങ്ങൾ വാങ്ങിത്തരുന്നതിൽ നിന ക്കുള്ള അതിരറ്റ ഔദാര്യത്തെ ഞങ്ങൾ അറിയുന്നു. വി ശുദ്ധ റീത്തായെ, നീ അസാദ്ധ്യങ്ങളും നിരാശാജനകങ്ങ ളുമായ കാര്യങ്ങൾ ക്രൂടെയും സാധിച്ചുതരുന്ന മദ്ധ്യസ്ഥയാ കുന്നുവല്ലോ. വിനയത്തിന്റേയും, വിശുദ്ധിയുടേയും, ത്യാ ഗത്തിന്റേയും, സഹനത്തിന്റേയും വിളനിലമായ റീത്താ യേ, ക്രൂശിതനായ ക്രിസ്തുനാഥന്റെനേർക്ക് നിനക്കുള്ള അപാരമായ സ്നേഹംനിമിത്തം, നീ അവിടുത്തോട് അ പേക്ഷിക്കുന്ന സകല കാര്യങ്ങളും അവിടുന്ന് അനുവദിച്ചു തരുമെന്ന് ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. ദൈവ സന്നിധിയിൽ നിനക്കുള്ള ഈ ശക്തിയെ അറിഞ്ഞുകൊ ണ്ട് എല്ലാവരും പ്രത്യാശയോടുക്രൂടെ നിന്റെ മദ്ധ്യസ്ഥ തയെ തേടുകയും, അവരുടെ ദുഃഖങ്ങളിൽ ആശ്വാസം ല ഭിക്കുവാനായി നിന്നെ അഭയം പ്രാപിക്കുകയും ചെയ്യുന്നു. നിന്റെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കുന്നവർക്ക്, ദൈവസന്നി

ധിയിൽ നിനക്കുള്ള ശക്തിയെ നീ വെളിപ്പെടുത്തിക്കൊ
ടുക്കേണമെ. അത്ഭുതകരങ്ങളായ അനേകം കാര്യങ്ങൾ
ദൈവത്തിൽനിന്ന് സാധിച്ചു കൊടുത്തിരിക്കുന്ന വിശ്വാ
സീത്തായേ, ദൈവത്തിന്റെ മഹത്വത്തിനും, നിന്റെ
നേർക്കുള്ള ഭക്തിയുടെ പ്രചാരത്തിനും, നിന്നിൽ ആശ്ര
യിക്കുന്നവരുടെ ആശ്വാസത്തിനും വേണ്ടി നീ ഞങ്ങള
ടെ അപേക്ഷയെ ശ്രവിക്കേണമെ. ഞങ്ങളുടെ അപേ
ക്ഷ സാധിച്ചു തരുന്നതിനായി ഞങ്ങൾ നിന്റെ സഹാ
യത്തെ പ്രസിദ്ധമാക്കി നിന്റെ നാമത്തെ എന്നെന്നും
കീർത്തിക്കുന്നതാണെന്ന് വാഗ്ദാനം ചെയ്യുന്നു. ഈശോ
യുടെ തിരുഹൃദയത്തിന്റെ മുമ്പിൽ നിനക്കുള്ള യോഗ്യത
കളേയും ശക്തിയേയും ആശ്രയിച്ചുകൊണ്ട് ഞങ്ങൾ നി
ന്നോട് ചെയ്യുന്ന ഈ അപേക്ഷയെ നീ സ്വീകരിക്കേ
ണമെ.

(ഇവിടെ നിങ്ങൾ ഉദ്ദേശിക്കുന്ന കാര്യം ചേർക്കുക.)

നിന്റെ ശൈശവത്തിന്റെ അന്യാദൃശമായ
യോഗ്യതകളേക്കുറിച്ച്,

ദൈവ തിരുവുള്ളത്തോട് നീ കാണിച്ചിരുന്ന
പരിപൂർണ്ണമായ അനുസരണത്തേക്കുറിച്ച്,

നിന്റെ വിവാഹ ജീവിതത്തിൽ നീ സഹിച്ച
വീരോചിതങ്ങളായ കഷ്ടങ്ങളേക്കുറിച്ച്,

നിന്റെ ഭർത്താവിന്റെ മാനസാന്തരത്താൽ
നീ അനുഭവിച്ച ആശ്വാസത്തേക്കുറിച്ച്,

നിന്റെ മക്കൾ ദൈവത്തെ ഉപദ്രവിക്കുന്ന
തിനേക്കാൾ, മരണം പ്രാപിച്ചു കാണ്മാൻ ആഗ്ര
ഹിച്ച നിന്റെ ത്യാഗത്തേക്കുറിച്ച്,

ഞങ്ങളുടെ അപേക്ഷ സാധിച്ചു തരുന്നതിനായി

നിന്റെ അത്ഭുതകരമായ മാംപ്രവേശനത്തെക്കുറിച്ച്,

നിന്റെ ഉഗ്രമായ തപസ്സിനേയും, ദിവസംപ്രതി മൂന്നുപ്രാവശ്യം വീതം നീ സഹിച്ചിരുന്ന പീഡാനുഭവത്തേയുംകുറിച്ച്,

ക്രൂശിതനായ രക്ഷകന്റെ മുഖംക്കിരീടത്തിലെ മുള്ളിനാലുണ്ടായ മുറിവു നിമിത്തം നീ അനുഭവിച്ച പീഡയേക്കുറിച്ച്,

നിന്റെ ഹൃദയത്തെ ഉജ്ജ്വലിപ്പിച്ചിരുന്ന ദൈവസ്നേഹത്തേക്കുറിച്ച്,

പരിശുദ്ധ കുർബ്ബാനയുടെ നേർക്ക്, ജീവിതകാലം മുഴുവനിലും നിനക്കുണ്ടായിരുന്ന അപാരമായ ഭക്തിയേക്കുറിച്ച്,

ദിവ്യവരനോട് ചേരുവാനായി ലോകത്തിന്റെ ബന്ധങ്ങളിൽനിന്നു വിമുക്തയായ നിന്റെ സൌഭാഗ്യത്തേക്കുറിച്ച്,

എല്ലാ ജീവിത സ്ഥിതികളിലുള്ളവർക്കും നീ നൽകുന്ന പരിപൂർണ്ണ ദൃഷ്ടാന്തങ്ങളേക്കുറിച്ച്,

ഓരംശോമിശിഹായുടെ വാശ്രാനങ്ങൾക്ക്
ഞങ്ങൾ യോഗ്യരാകുവാൻവേണ്ടി, വിശുദ്ധ
റീത്തായെ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുക.

## പ്രാർത്ഥിക്കുക

ഓ, ദൈവമേ! നീ നിന്റെ ദാസിയായ വിശുദ്ധ റീത്തായുടെ മാദ്ധ്യസ്ഥ്യ പ്രാർത്ഥനയെ, നിന്റെ അപാരമായ കരുണയാൽ അനുവദിച്ചു പോരുന്നുവല്ലോ. നിന്റെ പേരിൽ വിശുദ്ധ റീത്തായ്ക്കുണ്ടായിരുന്ന ആർദ്ര

CC-0. Mumukshu Bhavan Varanasi Collection. Digitized by eGangotri

മായ സ്നേഹത്തിന്റേയും, നിന്റെ വാഗ്ദാനത്തിൽ അവലംബിച്ചുണ്ടായിരുന്ന ദൃഢവിശ്വാസത്തിന്റേയും പ്രതിഫലമായി, നീ അവളുടെ മദ്ധ്യസ്ഥാപേക്ഷയാൽ, മനുഷ്യർക്കു അവരുടെ മുൻകരുതൽകൊണ്ടോ സാമർത്ഥ്യംകൊണ്ടോ സാധിക്കുവാൻ വഹിയാത്ത കാര്യങ്ങളെ അനുവദിച്ചുകൊണ്ടിരിക്കുന്നു. ആകയാൽ ഞങ്ങൾക്കു നേരിട്ടിരിക്കുന്ന ആവശ്യത്തിലും ആപത്തിലും ഞങ്ങളെ രക്ഷിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുമാറാകണമെന്നു്, വിശ്വാസ്യ റീത്തായുടെ മദ്ധ്യസ്ഥതയിൽ, ഞങ്ങൾ ചെയ്യുന്ന അപേക്ഷയെ, സർവ്വശക്തനായ ദൈവമേ! നീ നിന്റെ കരുണയാൽ ഞങ്ങൾക്കനുവദിച്ചു തരികയും, അങ്ങനെ നീ പാവപ്പെട്ടവരുടേയും വിനീതരുടേയും രക്ഷയും, നിസ്സഹായരുടെ ആലംബവും, നിന്നിൽ ആശ്രയിക്കുന്നവരുടെ ശക്തിയും ആകുന്നുവെന്നു് അവിശ്വാസികൾ അറിയുവാൻ ഇടവരുത്തുകയും ചെയ്യേണമേ. ഞങ്ങളുടെ കർത്താവായ ക്രിസ്തുമിശിഹാമൂലം—ആമ്മേൻ.

The Catholic Literature Store,
Ernakulam.

**Nihil obstat:**

Fr. Joseph Vaipicherry,
*Censor.*

**Re-Imprimi Potest:**

Fr. Alex. Lenthaparambil,
*Vic. General.*

Ernakulam,
26—12—1940.

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| 15 DEC 2001 | | |

DC Library
*000001649*
LP R61